# അദ്ധ്യായം 2

# യഹൂദന്മാരുടെ കാര്യം എങ്ങനെ?

ജാതികളെ പോലെതന്നെ യഹൂദന്മാരും നഷ്ടപ്പെട്ടവരാണെന്നു കാണിക്കേണ്ടതിന് ഈ അദ്ധ്യായത്തിൽ പൗലൊസ് തന്റെ ശ്രദ്ധ യഹൂദന്മാരിലേക്കുതിരിക്കുന്നു. ഒന്നാം അദ്ധ്യായത്തിൽ പൗലൊസ് തന്റെ ശ്രദ്ധയെ യഹൂദന്മാരിലേക്കും തിരിക്കുന്നു. ഒന്നാം അദ്ധ്യായത്തിൽ - ഭക്തികെട്ടവരുടെ മേൽ വെളിപ്പെടാൻ പോകുന്ന ദൈവകോപത്തെക്കുറിച്ച് പറഞ്ഞു (1:18), എന്നാൽ രണ്ടാം അദ്ധ്യായത്തിൽ ശക്തിപ്പെടുത്തി പറയുന്ന വിഷയം (2:5) വരുവാനുള്ള കോപത്തെക്കുറിച്ചാണ്. ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ ന്യായം വിധിക്കുന്ന നാളിനെ തന്നെ (2:16).

പൗലൊസ് ജാതികളുടെ ലോകത്തിന്റെ പാപംനിറഞ്ഞ അവസ്ഥയെക്കുറിച്ച് പ്രിതിപാദിച്ചപ്പോൾ യഹൂദന്മാർ സന്തോഷത്തോടുകൂടി അതു സമ്മതിച്ച് ''സഹോദരാ അങ്ങനെ പ്രസംഗിക്കുക'' എന്ന് വിളിച്ചുപറഞ്ഞു കാണും എന്ന് സങ്കൽപിക്കാൻ ഒരു പ്രയാസവുമില്ല. വളരെ വേഗം പൗലൊസ് അവരുടെ നേരേ ആഞ്ഞടിച്ചപ്പോൾ അവർ ഞെട്ടിപ്പോയിക്കാണും. ''വിധിക്കുന്ന ഏതു മനുഷ്യനുമായുള്ളോവേ! നിനക്കു പ്രതിവാദം പറവാൻ ഏതുമില്ല. അന്യനെ വിധിക്കുന്നതിൽ നീ നിന്നെത്തന്നെ കുറ്റം വിധിക്കുന്നു'' (2:1).

പൗലൊസ് 2:1-16 വരെയുള്ള ഭാഗത്ത് യഹൂദനെ സംബോധന ചെയ്തുകൊണ്ടാണോ സംസാരിക്കുന്നത് എന്നതിനെക്കുറിച്ച് സംശയമുണ്ട്. യഹൂദനോടുള്ള പ്രത്യേകമായ വിമർശനങ്ങൾ 17-ാം വാക്യത്തിന് മുൻപ് തുടങ്ങുന്നില്ല. 1 മുതൽ 16 വരെയുള്ള വാക്യങ്ങൾ തങ്ങളുടെ ധാർമ്മിക നീതി രക്ഷയ്ക്കു മതിയായത് എന്നു വിശ്വസിച്ചിരിയ്ക്കുന്ന ആർക്കുവേണ്ടിയും ആകാം. എങ്ങനെയായാലും പൗലൊസിന്റെ പ്രഥമ ഉദ്ദേശം രണ്ടാം അദ്ധ്യായത്തിന്റെ ആദ്യത്തെ ഭാഗം ഒന്നാമദ്ധ്യായത്തിന്റെ ഒടുവിലത്തെ ഭാഗത്തേതുതന്നെയാകാം. യഹൂദന്മാർ ആ നിഗമനത്തിന് അഞ്ചു കാരണങ്ങളുണ്ട്:

1. ഈ ലേഖനത്തിന്റെ ആദ്യഭാഗത്തിന്റെ ഉദ്ദേശം യഹൂദന്മാരും യവനന്മാരും ഒരുപോലെ പാപത്തിനു കീഴാകുന്നു (3:9). എന്നു തെളിയിക്കുകയാണ്. ജാതികൾ പാപികളാണെന്നു തെളിയിച്ചശേഷം യഹൂദന്മാരുടെ നേരെ തിരിയുന്നത് സ്വാഭാവികം. അവരും പാപികളാണ് എന്ന് തെളിയിക്കേണ്ടതിന്.

2. പൗലോസ് ''അവർ, അവരുടെ'' എന്ന പ്രഥമപുരുഷ സർവ്വനാമം ഒന്നാം അദ്ധ്യായത്തിന്റെ അവസാന ഭാഗത്ത് ഉപയോഗിച്ചിരിക്കുന്നു. രണ്ടാം അദ്ധ്യായത്തിന്റെ ഒന്നാം വാക്യത്തിൽ മദ്ധ്യപുരുഷ സർവ്വനാമത്തിലേക്ക് മാറുന്നു. (നിനക്ക്, നീ) ''നിനക്കു പ്രിതിവാദം പറവാൻ ഏതുമില്ല'' 17-ാം വാക്യം അതേ സമീപനം തുടരുന്നു. 17-ാം വാക്യത്തിലെ നീ എന്നത് ഒന്നാം വാക്യത്തിലെ ''നീ'' തന്നെയാണെന്നു കരുതാം.

3. റോമർ 2:1-16 വരെ 'ജാതികൾ' എന്നു പറയുന്നുണ്ടെങ്കിലും എന്നാൽ അവരെ സംബോധന ചെയ്യുന്നില്ല. അവരെ *യവനന്മാർ* എന്ന് പറഞ്ഞിരിക്കുന്നു (2:9, 10), ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ എന്ന് 2:12-ൽ അവരെ

ക്കുറിച്ച് വിവരിച്ചിരിക്കുന്നു. ജാതികൾ എന്ന് 2:14, 15-ൽ പറയുന്നു. എന്നാൽ "നിങ്ങൾ" എന്ന മദ്ധ്യമപുരുഷസർവനാമം ഉപയോഗിച്ചിട്ടില്ല.

4. 2:1-ൽ സംബോധനചെയ്യുന്നവരെ അവർ ശിക്ഷവിധിയ്ക്കുന്നവർ വിധിക്കുന്ന കുറ്റം അവർ തന്നെ ചെയ്തുവെന്ന് അവരെ കുറ്റപ്പെടുത്തുന്നു. 2:21-23 വരെ പൗലൊസ് ആ വിധത്തിലുള്ള അവിശ്വസ്തതയ്ക്ക് പ്രത്യേകമായ ഉദാഹരണം കൊടുത്ത് യഹൂദന്മാരുടെ ഭാഗം മനസ്സിലാക്കുന്നു. വീണ്ടും 2:1-16 ലും 2:17-29 ലും ആരോടു സംസാരിയ്ക്കുന്നുവോ അവർ തമ്മിൽ ഒരു പരസ്പര ബന്ധം ഉള്ളതായി പ്രത്യക്ഷമാണ്.

5. 2:1-16 ഉള്ള പാപങ്ങൾ യഹൂദന്മാർക്കുമാത്രം ഉള്ളതല്ല എന്നാൽ അവ യഹൂദന്മാർക്കും ചേരുന്നതാണ്. യഹൂദന്മാർക്കു മറ്റുള്ളവരെ വിധിയ്ക്കുന്നതിനുള്ള ഒരു ചായ്‌വുണ്ട്. (2:1, 3; മത്താ. 7:1, 2) തങ്ങൾ തന്നെ ചെയ്യുന്ന പാപങ്ങൾ ചെയ്തവർക്ക് അവർ ശിക്ഷവിധിച്ചു. അവർ അബ്രഹാമിന്റെ അനന്തരാവകാശികൾ ആയതിനാൽ ദൈവത്തിന്റെ ശിക്ഷ ന്യായവിധിയിൽ നിന്നും രക്ഷപെടാം എന്ന് അവർ ചിന്തിച്ചു. അനുതാപമില്ലാത്ത കഠിന ഹൃദയരാണെന്ന് അവരെ കുറ്റപ്പെടുത്തിയിട്ടുണ്ട് (2:3; മത്താ. 3:9) (2:5; മർ. 3:5).

പൗലൊസിന്റെ മനസ്സിൽ രണ്ടാം അദ്ധ്യായത്തിന്റെ ആദ്യം മുതൽ യഹൂദന്മാർ ആയിരുന്നു എങ്കിൽ 17-ാം വാക്യം വരെ എന്തുകൊണ്ടാണ് അവരെ പ്രത്യേകം തിരിച്ച് പറയാതിരുന്നത്? ഒരുപക്ഷെ അപ്പൊസ്തോലൻ ദാവീദ് രാജാവിന്റെ അടുക്കൽ നാഥാൻ പ്രവാചകൻ ഉപയോഗിച്ച സമീപനം തന്നെ ഉപയോഗിക്കുകയായിരുന്നിരിക്കണം. നാഥാൻ *ആദ്യം* ദാവീദുരാജാവിൽ നീതി ബോധം ഉണർത്തിയശേഷം പറഞ്ഞു. "നീയാണ് ആ മനുഷ്യൻ" എന്ന് (2 ശമു. 12:1-7).

താഴെ പറയുന്ന വിശദീകരണങ്ങൾ പൗലൊസ് പ്രാഥമികമായി ഈ അദ്ധ്യായം മുഴുവനും യഹൂദന്മാരെ മനസ്സിൽ വച്ചുകൊണ്ട് എഴുതിയതാണെന്ന് വിചാരിക്കാം.

## യഹൂദന്മാർ അനാഛാദനം ചെയ്യപ്പെട്ടിരിക്കുന്നു
## (2:1-11)

**1അതുകൊണ് വിധിക്കുന്ന ഏതു മനുഷ്യനുമായുള്ളോവേ നിനക്കു പ്ര
തിവാദം പറവാൻ ഇല്ല. അന്യനെ വിധിക്കുന്ന നീ നിന്നെത്തന്നെ കുറ്റം വിധി
ക്കുന്നു. 2വിധിക്കുന്ന നീ അതു തന്നെ പ്രവർത്തിക്കുന്നുവല്ലോ. 3എന്നാൽ
ആ വക പ്രവർത്തിക്കുന്നവരെ വിധിക്കയും അതു തന്നെ പ്രവർത്തിക്കു
കയും ചെയ്യുന്ന മനുഷ്യാ നീ ദൈവത്തിന്റെ വിധിയിൽനിന്ന് തെറ്റി ഒഴിയും
എന്ന് നിന്നെക്കു തോന്നുന്നുവോ? 4അല്ല, ദൈവത്തിന്റെ ദയ നിന്നെ മാന
സാന്തരത്തിലേക്കു നടത്തുന്നു എന്ന് അറിയാതെ, നീ അവന്റെ ദയ, ക്ഷമ,
ദീർഘശാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ 5എന്നാൽ ന
ിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ
നീതിയുള്ള വിധി വെളിപ്പെടുന്ന കോപ ദിവസത്തേക്ക് നിനക്കുതന്നെ കോപ
ം ചരതിച്ചു വെക്കുന്നു: 6അവൻ ഓരോരുത്തന് അവനവന്റെ പ്രവർത്തി
ക്കുതക്ക പകരം ചെയ്യും. 7നല്ല പ്രവർത്തിക്കു വേണുന്ന സ്ഥിരതപൂണ്
തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക് നിത്യജീവനും,
8ശാഠ്യം പൂണ് സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്ക്**

**കോപവും ക്രോധവും കൊടുക്കും. [9]തിന്മ പ്രവർത്തിക്കുന്ന ഏതു മനുഷ്യാ ത്മാവിനും കഷ്ടവും സങ്കടവും ആദ്യം യഹൂദനും പിന്നെ യവനനും വരും. [10]നന്മ പ്രവർത്തിക്കുന്ന ഏവനും മഹത്വവും മാനവും സമാധാനവും ആദ്യം യഹൂദനും പിന്നെ യവനനും ലഭിക്കും. [11]ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ലല്ലോ.**

**വാക്യം 1.** രണ്ടാം അദ്ധ്യായം ഒന്നാം വാക്യത്തിൽ തുടങ്ങുന്ന "**അതു കൊണ്ട്**" എന്ന പദം ഒന്നും രണ്ടും അദ്ധ്യായങ്ങൾ തമ്മിൽ ചേർത്തു ബന്ധി ച്ചിരിക്കയാണെന്ന് കാണിക്കുന്നു. ഒന്നാം അദ്ധ്യായത്തിന്റെ അവസാനം ജാതികളുടെ പാപത്തിന്റെ പരമകാഷ്ഠയെ കാണിക്കുന്നു. അവർ പാപം ചെയ്യുന്നവർക്ക് ഹൃദയപൂർവ്വം പ്രോത്സാഹനം കൊടുത്തു (1:32). യഹൂദരിൽ മിക്കവരെയും സംബന്ധിച്ച് ഇത് സത്യമായിരിക്കയില്ല. ദുർമാർഗ്ഗത്തെ പരസ്യ മായി കൈകൊട്ടി പുകഴ്ത്തുന്നതിനു പകരം അവർ അതിനെ അധിക്ഷേപ ിക്കുന്നവരായിരുന്നു. അതുകൊണ്ട് അവർ കുറ്റമില്ലാത്തവരെന്നുവരുന്നില്ല. ജാതികൾക്ക് ഒഴികഴിവില്ല എന്ന് പൗലൊസ് പറഞ്ഞു (1:20) ഇപ്പോൾ യഹൂ ദന്മാരോടും അതു തന്നെ പറയുന്നു. "**നിനക്ക് പ്രതിവാദം പറവാൻ ഇല്ല**". രണ്ടു കൂട്ടർക്കും ദൈവത്തിൽനിന്നും വെളിപ്പാടുണ്ടായി (1:18–20; 2:15, 17, 20). രണ്ടു കൂട്ടരും ദൈവത്തോട് അനുസരണക്കേടു കാണിച്ചു. (1:21–31; 2:8, 23). രണ്ട് കൂട്ടരും ശിക്ഷാർഹരാണന്ന് അവർ അറിഞ്ഞിരുന്നു (1:32; 2:2). തന്മൂലം രണ്ടുകൂട്ടർക്കും പ്രതിവാദമില്ല (1:20; 2:1).

പൗലൊസ് ഒരു പുരാതന സാഹിത്യരൂപമാണിവിടെ ഉപയോഗിക്കുന്ന ത്. "റശമഋ്യേശയല" എന്ന പേരിൽ ഉള്ളതാണ്. അതിൽ ഒരു പ്രസംഗകനോ എഴുത്തുകാരനോ ജനങ്ങളെ താനും ഒരു സാങ്കൽപിക എതിരാളിയുമായുള്ള ചർച്ച ശ്രദ്ധിക്കുവാൻ ഇടയാകുന്നു. **നിങ്ങളിൽ ഒരോരുത്തരും** എന്നത് ഈ മനുഷ്യൻ (KJV) മൂന്നാം വാക്യത്തിൽ പൗലൊസിന്റെ സാങ്കൽപിക എതിരാളി.

യഹൂദന്റെ ഒരു കുറ്റം എന്തെന്നാൽ അവർ മറ്റുള്ളവരുടെ നേരെ കഠിന മായ ശിക്ഷാവിധി ചുമത്തും എന്നതായിരുന്നു (മത്താ. 7:1–5). മറ്റുള്ളവരെ **ശിക്ഷ വിധിയ്ക്കുന്നവൻ** എല്ലാം സ്വയം ശിക്ഷ വിധിക്കുകയാണ്. ശിക്ഷ വി ധിയ്ക്കുക എന്നത് വിവിധ രൂപത്തിൽ (κρίνω, *krinō*) ഒന്നാം വാക്യത്തിൽ നാലുപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഒന്നാംവാക്യം അടിസ്ഥാനപരമായി വാക്കിനർത്ഥം തീരുമാനം ചെയ്യുക അല്ലെങ്കിൽ വിധിക്കുക. *Krinō* മോശ മായ അർത്ഥത്തിലല്ല എപ്പോഴും ഉപയോഗിക്കുന്നത്. (യോഹ. 7:24) നാം ജീവിതയാത്രയിൽ മുൻപോട്ടുപോകുമ്പോൾ തീരുമാനങ്ങൾ എടുക്കേണ്ടി വരും. വിധിയ്ക്കുകയും ചെയ്യേണ്ടിവരും (റോമർ. 14:5–ൽ ൃലഴമൃറ എന്നത് സൃശിീ) എന്നാൽ ചില വിധികൾ തെറ്റാണ് ഈ അവസരത്തിൽ പൗലൊസ് പരസ്പരവൈരുദ്ധ്യമായ വിധികളെയാണ് തെറ്റെന്നു പറഞ്ഞിരിക്കുന്നത്. താൻ പറഞ്ഞു, **നീ മറ്റുള്ളവനെ വിധിയ്ക്കുന്നത് നീ നിന്നെത്തന്നെ ശിക്ഷ വിധി ക്കുകയാണ്.** ശിക്ഷാവിധി എന്നത് κατακρίνω (*katakrinō*) എന്നതിൽനിന്നാണ് സൃശിീഎന്നതിനെക്കാൾ ശക്തമായ ഒരു രൂപം[1]

**വിധിക്കുന്ന നീ അതുതന്നെ ചെയ്യുന്നുവല്ലോ** എന്ന് പൗലൊസ് പറഞ്ഞപ്പോൾ ഒന്നാം അദ്ധ്യായത്തിൽ പറയപ്പെട്ട ഓരോ പാപങ്ങളും യഹൂദന്മാർ ചെയ്യുന്നു എന്ന് അർത്ഥമാക്കിയിരിക്കില്ല. എന്നാലും അതുപോലെയുള്ള പലപാപങ്ങളും ചെയ്ത കുറ്റം അവർക്കും ഉണ്ട്. ഫ്ളൂട്ട് വായിക്കുന്നവൻ വേറൊരുത്തൻ വായിക്കുന്ന എല്ലാ

രീതികളും വായിച്ചിരിക്കില്ല. പക്ഷെ എല്ലാ സ്വരങ്ങളും വായിച്ചിട്ടുണ്ട്. ജാതികളെ വിഗ്രഹാരാധന എന്ന കുറ്റം ചുമത്തി വിഗ്രഹാരാധന (1:21–23, 25), ദുർമ്മാർഗ്ഗം (1:24, 26, 27), അകൃത്യം (1:28–32). പിന്നീട് രണ്ടാം അദ്ധ്യത്തിൽ ഈ മൂന്നുതരം പാപങ്ങളും യഹൂദന്മാർക്ക് പാപബോധം വരുത്താനും ഉപയോഗിച്ചു (2:21, 22).

**വാക്യം 2**. ജാതികൾ പാപപ്രവർത്തികൾ ചെയ്യുന്നവർ മരണയോഗ്യരാണെന്നറിഞ്ഞിരുന്നു എന്നാണ് നേരത്തെ പൗലൊസ് പറഞ്ഞത് (1:32). ഇവിടെ പറയുന്നത് **യഹൂദന്മാർ പാപപ്രവർത്തികൾ ചെയ്തുകൂട്ടുന്നവരുടെമേൽ ദൈവത്തിന്റെ ന്യായവിധി വരുന്നു എന്ന് നാം (യഹൂദർ) അറിയുന്നുവല്ലോ**. വായനക്കാർ തന്നോട് യോജിച്ചെന്നതുപോലെയാണ് നാം അറിയുന്നുവല്ലോ എന്നുപയോഗിക്കുന്നത്. പൗലൊസ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന "നാം അറിയുന്നു" എന്ന പദം; നാം എല്ലാവരുമെന്നല്ല, തന്റെ വായനക്കാരായ ആളുകൾ സമ്മതിക്കുന്ന ഒരു വാദമാണിത്. ഗ്രീക്ക് ടെക്സ്റ്റിൽ കാറ്റാ അജിൽ ക്വിരിയോൻ (κατά ἀλήθειαν, *kata alētheian*) എന്നാൽ "സത്യത്തിൽ" (ഗഖഢ കാണുക) എന്നതാണ് ശരിയായ വീഴ്ച്ച എന്നതിനു പകരമായി ഉപയോഗിച്ചിരിക്കുന്നത്. ''ദൈവത്തിന്റെ ന്യായവിധി സത്യാനുസരണമായിരിക്കുന്നു'' ദൈവവിധി നീതിയുള്ളത് എന്നർത്ഥം. യഹൂദർ ജാതിവ്യവസ്ഥയിലാണ് വിധിയ്ക്കുന്നത് ദൈവം സത്യമനുസരിച്ചാണ് വിധിക്കുന്നത്. അവൻ ന്യായമായി വിധിക്കും. മുഖപക്ഷമില്ലാതെ വിധിക്കും. ഒരു നീതിയുള്ളവിധി പ്രതീക്ഷിയ്ക്കാം എന്ന് ഉ. ടൗേമൃേ ആൃശരേീല ഓർപ്പിക്കുന്നുമുണ്ട്:

> ദൈവത്തിന്റെ ന്യായവിധി സത്യമാണ്. ദൈവം സത്യമായതുകൊണ്ട് അത് ഒട്ടും മുഖപക്ഷമില്ലാത്തതായിരിക്കും. തെളിവുകളും യഥാർത്ഥമായിരിക്കും. തെറ്റായ ന്യായവിധി ഉണ്ടാകുമെന്ന ഭയമേ ആവശ്യമില്ല.
> ... മനുഷ്യകോടതികളിലെപ്പോലെ ദൈവത്തിന്റെ കോടതിയിൽ ഒരു തെറ്റായ ധാരണയും ഉണ്ടാകയില്ല. നീതിയ്ക്ക് ഒരു കോട്ടവും വരികയില്ല. എല്ലാം സത്യമനുസരിച്ച് മാത്രമായിരിക്കും.[2]

**വാക്യം 3**. ആ വക പ്രവർത്തിക്കുന്നവരെ വിധിക്കയും അതുതന്നെ പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യാ നീ ദൈവത്തിന്റെ വിധിയിൽ നിന്നും തെറ്റിഒഴിയാമെന്നു നിനെക്കുന്നുവോ? മനുഷ്യാ എന്നത് പൊതുവേ ഒരു മനുഷ്യജീവി എന്നർത്ഥം.[3] ഒരു വെറും മനുഷ്യന്റെ ന്യായവിധിയോട് തെറ്റിക്കൂടാത്ത ദൈവത്തിന്റെ വിധിയുടെ അന്തരം കോപമാണ്. അങ്ങനെയാണെങ്കിലും അല്ലെങ്കിലും അപ്പൊസ്തലൻ ചോദിച്ച ചോദ്യത്തിന്റെ ഉത്തരം വ്യക്തമാണ്. അതോ ഒരുത്തൻപോലും ദൈവത്തിന്റെ ന്യായവിധി ഒഴിഞ്ഞുപോകുകയില്ല!

യഹൂദന്മാർ അധികപങ്കും വിചാരിച്ചിരിക്കുന്നത് അവർ ദൈവത്തിന്റെ ന്യായവിധിയിൽ നിന്നും രക്ഷപെടുമെന്നാണ്. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് എന്ന് അവർ ചിന്തിച്ചു.[4] ദൈവം ജാതികളെ ന്യായംവിധിക്കുന്നവനാണ്. യഹൂദന് ദൈവം പ്രത്യേക രക്ഷകൻ ആണ് എന്ന്. യഹൂദപ്രമാണികൾ പറഞ്ഞിരുന്നത് ദൈവം നമ്മുടെ മദ്ധ്യത്തിൽ ഇല്ലേ? നമുക്കു നാശം ഭവിയ്ക്കയില്ല (മീഖാ 3:11). യോഹന്നാൻ സ്നാപകൻ ദൈവത്തിന്റെ ന്യായവിധിയെ വിളിച്ചറിയിച്ചപ്പോൾ താൻ അവരെ ഉപദേശിച്ചത് ''അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ട് എന്ന് ഉള്ളംകൊണ്ട് പറവാൻ തുനിയരുത്'' (മത്താ. 3:9). ചില യഹൂദന്മാരുടെ ഭാവം ഇതാണ് എന്ന് പൂർവ്വ

കാല യഹൂദഎഴുത്തുകാരും സൂചിപ്പിക്കുന്നുണ്ട്:

> ''ഭൂമിയിലുള്ള എല്ലാ ജാതികളിലും വച്ച് ദൈവം യിസ്രായേലിനെ മാത്രം സ്നേഹിക്കുന്നു.''[5]

> ''ദൈവം ഭൂമിയിലെ ജാതികളെ ഒരു മാനദണ്ഡംകൊണ്ടും യഹൂദന്മാരെ മറ്റൊരു മാനദണ്ഡം കൊണ്ടും വിധിക്കും.''[6]

> ''ഭാവിലോകത്തിൽ എല്ലാ യിസ്രായേലിനും പങ്കുണ്ട്''[7]

> ''അബ്രഹാം നരകത്തിന്റെ വാതിൽക്കൽ ഇരിക്കുന്നു. പരിഛേദനയേറ്റ ഒരു യിസ്രായേല്യനും അതിൽ കടക്കുവാൻ അനുവദിക്കയില്ല''[8]

പൗലൊസിന് ആ രീതിയിലുള്ള ചിന്താഗതിയെല്ലാം കള്ളമായിരുന്നു. യഹൂദനായതുകൊണ്ട് ദൈവത്തിന്റെ ന്യായവിധി ഒഴിഞ്ഞുപോകാൻ കഴിയുകയില്ല. ധാർമ്മികമായി അവർ ജാതികളെക്കാൾ ഉയർന്നവരായിരിക്കാം. എന്നാലും അവരും ദൈവകൃപ ആവശ്യമുള്ള പാപികൾ തന്നെയാണ്.

**വാക്യം 4**. പൗലൊസ് തന്റെ വാദം തുടരുന്നു: **ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?** അവരോടുള്ള ദൈവത്തിന്റെ ദയയുടെ (ἄνθρωος, *anthrōpos*) ധനത്തെക്കുറിച്ച് (πλούτος, *ploutos*) പൗലൊസ് അവരെ ഓർപ്പിക്കുകയായിരുന്നു. ദൈവം താൻ ചെയ്ത ഉടമ്പടിയുടെ ഭാഗമായി ദൈവം അവരുടെമേൽ ആത്മീകവും (ἀνοχή, *anochē*) ഭൗതീകവുമായ (μακροθυμία, *makrothumia*) അനുഗ്രഹങ്ങളെ വർഷിപ്പിച്ചിരുന്നു. അതേസമയം ദൈവം ഉടമ്പടിയിൽ അവരുടെ പങ്കു നിർവഹിയ്ക്കുന്നതിൽ അവർക്കു ഭവിച്ച തോൽവിയെക്കുറിച്ച് ദീർഘക്ഷമയുള്ളവനായിരുന്നു.

അവരുടെ പാപംമൂലം അവരെ പെട്ടെന്നു നിമിഷംകൊണ്ട് നശിപ്പിച്ചുകളയുന്നതിന് പകരം ദൈവം അവർക്ക് കൂടുതൽ അവസരങ്ങൾ നൽകി. തന്റെ ദയ അവരെ മാനസാന്തരത്തിലേക്കു (μετάνοια, *metanoia*) നടത്തുമെന്ന് പ്രത്യശിച്ചു. സങ്കടകരമെന്നു പറയട്ടെ ദൈവം അവരുടെ പാപങ്ങളെ കണക്കാക്കുന്നില്ല. അവർ ദൈവത്തിന്റെ ഉടമ്പടി സമൂഹമാണ് എന്ന് ചിന്തിച്ച് ദൈവത്തിന്റെ നന്മയെ അതിന്റെ ഒരു അടയാളമായി വ്യാഖ്യാനിച്ചു. ദൈവമുമ്പാകെ അനുതപിക്കുന്നതിനുപകരം അവർ അധികം മത്സരികളായി.

**വാക്യം 5**. ദൈവത്തിന്റെ ദയയെ തെറ്റായി ചിന്തിച്ച് അവഗണിച്ചപ്പോൾ എന്തായിരുന്നു ഫലം? ''**നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ളവിധി വെളിപ്പെടുന്നകോപദിവസത്തേക്ക് നിനക്കുതന്നെ കോപം ചരതിച്ചുവെക്കുന്നു**''. കഠിനഹൃദയം (σκληρότης, *sklērotēs*) ജോൺ മക്കാർതർ ജെ. ആർ. സൂചിപ്പിക്കുന്നത് ചികിത്സരംഗത്തെ രെഹല്യീശെ എന്ന പദം ഇതാണ്. ആ പദം ശുദ്ധരക്തക്കുഴലുകൾ കട്ടിയാകുന്നതിനെ കുറിയ്ക്കുന്നതാണ്.[9] നീതിയുള്ള ന്യായവിധി എന്നത് ഒരു അസാധാരണ വാക്കിൽനിന്നും (δικαιοκρισία, *dikaiokrisia*) ഉണ്ടായതാണ്. അത് ''നീതിയുള്ള'' എന്നും ''ന്യായവിധി'' എന്നുമുള്ള രണ്ടു വാക്കുകളെ യോജിപ്പിക്കുന്നു.

അനുതാപമില്ലാതെ ഹൃദയകാഠിന്യത്തിൽ ജീവിക്കുന്നവരെ എന്താണ് കാത്തിരിക്കുന്നത്? പൗലൊസ് ഒരു അലങ്കാരഭാഷ ഉപയോഗിച്ച് അതു പറയുന്നു. ''കോപദിവസത്തേക്കു നിനക്കുതന്നെ കോപം ചരതിച്ചുവെക്കുന്നു'' ചരതിച്ചുവെക്കുന്നത് സാധാരണമായി സമ്പാദ്യം ചരതിച്ചുവെക്കുന്നു/കൂട്ടിവയ്ക്കുന്നു (θησαυρίζω, *thēsaurizō*) എന്നു പറയാം. ഭാവിയിലെ ആവശ്യത്തിനുവേണ്ടി. ഇവിടെ കോപദിവസത്തേക്ക് കോപംകൂട്ടിവെക്കുന്നത് കൂടുതൽ കോപത്തിനുവേണ്ടിയാണ്.

**6–ാം വാക്യം** ദൈവത്തിന്റെ നീതിയുള്ള വിധിയെക്കുറിച്ച് പറഞ്ഞശേഷം പൗലൊസ് പറയുന്നു ''**ദൈവം ഓരോരുത്തന് അവന്റെ പ്രവർത്തിക്കുതക്ക വണ്ണം പകരം ചെയ്യും**'' പ്രവർത്തികൾ എന്ന് തർജ്ജമ ചെയ്തിരിക്കുന്നത് ഓൃസ എന്നതിന്റെ ബഹുവചനമാണ് (ἔργον, *ergon*). ഒരാൾ ചെയ്യുന്ന ഏതു കാര്യവും എന്നുള്ള അർത്ഥമാണ് പൗലോസ് പഴയനിയമത്തിൽനിന്നും ഉദ്ധരിക്കുകയായിരുന്നു. സങ്കീർത്തനം 62:12 ആകാം സദൃശ്യവാക്യങ്ങൾ 24:12 ഉം അതേ കാര്യം പറയുന്നു ചോദ്യരൂപത്തിൽ.

ന്യായവിധി നമ്മുടെ പ്രവർത്തികൾക്കനുസരിച്ചായിരിക്കും എന്നുള്ള പൗലൊസിന്റെ നിഗമനം കൂടുതൽ വൈരുദ്ധ്യം ആകാം. എങ്ങനെയായാലും വേദപുസ്തകത്തിന്റെ ഇതരഭാഗങ്ങളിൽ പഠിപ്പിച്ചിട്ടുള്ളതുമാത്രമെ ഇവിടെയും പറഞ്ഞിട്ടുള്ളു. ഉദാഹരണത്തിന് (യിരെ. 32:19; ഹോശേ. 12:2) പൗലൊസ് തന്നെ എഴുതിയത് (2 കൊരി. 5:10).

നാം നമ്മുടെ പ്രവർത്തികൾക്കനുസാരമായി ന്യായം വിധിക്കപ്പെടുമെന്നുള്ളത് പഴയനിയമത്തിലും പുതിയനിയമത്തിലും ഉടനീളം കാണപ്പെടുന്ന ഒരു വിഷയമാണ്. യേശു പറഞ്ഞത് ''താൻ തിരികെവരുമ്പോൾ ഓരോരുത്തർക്കും താന്താന്റെ പ്രവർത്തിക്കൊത്തവണ്ണം പകരം കൊടുക്കും'' എന്നാണ് (മത്താ. 16:27). പൗലൊസ് എഴുതി (2 കൊരി. 5:10) ''അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു''. ന്യായവിധി രംഗത്തെ വിവരിക്കുമ്പോൾ യോഹന്നാൻ എഴുതിയത് (വെളി. 20:12). മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുന്നതു കണ്ടു. പുസ്തകങ്ങൾ തുറന്നു. ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. മരിച്ചവർക്ക് പുസ്തകത്തിൽ എഴുതിയിരിക്കുന്നതിനൊത്തവണ്ണം അവരുടെ പ്രവർത്തിക്കൊത്ത് ന്യായവിധി ഉണ്ടായി. ആരോ പറഞ്ഞു പ്രവർത്തികൾ വിത്തുപോലെയാണ്. നിങ്ങൾ ഇപ്പോൾ അതിനെ നടന്നു. കുറെ കഴിഞ്ഞിട്ട് ഫലം കൊയ്യുന്നു.

**വാക്യം 7**. ഏഴും എട്ടും വാക്യങ്ങളിൽ പൗലൊസ് 2:6 ലുള്ള അടിസ്ഥാന തത്വം വിശദമാക്കുന്നു. 7–ാം വാക്യത്തിൽ ദൈവം നല്ല പ്രവർത്തി ചെയ്തവരെ വിധിക്കുന്ന കാര്യം പറയുന്നു. ''**നല്ല പ്രവർത്തിക്കുവേണ്ടുന്ന സ്ഥിരത പൂണ്ട് തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക് നിത്യജീവനും**'' (ദൈവം കൊടുക്കും[10]) ഇവിടെ പറഞ്ഞിരിക്കുന്ന ആളുകൾ മൂന്നുകാര്യങ്ങൾ അന്വേഷിക്കുന്നു. തേജസ്സ്, മാനം, അക്ഷയത അങ്ങനെയുള്ളവരെ സ്വാർത്ഥത അന്വേഷിക്കുന്നവർക്കു വിരുദ്ധമായി 8–ാം വാക്യത്തിൽ കാണിച്ചിട്ടുണ്ട്. സ്വന്ത മഹത്വത്തിനുവേണ്ടി പ്രവർത്തിക്കുന്നവരെയല്ല (കാണുക ചകഢ) ദൈവവുമായി ഒരു പ്രത്യേക ബന്ധം ഉള്ളവരെയാണ്: അവർ ദൈവത്തിന്റെ മഹത്വം കാണുവാൻ വാഞ്ഛിക്കുന്നു.[11] അവർക്കു ദൈവത്തിന്റെ സമ്മതമാണാവശ്യം

(ഘ്നീ) അവർ ദൈവസാന്നിദ്ധ്യം കാംക്ഷിക്കുന്നു (യോഹ. 17:3). അവർക്ക് യഥാർത്ഥ പ്രാധാന്യമുള്ളത് എന്തെന്നറിയാം.

അങ്ങനെയുള്ളവർ വെറുതെ നല്ല പ്രവൃത്തികൾ ചെയ്യുകയല്ല. അവർ എപ്പോഴും അതിൽ തുടർന്നുകൊണ്ടേയിരിക്കും. അതിൽ നിലനില്ക്കും ഏതു സമ്മർദ്ദം വന്നാലും മാറാതെ ആ നല്ല പ്രവർത്തികളിൽ നിലനില്ക്കും.[12]

കഠിന യുദ്ധത്തിന്റെ മുഖത്ത് നിരാശപ്പെടാതെ എന്തെല്ലാം അടികൾ സഹിക്കേണ്ടിവന്നാലും അന്ത്യം വരെ പോർ ചെയ്തുകൊണ്ടിരിക്കുന്ന ഒരു പടയാളിയെപ്പോലെ എന്നർത്ഥം.[13]

**വാക്യം 8**. ഇതിൽ ദോഷപ്രവർത്തികൾ ചെയ്തവരെക്കുറിച്ചു പറയുന്നു. **''ശാഠ്യംപൂണ്ട് സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്ക് കോപവും ക്രോധവും കൊടുക്കും. ഈ മത്സരികളായ വ്യക്തികളെ 'ശാഠ്യക്കാർ' അതായത് സ്വാർത്ഥപരമായ ആഗ്രഹങ്ങൾക്കായി ജീവിക്കുന്നവർ**. ഈ വാക്കു വന്നത് ലാഭേഛയാൽ തങ്ങളെ തന്നെ മോശമാക്കുന്നവർ എന്ന അർത്ഥത്തിലാണ്. ആശയം താണതരം സ്വാർത്ഥലാഭേഛ എന്നു പറയാം. ഉന്നതമായ കാര്യങ്ങളിലേക്കു ശ്രദ്ധിപ്പാൻ കഴിവില്ലാത്ത അവസ്ഥ.[14] അരിസോറ്റട്ടിൽ ഈ വാക്ക് നിന്ദിക്ക പ്പെടുന്ന രാഷ്ട്രീയക്കാരെ ഉദ്ദേശിച്ച് ഉപയോഗിച്ചിട്ടുണ്ട്.[15] അവർ അവരുടെ സ്ഥാനം പൊതുനന്മയ്ക്കായി ഉപയോഗിക്കുന്നതിനു പകരംസ്വാർത്ഥ ലാഭത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്നു. ആ ഉദ്ദേശം സാധിപ്പാൻ ഏതു മാർഗ്ഗവും ഉപയോഗിക്കുന്നു.

ഈ സ്വർത്ഥമതികൾ സത്യം അനുസരിക്കുന്നില്ല. ദൈവവചനാനുസാരമായ വചനം അനുസരിക്കാതെ അനീതി അനുസരിക്കുന്നു. ഫിലിപ്പ് തന്റെ തർജ്ജമയിൽ അവർക്ക് ദൈവത്തിന്റെ ജീവിത പദ്ധതിയോടു മത്സരിച്ചു ദൈവിക നിയമങ്ങൾ ''അനുസരിക്കാത്തവർ'' എന്ന് വിശദീകരണം കൊടുത്തിരിക്കുന്നു. ദോഷത്തിന്റെ സേവകർ.

അവർക്കു ലഭിയ്ക്കുന്ന പ്രതിഫലം കോപവും ക്രോധവുമാണ് കോപം, ക്രോധം എന്ന് തർജ്ജമചെയ്യപ്പെട്ടിരിക്കുന്ന വാക്കുകൾ രണ്ടുതരം കോപത്തെക്കുറിച്ചാണ് ഇവിടെ അവയെ ചേർത്ത് ഉപയോഗിച്ചിരിക്കുന്നത്.[16] ദൈവകോപത്തിന്റെ ഭയങ്കരത്വം കാണിക്കുന്നതിനാണ്. അവസാന നാളിൽ മാനസാന്തരം ഇല്ലാത്തവരുടെ മേൽ വരുന്ന കോപത്തീയ് എന്ന്.[17] ''ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം'' (എബ്രാ. 10:31)!

2:7, 8-ൽ പൗലൊസ് രണ്ടുതരം ആളുകളെ വിരുദ്ധരായി കാണുന്നു. അവരുടെ ലക്ഷ്യം വ്യത്യസ്തമാണ്. ഒരു കൂട്ടർ ദൈവത്തെ അന്വേഷിക്കുന്നു മറ്റവർ സ്വാർത്ഥത തേടുന്നു. അവരുടെ പ്രവർത്തികൾ വ്യത്യസ്തമാണ്. ഒരു കൂട്ടർ നന്മചെയ്യുന്നു. മറ്റൊരുവർ ദോഷം ചെയ്യുന്നു. തന്മൂലം അവരുടെ അന്ത്യവും വ്യത്യസ്തമായിരിക്കും. ഒരു കൂട്ടർ നിത്യജീവനിലെത്തും. മറ്റവർക്ക് ദൈവത്തിന്റെ കോപവും ക്രോധവും ലഭിക്കും. രണ്ടു സാധ്യതകളേ ഉള്ളൂ. അതിനു മദ്ധ്യത്തിലായി ഒന്നുമില്ല.

**വാക്യം 9**. ഒൻപതും പത്തും വാക്യങ്ങളിൽ പൗലൊസ് 7,8 വാക്യങ്ങളിലെ കാര്യങ്ങളും സുപ്രധാനമായ മറ്റൊരു കാര്യവും കൂടെ ചേർത്തു പറഞ്ഞിരിക്കുന്നു. 9-ാം വാക്യത്തിൽ ദോഷം ചെയ്യുന്നവരുടെ അന്തം എന്താണെന്ന് പറഞ്ഞിട്ടുണ്ട്. **തിന്മ പ്രവർത്തിക്കുന്ന ഏതു മനുഷ്യാത്മാവിനും കഷ്ടവും സങ്കടവും വരും** 8-ാം വാക്യത്തിൽ തിന്മ പ്രവർത്തിയ്ക്കുന്ന ഏതു മനുഷ്യാത്മാവിനും കോപവും ക്രോധവും നല്കപ്പെടും. 9-ാംവാക്യത്തിൽ കൂടുതലായി

കഷ്ടവും സങ്കടവും വരുമെന്നും എഴുതിയിരിക്കുന്നു.

കഷ്ടം എന്ന് തർജ്ജമ ചെയ്തിരിക്കുന്നത് (θλῖψις, *thlipsis*) അടിസ്ഥാനപരമായി സമ്മർദ്ദം ഉശര്യേലവെ (സങ്കടം) στενοχωρία (*stenochōria*) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ്.[18] അതിന്റെ അർത്ഥം ഇടുങ്ങിയ സ്ഥലം എന്നാണ്, στενός (*stenos*) ഉം χώρα (*chōra*) ഉം. അത്തരം ഇടുങ്ങിയ സ്ഥലത്തു ആയിരിക്കുന്നതിന്റെ വിഷമത.[19] നരകത്തിൽ ദുഷ്ടന്മാർ ആ പാറയ്ക്കും കടുപ്പമുള്ള സ്ഥലത്തിനും മദ്ധ്യേ ആയിരിക്കും.

അതിന് മാറ്റമുണ്ടോ? ഇല്ല. പൗലൊസ് പറയുന്നത് തിന്മ പ്രവർത്തിക്കുന്ന ഏതു മനുഷ്യാത്മാവിനും ഉള്ളതാണ് ഈ ശിക്ഷ എന്നാണ്. അതിനു തെളിവായി പൗലൊസ് ഈ ഉപദേശം ഒരു യഹൂദനും പ്രതീക്ഷിയ്ക്കാനാവാത്ത വിധം വിസ്തൃതിലാക്കിയത് **ആദ്യം യഹൂദനും പിന്നെ യവനനും**. യഹൂദർക്ക് പ്രത്യേക പദവികൾ കൊടുത്തിരുന്നു. പ്രത്യേകമായ പദവികളോടുകൂടി (കാണുക 2:17–20) പ്രത്യേക ചുമതലകളും വരും. യഹൂദന്മാർ ദൈവത്തിന്റെ ന്യായവിധിയിൽനിന്നും ഒഴിവാകയില്ലെന്നു മാത്രമല്ല (2:3) അവർ ദൈവ സിംഹാസനത്തിന്റെ മുൻപിൽ ഒന്നാം നിരയിൽ ന്യായവിധി ദിവസത്തിൽ നിൽക്കേണ്ടിവരും!

**വാക്യം 10.** ഈ ചിന്തയ്ക്കുശേഷം നന്മചെയ്യുന്നവരിലേക്ക് പൗലൊസ് തിരിയുന്നു. നന്മചെയ്യുന്ന ഓരോരുത്തർക്കും മഹത്വവും മാനവും സമാധാനവും. ഇതിൽ സമാധാനം (ἐριθεία, *eritheia*) എന്നുള്ളത് ദൈവത്തോടും മനുഷ്യരോടുമുള്ള സമാധാനമാണ്. ആത്യന്തികവും പൂർണ്ണവുമായ സമാധാനം സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ മാത്രമെ ലഭിക്കൂ. **അതും ആദ്യം യഹൂദനും പിന്നെ യവനനും.**

**വാക്യം 11. ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ലല്ലോ.** ''മുഖപക്ഷം'' എന്ന വാക്ക് രണ്ടുവാക്കുകൾ ചേർന്നുണ്ടായ ഒരുവാക്കാണ്. (προσωπολημψία, *prosōpolēmpsia*) അതായത് മുഖം എന്നും (λαμβάνω, *lambanō*) സ്വീകരിക്ക എന്നും അർത്ഥമുള്ള രണ്ടുവാക്കുകൾ. ആശയം ഒരാളുടെ മുഖം സ്വീകരിക്കുക എന്നാണ്. ഒരാളെ ബാഹ്യമായ കാഴ്ചയ്ക്കനുസാരമായി സ്വീകരിക്കുക. മനുഷ്യരായ നാം ചിലരെ അംഗീകരിയ്ക്കുകയും ചിലരെ തള്ളിക്കളയുകയും ചെയ്യുന്നു. ആദ്യം പുറമെയുള്ളതുനോക്കിയിട്ട് അതിനപ്പുറമായി നാം നമ്മുടെ വിധി ഒരു പക്ഷം ചേർന്നുള്ളതുമായിരിക്കും. ചിലരോട് കഠിനമായും ചിലരോട് പക്ഷമായും വിധിക്കും. എന്നാൽ ദൈവത്തിന് മുഖപക്ഷമില്ല (ആവ. 10:17; 2 ദിന. 19:7; അ. പ്രവൃ. 10:34, 35).

## ദൈവത്തിന്റെ നീതിയുള്ള വിധി (2:12-16)

**[12]ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണം കൂടാതെ നശിച്ചുപോകും. ന്യായപ്രമാണം ഉണ്ടായിട്ടു പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും. [13]ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ. ന്യായപ്രമാണം ആചരിക്കുന്നവരത്രെ ദൈവ സന്നിധിയിൽ നീതീകരിക്കപ്പെടുന്നത്. [14]ന്യായപ്രമാണമില്ലാത്ത ജാതികൾ ന്യായപ്രമാണത്തിലുള്ളത് സ്വഭാവത്താൽ ചെയ്യുമ്പോൾ ന്യായപ്രമാണം ഇല്ലാത്ത അവർ തങ്ങൾക്കുതന്നെ ഒരു ന്യായപ്രമാണമാകുന്നു. [15]അവരുടെ മനഃസ്സാക്ഷികൂടെ സാക്ഷ്യം പറഞ്ഞും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തുകൊണ് അവർ ന്യായപ്രമാണത്തിന്റെ**

**പ്രവർത്തി, തങ്ങളുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു. [16]ദൈവം യേശുക്രിസ്തുമുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായംവിധിക്കുന്ന നാളിൽ തന്നെ.**

ഈ വാക്യങ്ങളിൽ പൗലൊസ് ദൈവത്തിന്റെ മുഖപക്ഷമില്ലായ്മ ദൈവം യഹൂദനോടും ജാതികളോടും എങ്ങനെ പെരുമാറുന്നു എന്നു പറയുന്നതിൽകൂടെ ചിത്രീകരിച്ചിരിക്കുന്നു. അപ്പൊസ്തലന്റെ മനസ്സിൽ യേശുവിന്റെ വരവിനുമുമ്പ് ദൈവം യഹൂദനോടും ജാതികളോടും പെരുമാറിയ വിധങ്ങൾ ഉണ്ടായിരിന്നു.

**വാക്യം 12. ന്യായപ്രമാണം കൂടാതെ പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണം കൂടാതെ നശിച്ചുപോകും** എന്നു തുടങ്ങുന്നു. ന്യായപ്രാമാണം എന്ന വാക്ക് ഇവിടെ ആദ്യമായി ഉപയോഗിക്കുകയാണ്. ഈ ലേഖനത്തിൽ ന്യായപ്രമാമത്തിന് പ്രമുഖ സ്ഥാനം ഉണ്ട്. ''നോമോസ് (νόμος, *nomos*)'' എന്ന പദത്തിന് വിവിധ അർത്ഥങ്ങളുണ്ട്. എന്നാൽ ഇവിടെ അതിന് മോശയുടെ ന്യായപ്രമാണം എന്നുതന്നെയാണ്. ''ന്യായപ്രമാണം'' കൂടാതെ പാപം ചെയ്തവർ എന്നുള്ളതിന് ''ദൈവത്തിന്റെ എഴുതപ്പെട്ട പ്രമാണം'' ലഭിച്ചിട്ടില്ലാത്ത ജാതികളെക്കുറിച്ചാണ് പറയുന്നത്. അവരും ന്യായപ്രമാണം കൂടാതെ നശിച്ചുപോകും എന്ന് അപ്പൊസ്തലൻ പറയുന്നു.

യഹൂദന്മാരെക്കുറിച്ച്, **മോശെയുടെ ന്യായപ്രമാണം ഉണ്ടായിട്ടു പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണത്താൽ വിധിയ്ക്കപ്പെടും എന്നാണ് പറയുന്നത്.**

ഇതത്ര ശരിയല്ല എന്നു ചിലർ പറയുമായിരിക്കും. എഴുതപ്പെട്ടപ്രമാണം ലഭിച്ചിരുന്നു. യഹൂദന്മാരെ വിധിയ്ക്കുന്നത് ശരിയായിരിക്കാം. ജാതികളെ വിധിയ്ക്കുന്നത് ശരിയല്ല. അവർക്ക് പ്രമാണം കൊടുക്കാതിരിക്കയാൽ അവർ എന്തിനാണ് നശിക്കുന്നത്. പൗലൊസിന്റെ മറുപടി അവർക്ക് ഒരു പ്രമാണം ഉണ്ടായിരുന്നു. മോശയുടെ ന്യായപ്രമാണം ഇല്ലായിരുന്നു എന്നേയുള്ളു. സി. കെ. ബാരറ്റു പറയുന്നത് ജാതികൾ പ്രമാണത്തിനു പുറത്തല്ല. മോശെയുടെ ന്യായപ്രമാണത്തിന്റെ മേഖലയ്ക്ക് പുറത്തായിരുന്നു എന്നു മാത്രം.[20]

**വാക്യം 13. ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ ന്യായപ്രമാണം ആചരിക്കുന്നവരത്രെ നീതീകരിക്കപ്പെടുന്നത്** ശബ്ബത്തുതോറും പള്ളികളിൽ ന്യായപ്രമാണം വായിക്കുന്നതും കേട്ടാണ് അധികം പേരും അതു പഠിച്ചത് (അ. പ്രവൃ. 13:15; 15:21). കേൾക്കുന്നതുപോരാ അത് ആചരിക്കുകയും വേണം എന്ന് പൗലൊസ് ശക്തിപ്പെടുത്തി പറഞ്ഞു (യാക്കൊ. 1:22–25).

**വാക്യം 14.** ഒന്നാം അദ്ധ്യായത്തിൽ പൗലൊസ് ജാതികളുടെ ലോകത്തെക്കുറിച്ച് നിറം മങ്ങിയ ഒരു ചിത്രമാണ് വരച്ചത്. എന്നാൽ, അതേ സമയം തന്നെ, ''നടപ്പിലുള്ളതിൽ നിന്ന് അപവാദമുണ്ട്'' എന്ന് അദ്ദേഹത്തിനും മറ്റുള്ളവർക്കും വ്യക്തമായിരുന്നു. ജാതികളിൽ പെട്ട എല്ലാവരും ഒരു പോലെ ലൈംഗിക ദുർമ്മാർഗ്ഗത്തിന് (1:24–27) അല്ലെങ്കിൽ ഹീനമായ പാപങ്ങളിൽ എല്ലാവർക്കും ഒരു പോലെ പങ്കില്ല (1:28–32). അതു കൊണ്ടാണ് **ന്യായപ്രമാണമില്ലാത്ത**[21] **(മോശയുടെ) ജാതികൾ സ്വഭാവത്താൽ ന്യായപ്രമാണം (മോശയുടെ) അനുസരിക്കുന്നു** എന്നു പൗലൊസ് പറഞ്ഞത്.[22]

ജാതികൾ മോശെയുടെ ന്യായപ്രമാണം അനുസരിക്കുന്നു എന്ന് പൗലൊസ് പറഞ്ഞില്ല. അവർക്ക് അതു ലഭിച്ചിട്ടില്ലായ്കയാൽ അത് അനുസരിപ്പാൻ കഴിവില്ലല്ലോ. എന്നാലും ന്യായപ്രമാണത്തിലുള്ള *പല കാര്യങ്ങളും* അവരും ചെയ്തു.

മോശയുടെ ന്യായപ്രമാണത്തിൽ *പറഞ്ഞിരിക്കുന്ന അതേ തത്വങ്ങൾ* അംഗീകരിക്കുയും അതേ പ്രവർത്തികൾ ചെയ്യുകയും ചെയ്തു. ഉദാഹരണമായി. അഞ്ചാമത്തെ കല്പനയായ ''നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക'' എന്ന കല്പന ജാതികളായ ധാരാളം പേർ അനുസരിച്ചു (പുറ. 20:12), കൊല ചെയ്യരുത്. (6-ാം കല്പന) (പുറ. 20:13) കൊലപാതകം തെറ്റാണെന്ന് കൂടുതൽ പേരും വിശ്വസിച്ചിരുന്നു. എഴാം കല്പനയിൽ ''വ്യഭിചാരം ചെയ്യരുത്'' (പുറ. 20:14); പലരും തങ്ങളുടെ ജീവിതപങ്കാളിയോട് വിശ്വസ്തരായിരുന്നു. എട്ടാമത്തേത് ''മോഷ്ടിക്കരുത്'' എന്ന കല്പന (പുറ. 20:15) ഭൂരിപക്ഷം ആളുകളും മോഷണം തെറ്റാണെന്ന് വിശ്വസിച്ചിരുന്നു.

ജാതികൾക്ക് പത്തു കല്പന ഇല്ലായിരുന്നുവെങ്കിൽ അവർ എങ്ങനെയാണ് ഈ കാര്യങ്ങൾ അനുസരിയ്ക്കണമെന്ന് അറിഞ്ഞത്? അവർ ''സ്വഭാവത്താൽ'' അവയെ അനുസരിച്ചു എന്ന് പൗലൊസ് പറയുന്നു. (φύσει, *phusei*) എന്നാൽ പ്രകൃതിയാൽ എന്നർത്ഥം. ന്യായപ്രമാണം പറയുന്ന കാര്യം അവർ സ്വഭാവത്താൽ അനുസരിച്ചു φύσις (*phusis*). ഠവമ്യലന്റെ ലെക്സിക്കോൺ അനുസരിച്ച് (റോമ. 2:14) ശരിയായും നല്ലതായും ഉള്ള കാര്യം അവർ സ്വാഭാവിക അറിവിനാൽ നിർവഹിച്ചു.[22]

''പ്രകൃതി,'' ''പ്രകൃതിസംബന്ധം'' എന്ന വാക്കുകൾ 1:26, 27-ൽ വായിക്കുമ്പോൾ ''പ്രകൃതി'' (φύσις, *phusis*) എന്നത് സൂചിപ്പിക്കുന്നത് ദൈവത്തിലന്റെ സൃഷ്ടിയെയും ജാതികൾ സ്വാഭാവികമായി ചില കാര്യങ്ങൾ ശരിയും ചിലത് തെറ്റുമാണെന്ന് അറിഞ്ഞിരുന്നു. *എന്തുകൊണ്ടെന്നാൽ അങ്ങനെയാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചത്.*

സ്വാഭാവികമായി ന്യായപ്രമാണത്തിലുള്ള കാര്യങ്ങൾ ചെയ്തു എന്നു പറഞ്ഞശേഷം **ന്യായപ്രമാണമില്ലാത്ത അവർ തങ്ങൾക്കുതന്നെ ഒരു ന്യായപ്രമാണമാകുന്നു** എന്ന് എഴുതിയിരിക്കുന്നു. നാം ചിലരെക്കുറിച്ച് അങ്ങനെപറയാറുണ്ടല്ലോ. അവർ തന്നെ അവർക്ക് ഒരു പ്രമാണമാണ് എന്ന് അതിനർത്ഥം അവർ മറ്റു മനുഷ്യരുടെയോ ദൈവത്തിന്റെയോ പ്രമാണങ്ങളൊന്നും അംഗീകിരിക്കുന്നില്ല. സ്വന്തഹൃദയം പറയുന്നതുമാത്രം ചെയ്യുന്നവർ. അങ്ങനെയുള്ളവരെ ഉദ്ദേശിച്ചല്ല അപ്പൊസ്തലൻ പറയുന്നത്. ക്രൂശിനു പിൻപുണ്ടായിരുന്ന യഹൂദേതരന്മാരെ ഉദ്ദേശിച്ചാണ് പറഞ്ഞത്.

**വാക്യം 15.** എന്തുകൊണ്ടാണ് ജാതികൾ അവർക്കുതന്നെ ഒരു പ്രമാണമാണെന്ന് പറഞ്ഞത്: **അവർ ന്യായപ്രമാണത്തിന്റെ പ്രവർത്തികളുടെ ഹൃദയങ്ങളിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു.**[23] ന്യായപ്രമാണത്തിനെതിരായി മത്സരിക്കുന്നവരെക്കുറിച്ചല്ല പൗലൊസ് എഴുതിയിരിക്കുന്നത്. ന്യായപ്രമാണത്തിന്റെ പ്രവർത്തി. തങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി തങ്ങളുടെ ജീവിതത്തിൽ വെളിപ്പെടുത്തിയവരെ ഉദ്ദേശിച്ചാണ് ''ന്യായപ്രമാണത്തിന്റെ പ്രവർത്തി'' എന്നു പറഞ്ഞാൽ അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്നർത്ഥം.

14-ാം വാക്യത്തിൽ ജാതികളുടെ ഹൃദയങ്ങളിൽ എഴുതിയ പ്രമാണം ന്യായപ്രമാണം അല്ല ന്യായപ്രമാണത്തിന്റെ പ്രവർത്തിയാണ്. ന്യായപ്രമാണം അല്ല ''ന്യായപ്രമാണത്തിന്റെ പ്രവർത്തിയാണ്''. ന്യായപ്രമാണം പ്രതീക്ഷിച്ച പ്രവർത്തികൾ. ചകഢയിൽ ന്യായപ്രമാണം ആവശ്യപ്പെട്ട പ്രവർത്തികൾ എഴുതപ്പെട്ടിരുന്നു എന്നാണ്.

ഹൃദയം (καρδία, *kardia*) എന്ന് ആലങ്കാരികമായിട്ട് (സാധാരണ ബൈബിളിൽ ഉപയോഗിക്കാറുള്ളതുപോലെ) ആന്തരിക മനുഷ്യനെ ഉദ്ദേശിച്ച് ഉപയോ

ഗിച്ചിരിക്കുന്നു. വികാരം, പ്രചോദനം, സ്നേഹം, ആഗ്രഹം, ബുദ്ധി മുതലായ വയുടെ ഇരിപ്പിടമായ ഹൃദയം ചില സാന്മാർഗ്ഗിക ചുമതലകൾ ഹൃദയത്തിൽ ഉറപ്പിച്ചു എഴുതപ്പെട്ടു എന്നത് ആലങ്കാരികമാണ്.[24] തോൽവി അവന്റെ മുഖത്ത് എഴുതിവച്ചിരുന്നു (γραπτός, *graptos*) എന്നൊക്കെ നാം പറയുമ്പോലെ.

ന്യായപ്രമാണത്തിന്റെ ആവശ്യങ്ങൾ ജാതികളുടെ ഹൃദയങ്ങളിൽ എഴുതിയിട്ടുണ്ട് എന്നതിൽ പൗലൊസ് ഒരു വൈരുദ്ധ്യം കാണിക്കുവാൻ ഉദ്ദേശിക്കുന്നു. യഹൂദന്മാർക്കുള്ള പ്രമാണം പുറമേ കല്പലകയിൽ എഴുതപ്പെട്ടതും (പുറ. 24:12) ജാതികളുടെ പ്രമാണം ഉള്ളിൽ ഹൃദയത്തിന്മേൽ എഴുതപ്പെട്ടതും ആണ്.

ന്യായപ്രമാണം ആവശ്യപ്പെട്ട അനേക കാര്യങ്ങൾ ജാതികൾ ജീവിതത്തിൽ സ്വാഭാവികമായി വെളിപ്പെടുത്തി. ന്യായപ്രമാണത്തിൽ കല്പിച്ചിരുന്ന കാര്യങ്ങൾ ചെയ്തു. അവർക്ക് ന്യായപ്രമാണത്തിൽ കല്പിച്ചിരുന്ന കാര്യങ്ങൾ ചെയ്തു. അവർക്ക് ന്യായപ്രമാണം ഇല്ലാതെയിരുന്നിട്ടും ഇങ്ങനെ "അവർ തങ്ങൾക്കുതന്നെ ഒരു ന്യായപ്രമാണം ആയി".

അതിനുശേഷം പൗലൊസ് പറയുന്നു. **അവരുടെ മനസ്സാക്ഷികൂടെ സാക്ഷ്യം പറഞ്ഞും** മനസ്സാക്ഷി (συνείδησις, *suneidēsis*) എന്ന് തർജ്ജിമചെയ്തിരിക്കുന്ന ഗ്രീക്കുപദവും അറിയുക എന്നർത്ഥമുള്ള വേറൊരു പദവും ചേർന്നുണ്ടായ ഒരു പദമാണ് രീരെശലിരല എന്ന ഇംഗ്ലീഷ് പദം ലത്തിൻ ഭാഷയിൽ നിന്നുള്ളതാണ്. അർത്ഥം രീ ംശവേ രെശലിരല (സിീംഹലറഴല) ഗ്രീക്കിലായാലും ഇംഗ്ലീഷിലായാലും ആ വാക്കിനർതഥം ഒരാളുടെ അറിവ് (സിീംശിഴ ംശവേ ീിലലെഹള)[25] അതായത് ആന്തരികമായ ഒരു അറിവ് ആണ് (ശിിലൃ മംമൃലിലൈ) എന്തിനെക്കുറിച്ചും തെറ്റും ശരിയും എന്ന അറിവാണ് സുനേഡിസിസ് അഥവാ മനസ്സാക്ഷി എന്നതിന് ആമൗല്യ'ൈ ഹലഃശരീിൽ ധാർമ്മികമായ അറിവ് (ബോധം) എന്ന് ഉപയോഗിച്ചിട്ടുണ്ട്. (ാീൃമഹ രീിരെശീൗിലൈ).[26]

എല്ലാ മനുഷ്യർക്കും ജന്മനാൽ തന്നെ ചില കാര്യങ്ങൾ തെറ്റാണെന്നും വേറെ ചിലത് ശരിയാണെന്നും ഒരു അറിവുണ്ട്. ഒരാൾ എന്തുചെയ്താലും ഈ ആന്തരിക വഴികാട്ടി അയാളുടെ പ്രവർത്തി ശരിയായിരുന്നുവോ തെറ്റായിരുന്നുവോ എന്ന് സക്ഷ്യപ്പെടുത്തുന്നു.

ആന്തരികമായ ആ മുന്നറിയിപ്പിന്റെ ഫലത്തെ **അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തുകൊണ്ട്** ഒരാളുടെ മനസ്സാക്ഷി അവൻ ചെയ്തത് തെറ്റാണെന്ന് സാക്ഷ്യപ്പെടുത്തിയാൽ അവന്റെ ചിന്ത അവനെ കുറ്റപ്പെടുത്തും. (13:5 കാണുക) അതിനെ നാം കുറ്റമുള്ള മനസ്സാക്ഷിയെന്നു വിളിക്കുന്നു. ആ വ്യക്തിയുടെ മനസ്സാക്ഷി അവൻ ചെയ്തത് ശരിയാണെന്നു തീരുമാനിച്ചാൽ അവന്റെ ചിന്ത അവനുവേണ്ടി സംസാരിക്കും (9:1 കാണുക). അതിനെ നല്ല മനസാക്ഷി എന്ന് നാം പറയുന്നു.

ജാതികൾക്ക് വാസ്തവമായും ഒരു പ്രമാണമുണ്ടെന്ന് ഉറപ്പിച്ചശേഷം 3 കാര്യങ്ങൾ പറയുന്നു. ഹൃദയം, മനസ്സാക്ഷി വിചാരങ്ങൾ അതിനുശേഷം ഓരോന്നിനും ഓരോ പ്രവർത്തിയുണ്ടെന്നു പറയുന്നു. ഹൃദയം, മനസാക്ഷി, വിചാരങ്ങൾ എന്നിവ മൂന്നു വ്യത്യസ്ത കഴിവുകളാണെന്നു ചിന്തിക്കരുത്. മൂന്നും ദൈവം നമുക്കുതന്ന മനസ്സിന്റെ മൂന്നു പ്രവർത്തനങ്ങളാണ് അതേക്കുറിച്ചു. നമ്മുടെ മനോബോധത്തിന്റെ മൂന്നു പ്രവർത്തനങ്ങൾ എന്ന് ചിന്തിച്ചാൽ മതി. ആന്തരികമനുഷ്യനെ മൂന്നു അറകളായിതിരിക്കണമെന്നുള്ള ഉദ്ദേശത്തോടെ ഇവയെ മൂന്നായി പറഞ്ഞതല്ല. പൗലൊസിന്റെ ഉദ്ദേശം എല്ലാ

ബുദ്ധിജീവികൾക്കും നല്ല പ്രവർത്തനവും തെറ്റായ പ്രവർത്തനവും ഉണ്ടെന്ന് മനസിലാക്കിത്തരുന്ന ഒരു ആന്തരികപ്രവർത്തനം നടക്കുന്നുണ്ടെന്ന് വിവരിക്കുകയാണ്.

15-ാം വാക്യത്തിൽ നിയമപരമായ പല പേരുകളും ഉപയോഗിച്ചിട്ടുണ്ട്. ന്യായപ്രമാണം സാക്ഷിപറയുക, കുറ്റം ചുമത്തുക, പ്രതിവാദിക്കുക.[27] രംഗം ഒരു കോടതിമുറിയാണ്. ചള്ളആ ആ വാക്യത്തിന്റെ അവസാനഭാഗത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു. അവരുടെ മനസാക്ഷിയെ ഒരു സാക്ഷി എന്ന് സംബോധന ചെയ്തിരിക്കുന്നു. അവരുടെ സ്വന്തവിചാരങ്ങൾ അവക്കെതിരായോ അവർക്കു വേണ്ടിയോ ഏതെങ്കിലും ഭാഗത്തുനിന്ന് വാദിക്കുന്നു. ഈ കോടതിമുറിയിൽ മനഃസാക്ഷി ന്യായാധിപനായി സേവ ചെയ്യുന്നു. സാക്ഷിയും വിധിയും ഉടനെ തീരുമാനത്തിലെത്തുന്നു. ഉടനെ അത് വിധി നടപ്പാക്കുന്ന ആളായി കോടതിയുടെ വിധി നടപ്പാക്കുന്നു. ആൽഫ്രഡ് ടെണിസൺ കവിതാരൂപത്തിൽ ഇങ്ങനെ പറയുന്നു.

... നിശബ്ദമായ ഒരു കോടതി
എപ്പോഴും നീതി തന്റെ നെഞ്ചിൽ ഏറ്റുകൊണ്ടിരിക്കുന്നു,
അവൻ തന്നെ നെഞ്ചിലെ ന്യായാധിപൻ, ജൂറി,
തടവുകാരൻ എല്ലാം[28]

വീണ്ടും പൗലൊസ് മനുഷ്യവർഗ്ഗത്തിന്റെ സാർവലൗകീകമായ കുറ്റത്തെ സ്ഥാപിച്ചുറപ്പിക്കുന്ന, എല്ലായിടത്തുമുള്ള മനുഷ്യർക്ക് ജീവിതത്തിന് ഒരു ധാർമ്മികമായ നിലപാടുണ്ട്. സി. എസ്. ലൂയിസ് എഴുതി, ഭൂലോകത്തിലുള്ള എല്ലാ മനുഷ്യർക്കും തങ്ങൾ ഒരു പ്രത്യേക വിധത്തിൽ ജീവിയ്ക്കണമെന്നും അത് ഉപേക്ഷിക്കരുതെന്നും ഒരു അതിശയകരമായ ആശയം ഉണ്ട്.[29] ചിലപ്പോൾ അതനുസരിച്ച് ജീവിക്കയില്ല. അങ്ങനെ ജീവിക്കാഞ്ഞപ്പോൾ അവർക്കു സ്വയം കുറ്റബോധമുണ്ടാകും. ഫലത്തിൽ അവർക്കു അതിൽനി ന്നും ഒരു രക്ഷ വേണമെന്ന് ആഗ്രഹിക്കും.

**വാക്യം 16**. ന്യായവിധിയെക്കുറിച്ചുള്ള ചിന്തകൾ പൗലോസ് ഈ വാക്യത്തിൽ സമാപിപ്പിക്കുന്നു. ചിലർ വിചാരിക്കുന്നത് ഈ വാക്യം 12നോടു ചേർന്നു വായിക്കണമെന്നാണെങ്കിൽ മറ്റുചിലർ ചിന്തിക്കുന്നത് ഇത് സ്വാഭാവികമായി 13-ാം വാക്യത്തോടു ചേർന്നതാണന്നാണ്. (KJVയിൽ 2:13-15 വരെ ഒന്നായി കിടക്കുമ്പോൾ NIVയിൽ 2:14, 15 മാണ് ഒരുമിച്ച് കിടക്കുന്നത്) ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിളിൽ 14-ാം വാക്യത്തിൽ ആരംഭിച്ചിരിക്കുന്ന ആ വാക്യത്തെ 16-ാം വാക്യം പൂർത്തീകരിച്ചിരിക്കുന്നു. എങ്ങനെയായിരുന്നാലും ഈ ഒരു വാക്യം ആ അദ്ധ്യായത്തിന് യോജ്യമായ വിധത്തിൽ ഉപസംഹാരം നൽകുന്നതായി നമുക്ക് കാണാം.

**എന്റെ സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ ദൈവം അവരുടെ രഹസ്യങ്ങളെ യേശുക്രിസ്തുവിൽ ന്യായം വിധിക്കും** എന്നത് പൗലൊസ് ആ നാളിനെക്കുറിച്ചു പറയുന്നു. "എന്റെ സുവിശേഷം" എന്നത് അസാധാരണമായ ഒരു പ്രയോഗമാണ്. ഒരുപക്ഷെ പൗലൊസ് അർത്ഥമാക്കിയത്, കർത്താവ് തന്റെ സുവിശേഷം പൗലൊസിനെ ഭരമേൽപ്പിച്ചതിനുശേഷം, ആ സുവിശേഷം തന്റേതായി തീർന്നു എന്നാതായിരിക്കും. "എന്റെ സുവിശേഷത്താൽ" എന്നത് സുവിശേഷത്തിൽ അന്തർലീനമായിരിക്കുന്ന സത്യം നിമിത്തം മനുഷ്യജാ

തിയെ ന്യായം വിധിക്കുമെന്നതായിരിക്കും (യോഹന്നാൻ 12:48 കാണുക). എന്നാൽ ഇവിടെ ഇതിന്റെ അർത്ഥമാക്കുന്നത് ''സുവിശേഷ സംഭവങ്ങൾ എല്ലാ മനുഷ്യരേയും ന്യായംവിധിക്കുവാൻ പര്യാപ്തമാണെന്നതാണ്.

ഈ വാക്യം വളരെ ചെറുതാണെങ്കിലും ഇത് പലരേയും അതിശയിപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ആരാണ് ന്യായവിധി നടത്തുന്നത്, ''ദൈവമാണ് ക്രിസ്തുവിലൂടെ ന്യായാധിപതി. തന്റെ വ്യക്തിപരമായ ശുശ്രൂഷയിൽ ഉടനീളം യേശുക്രിസ്തു വ്യക്തമാക്കിയത് തന്നെയാണ് പിതാവ് ന്യായാധിപതിയാക്കിയതെന്നതാണ് (യോഹ. 5:22 നോക്കുക. മത്താ. 7:21–23; 25:31–33). പത്രൊസ് കൊർന്നെല്യോസിനോടു പറയുന്നത്, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ദൈവം യേശുക്രിസ്തുവിനെ ന്യായാധിപതിയാക്കിയെന്നതാണ് (പ്രവൃത്തി. 10:42). ''താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിക്കുവാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയിരിക്കുന്നു എന്ന് (പ്രവൃത്തി. 17:31–ൽ) പൗലൊസ് അരയോപക കുന്നിൽ നിന്ന് പ്രസംഗിച്ചത് കാണാം.

പലരും യേശുവിനെക്കുറിച്ച് നല്ലൊരു മനുഷ്യൻ, ശക്തനായ ഒരു അദ്ധ്യാപകൻ, നമ്മുടെ നല്ല രക്ഷിതാവ് എന്നൊക്കെയാണ് ചിന്തിക്കാറുള്ളത്– എന്നാൽ നമ്മുടെ ന്യായാധിപനായിട്ടല്ല. ''രക്ഷിതാവിനെക്കുറിച്ചുള്ള കാഴ്ച്ചപ്പാടിൽ ഈ ഭൂമുഖത്തു വെച്ച് തന്നെ അവൻ ന്യായാധിപനാണെന്ന കാര്യം കൂടെ ഉൾക്കൊള്ളുന്നതാണ് അഭികാമ്യം''[30]

ചിലർ അതിശയപ്പെടുന്നത് ആ നാളിൽ എന്തായിരിക്കും വെളിപ്പെടുക എന്നതാണ്. ''ദൈവം മനുഷ്യരുടെ രഹസ്യങ്ങളെ ന്യായം വിധിക്കും. ''രഹസ്യങ്ങൾ'' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന ഗ്രീക്കുപദം ''ക്രുപ്റ്റോസ്'' (κρυπτός, *kruptos*) എന്നതിന്റെ ബഹുവചനമാണ്. അതിന്റെ അർത്ഥം മറഞ്ഞിരിക്കുന്ന കാര്യങ്ങൾ അഥവാ രഹസ്യ സ്വഭാവമുള്ളത്. അത് മറ്റുള്ളവർക്ക് മനസ്സിലാക്കുവാൻ കഴിയാത്ത വിധം മറഞ്ഞിരിക്കുന്നു നമ്മുടെ മനസ്സിൽ ഉള്ള കാര്യങ്ങളാണ് (NCV). കൂടാതെ നമ്മുടെ ഉത്തേജനകമായ കാര്യങ്ങൾ (LB). കേൾക്കപ്പെടാത്ത വാക്കുകളും, രഹസ്യമായി ചെയ്തകാര്യങ്ങളും (NLT) യേശു പറഞ്ഞത് ''വെളിപ്പെടാത്തതായി ഒന്നുമില്ല, ഗൂഢമായതൊക്കെയും വെളിച്ചത്തിൽ വരുമെന്നാണ് (ലൂക്കൊ. 12:2; സഭാ. 12:14 കാണുക).

### യഹൂദന്മാരുടെ അനുസരണക്കേട് (2:17-24)

**[17]നീയോ യഹൂദൻ എന്ന് പേർകൊണ്ടും ന്യായപ്രമാണത്തിൽ ആശ്രയിച്ചും ദൈവത്തിൽ പ്രശംസിച്ചും ന്യായപ്രമാണത്തിൽനിന്നു പഠിക്കയാൽ [18]അവന്റെ ഇഷ്ടം അറിഞ്ഞും ഭേദാഭേദങ്ങൾ വിവേചിച്ചും [19]ജ്ഞാനത്തിന്റെയും സത്യത്തിന്റെയും സ്വരൂപം ന്യായപ്രമാണത്തിൽ നിന്ന് നിനക്ക് ലഭിച്ചതുകൊണ്ട് [20]നീ കുരുടർക്കു വഴികാട്ടുന്നവൻ, ഇരുട്ടിലുള്ളവർക്ക് വെളിച്ചം, മൂഢരെ പഠിപ്പിക്കുന്നവൻ, ശിശുക്കൾക്ക് ഉപദേഷ്ടാവ് എന്ന് ഉറച്ചുമിരിക്കുന്നെങ്കിൽ [21]ഹേ, അന്യനെ ഉപദേശിക്കുന്നവനേ, നീ നിന്നെത്തന്നെ ഉപദേശിക്കാത്തത് എന്ത്? മോഷ്ടിക്കരുത് എന്ന് പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? [22]വ്യഭിചാരം ചെയ്യരുത് എന്നു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ? വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രം കവർച്ച**

**ചെയ്യുന്നുവോ? [23]ന്യായപ്രമാണത്തിൽ പ്രശംസിക്കുന്ന നീ ന്യായപ്രമാണലംഘനത്താൽ ദൈവത്തെ അപമാനിക്കുന്നുവോ? [24]നിങ്ങൾ നിമിത്തം ദൈവത്തിന്റെ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ.**

ഈ ഭാഗത്തു പൗലൊസ് സംബോധന ചെയ്യുന്നത്, യഹൂദന്മാർ തങ്ങളെക്കുറിച്ചുതന്നെ ആത്മീകമായും മതപരമായും വിജാതിയരെക്കാൾ തങ്ങൾ ശ്രേഷ്ഠരാണെന്നതാണ്. യഹൂദന്മാരുടെ അഹങ്കാരധ്വനിയെ എതിർത്തുകൊണ്ട് അവരുടെ പാപത്തെ ബോധ്യപ്പെടുത്തുകയാണ് അപ്പൊസ്തലൻ ചെയ്യുന്നത്.

2:17–20 വരെ യഹൂദന്മാർ അനുഭവിച്ചുവന്ന പല നല്ല കാര്യങ്ങളെയും എടുത്തു പറയുന്നു. യഹൂദന്മാരിൽ നിന്നുള്ള ക്രിസ്തീയ വിശ്വാസികളെയും വിജാതിയരിൽ നിന്നുള്ള ക്രിസ്ത്യാനികളെയും കൂടുതൽ ബന്ധപ്പെടുത്തുവാനുള്ള ഉദ്യമത്തിലാണ് ഈ കാരണങ്ങൾ പൗലൊസ് നിരത്തുന്നത്. യഹൂദന്മാരെപ്പറ്റി പൗലൊസ് പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ ശരിയായതോ, ശരിയായി മനസ്സിലാക്കേണ്ടടതോ ആയവയാണ്.

2:21–24 വരെയുള്ള ഭാഗത്ത് പൗലൊസ് യഹൂദന്മാരെ നിർത്തിപൊരിക്കുന്ന നിരവധി ചോദ്യങ്ങൾ തൊടുത്തുവിട്ടു അവർ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടിട്ടും ദൈവിക ന്യായപ്രമാണ വെളിപ്പാടുകളെല്ലാം അവർക്കു ലഭിച്ചിട്ടും അവർ ദൈവം ആഗ്രഹിച്ച ആ നിലവാരത്തിനനുസരിച്ച് ജീവിച്ചില്ല. യഹൂദന്മാരുടെ സന്ദേശത്തിനുയോജ്യമായിരുന്നില്ല അവരുടെ പെരുമാറ്റങ്ങൾ. ദൈവത്തിനവരുടെ പ്രവർത്തികളാൽ മഹത്വം ലഭിക്കേണ്ടുന്നതിനു പകരം ദൈവത്തിന്റെ നാമം അവർ നിമിത്തം വിജാതിയരുടെ ഇടയിൽ ദുഷിക്കപ്പെട്ടു.

**വാക്യം 17.** ഗ്രീക്കു ബൈബിളിൽ ഈ വാക്യം ആരംഭിക്കുന്നത് എന്നാൽ'' എന്ന ഒരു പദത്തോടു കൂടെയാണ്. (εἰ, *ei*) എന്ന പദമാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. അത് ഗ്രീക്ക് ഭാഷയിൽ ഒന്നാംതരം ഒരു പദപ്രയോഗമാണ്. (ഒരു വ്യവസ്ഥ പൂർത്തീകരിക്കുവാൻ) ഉപയോഗിക്കുന്ന ഒരു പ്രധാന പദം[31] അതുകൊണ്ട് ‘‘എഇ’’ എന്ന പദം ‘‘അതിനാൽ’’ എന്ന ഒരർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. പൗലൊസ് പറയുന്നതിന്റെ ഗൗരവം ‘‘അതിനാൽ നിങ്ങൾ യഹൂദന്മാർ എന്നു പേരു ധരിച്ചിരിക്കുന്നു; അതിനാൽ നിങ്ങൾ ന്യായപ്രമാണത്തിൽ ആശ്രയിക്കുന്നു അതിനാൽ നിങ്ങൾ ദൈവത്തിൽ അഹങ്കരിക്കുന്നു; അതുപോലെ പലതും – 20 വരെയുള്ള വാക്യം. 17 മുതൽ 21 വരെയുള്ള ഒറ്റ വാക്യമാണ് ഗ്രീക്കു മൂലഭാഷയിലും NASBയിലും.

യഹൂദന്മാർക്കുണ്ടായിരുന്ന ഒരു ശ്രേഷ്ഠത അവരുടെ മതപരമായ പാരമ്പര്യമാണ്. ‘‘യഹൂദൻ’’ എന്ന **നാമം നിങ്ങൾ ധരിച്ചിരിക്കുന്നു**. ഈ ഒരു തലക്കെട്ട് 2 രാജാക്കന്മാർ 16:6 ലാണ് (KJV) ആദ്യമായി കാണുന്നത്. യഹൂദയുടെ തെക്കുഭാഗത്തു പാർക്കുന്നവരെ വിളിക്കുന്നതാണിത്. ബാബിലോൺ പ്രവാസത്തിനു ശേഷം പൊതുവെ യിസ്രായേലിനെ മുഴുവനായി ഇതൊരു വിളിപ്പേരാക്കി. (എസ്രാ. 5:1; നെഹ. 13:23). അതിന്റെ കാരണം ഒരുപക്ഷെ പ്രവാസത്തിൽ നിന്നും വിടുവിക്കപ്പെട്ടു പോന്നവർ തെക്കുനാടുകളിൽ നിന്നവരായതുകൊണ്ടായിരിക്കാം പുതിയനിയമ കാലഘട്ടമായപ്പോഴേക്കും തിരഞ്ഞെടുക്കപ്പെട്ട മുഴുവൻ യിസ്രായേലിന്റെയും സ്ഥാനപേരായി ‘‘യഹൂദന്മാർ’’ എന്നത്. (1:16; 2:9, 10, 17, 28, 29; 3:1, 9, 29; 9:24; 10:12) അവർ അഭിമാനത്തോടെ ആ നാമധേയം സ്വീകരിച്ചു.

രണ്ടാത്തെ അവർക്കുണ്ടായിരുന്ന പ്രത്യേകത, ദൈവം യഹൂദന്മാർക്ക്

ഒരു ന്യായപ്രമാണം കൊടുത്തു എന്നതാണ്. പൗലൊസ് പറഞ്ഞത് **നിങ്ങൾ ന്യായപ്രമാണത്തിൽ ആശ്രയിക്കുന്നു** ഗ്രീക്കു ഗ്രന്ഥത്തിൽ കൃത്യമായി ഇതിനൊരു പദസംജ്ഞയില്ല. (ദി) എന്ന ഒരു പദം ന്യായപ്രമാണത്തിനു മുമ്പില്ല. പ്രത്യേക പദസംജ്ഞ ഈ വാക്കിന്റെ മുമ്പിലോ പിമ്പിലോ വന്നതു കൊണ്ട് അർത്ഥവ്യത്യാസമൊന്നുമില്ലതന്നെ. ഈ പ്രത്യേക ഭാഗത്ത് മോശെക്ക് ലഭിച്ച ഒരു ന്യായപ്രമാണത്തെയാണ് വ്യക്തമാക്കുന്നത്. ചഅടആയിൽ നിയമത്തിനുപയോഗിച്ചിരിക്കുന്ന "ഘ" എന്ന അക്ഷരം വലിയക്ഷരത്തിലാണുള്ളത്. ദൈവം സർവ്വലോകത്തിലെയും ജാതികളിൽ വെച്ച് തങ്ങൾക്ക് ഒരു എഴുതപ്പെട്ട "നിയമാവലികൾ" തന്നുവെന്നത് യഹൂദന്മാർക്ക് വളരെ പ്രശംസനീയമായി തോന്നിയകാര്യമാണ്.

മോശെയിലൂടെ ലഭിച്ച ന്യായപ്രമാണം യഹൂദന്മാർക്ക് വലിയൊരു അനുഗ്രഹമായിരുന്നു. അവരതിൽ *ആശ്രയിച്ചു*. "ആശ്രയം വെക്കുക" എന്നതിന് ഗ്രീക്കിൽ എപ്പാനാപ്പാവോ (ἐπαναπαύω, *epanapauō*) എന്ന സങ്കര നാമമാണ് ഉപയോഗിച്ചിരിക്കുന്നത്. യഹൂദന്മാർ ന്യായപ്രമാണത്തിൽ പറ്റികിടക്കുന്നതിനെ സൂചിപ്പിക്കുന്ന പദമാണിത്. അവർക്കു മാത്രം ഉള്ളതും മറ്റാർക്കും ഇല്ലായെന്ന ചിന്തയോടുകൂടെ പറ്റി കിടക്കുന്നത്.

യഹൂദന്മാരുടെ മൂന്നാമത്തെ പ്രത്യേകതയെകുറിച്ച് പൗലൊസ് പറയുന്നത് അവരെ ദൈവം തിരഞ്ഞെടുത്തു സ്വന്തമാക്കിയെന്ന ഒരു അസാധാരണ ബന്ധത്തെയാണ്. അദ്ദേഹം അവരെക്കുറിച്ചെഴുതിയത് (നിങ്ങൾ) **ദൈവത്തിൽ പ്രശംസിക്കുന്നു.** പ്രശംസിക്കുന്നു എന്നതിന്റെ ഗ്രീക്കുപദം, കാങ്കാമോയ് (καυχάομαι, *kauchaomai*) എന്നാൽ മഹത്വം, ഉന്നതിയിൽ (ആനന്ദിക്കുക)[32] (5:11 കാണുക). ദൈവത്തിൽ പുകഴുക, അല്ലാതെ സ്വയത്തിൽ അല്ല (യിരെ. 9:23, 24). എന്നാൽ റോമർ 2:17–ൽ പറഞ്ഞിരിക്കുന്ന ദൈവത്തിൽ പുകഴുക അഥവാ പ്രശംസിക്കുക എന്നത് അവർക്ക് ദൈവമുണ്ടെന്നതിന്റെ സ്വയ പ്രശംസയാണ്. "ഒരു യഹൂദനല്ലാതെ മറ്റാർക്കും ദൈവത്തെ അറിയുകയില്ലായെന്നതിന്റെ പ്രശംസയാണവർക്കുണ്ടായിരുന്നത്"[33] ചകഢയിൽ "നിങ്ങൾക്ക് ദൈവത്തോടുള്ള ബന്ധത്തെക്കുറിച്ച് നിങ്ങൾ ...അഹങ്കരിക്കുന്നു" എന്നാണ്.

**വാക്യം 18.** യഹൂദന്മാർ അവർക്ക് ന്യായപ്രമാണം അവകാശപ്പെട്ടതായിരുന്നുവെന്നു മാത്രമല്ല, അതിലെ പ്രയോജികരുമായിരുന്നു അവർ. പൗലൊസ് അവരോടു പറയുന്നത് (നിങ്ങൾ) **ദൈവത്തിന്റെ ഹിതം അറിയുന്നു... അത് ന്യായപ്രമാണപ്രകാരം നിങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ടല്ലോ**. മൂലഗ്രീക്കിൽ "ഹിതം" എന്നു മാത്രമേയുള്ളുവെങ്കിലും അത് ദൈവഹിതമാണെന്ന് ആ ഭാഗത്തു നിന്നും വ്യക്തമാക്കുന്നു. നിങ്ങൾക്ക് നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ട് എന്നതിന്റെ ഗ്രീക്കു വാക്ക് "കാറ്റഗീയോ" (κατηχέω, *katēcheō*) എന്നതാണ്. ആ വാക്കിൽനിന്നാണ് കാറ്റഗിസം എന്ന പദം നമുക്ക് ലഭിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം "വാ മൊഴിയാൽ നമുക്കു ലഭിച്ച നിർദ്ദേശങ്ങൾ" എന്നാണ്[34]. കൈകളാൽ എഴുതപ്പെടേണ്ടിയിരുന്ന തിരുവെഴുത്തുകൾ എല്ലാവർക്കും സുലഭമല്ലായ്കയാൽ വാമൊഴിയാലുള്ള നിർദ്ദേശങ്ങളാണ് നല്കപ്പെട്ടിരുന്നത്. അവർക്ക് വായിച്ചു നല്കിയതിനാലാണ് അവരത് മനസ്സിലാക്കുവാൻ ഇടയായതെന്ന് (ഗുഡ്സ്പീഡ്) പറഞ്ഞിരിക്കുന്നു.

കൂടാതെ അവർ ന്യായപ്രമാണം പഠിക്കുകമാത്രമായിരുന്നില്ല ജീവിതത്തിൽ പകർത്തുവാനുംകൂടെ പഠിച്ചിരുന്നു. അതിനാൽ **അത്യാവശ്യമായവ അവർ അംഗീകരിച്ചാൽ മാത്രമേ** സാദ്ധ്യമാകുകയുള്ളൂ. ഈ ഒരു പദം

ഒരല്പം വൈഷമ്യമായതാണ്. ‘‘അംഗീകരിക്കുക’’ എന്നത് (ഡൊക്കിനാസോ) എന്ന പദത്തിൽ നിന്നുള്ളതാണ്. അടിസ്ഥാന അർത്ഥം ‘‘പരിശോധിക്കുക’’ എന്നതാണെങ്കിലും അതിന്റെ മറ്റൊരർത്ഥം ‘‘അംഗീകരിക്കുക’’[35] എന്നതാണ്. ആവശ്യമായിരിക്കുന്നത് എല്ലാം (ഡൈഫോറോ) എന്ന പദത്തിന്റെ അർത്ഥം ‘‘വ്യത്യസ്തമായിരിക്കുന്നത്’’ ഒന്നിൽ നിന്നും വിഭിന്നമായത് എന്നും ശരിയും തെറ്റും തമ്മിലുള്ള വ്യത്യസ്തത എന്നുമൊക്കെ വിവർത്തനം ചെയ്യപ്പെടുന്നു.[36] (ചഋആ). ഇതിനെ മറ്റൊരർത്ഥം കൂടെ കല്പ്പിക്കാം, നല്ലത്, അധികം കാമ്യമായ ത്, ഏറ്റവും ശരിയായത്. (ചകഢ)[37] എന്തായിരുന്നാലും ചുരുക്കത്തിൽ യഹൂദന്മാരെ പഠിപ്പിച്ചതായ കാര്യങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കുവാനും ഈ ന്യായപ്രമാണങ്ങളായിരുന്നു.

**വാക്യങ്ങൾ 19, 20.** അവരുടെ അനുഗ്രഹങ്ങളാൽ അവർക്ക് പ്രാഗൽഭ്യമുണ്ടായിരുന്നു. പ്രാഗൽഭ്യം എന്നത് പെയ്തോ (πείθω, *peitho*) എന്ന മൂലപദത്തിൽ നിന്നുള്ളതാണ്. അർത്ഥം ‘‘ഉദ്ധിജീവിപ്പിക്കുക’’ യഹൂദന്മാർ പൂർണ്ണമായും തങ്ങൾക്ക് ലഭിച്ച ന്യായപ്രമാണത്തിൽ പ്രശംസിക്കുകയും അത് പ്രവർത്തിപ്പിക്കാൻ ഉദ്ധിജീവിക്കപ്പെട്ടവരാണെന്ന പ്രാഗത്ഭ്യമുള്ളവരുമായിരുന്നു.

യഹൂദന്മാർ തങ്ങളെ കണ്ടത് **അന്ധരായവർക്ക് വഴികാട്ടികളും, അന്ധകാരത്തിലുള്ളവർക്ക് വെളിച്ചമായിട്ടുമായിരുന്നു.** 1-ാംഅദ്ധ്യായത്തിൽ പൗലൊസ് വിവരിക്കുന്നത് വിജാതിയർ തങ്ങളുടെ ഹൃദയത്തെ ‘‘ഇരുട്ടാക്കി’’ (1:21) എന്നതാണ് അന്ധകാരത്തിന്റെ നാമം. 2:19-ൽ സ്കോട്ടിസോ (σκότος, *skotos*) യെശയ്യാവ് പ്രവാചകനിലൂടെ ദൈവം തന്റെ ജനത്തോടു പറഞ്ഞിരുന്നത് ‘‘*കുരുട്ടുകണ്ണുകൾ തുറക്കുവാനും, ബന്ധനസ്ഥരെ കുണ്ടറയിൽ നിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽ നിന്നും വിടുവിക്കുവാനും* യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കുന്നു (1:21). ഞാൻ നിന്റെ കൈപിടിച്ച് നിന്നെ കാക്കും; നിന്നെ ജനത്തിന്റെ നിയമവും ജനതകളുടെ പ്രകാശവും ആക്കും (യെശ. 42:6, 7). ഒന്നാം നൂറ്റാണ്ടിലെ യഹൂദന്മാർ വിജാതിയരെ തങ്ങളിലേക്ക് മതപരിവർത്തനം നടത്തുവാൻ ഉദ്യമിച്ചിരുന്നുവെന്ന് യേശുവിന്റെ വാക്കുകളിൽ നിന്നും മനസ്സിലാക്കാം. മത്താ. 23:15ൽ അതു വ്യക്തമാണ്. എന്നാൽ അവരുടെ കപടഭക്തിയെ യേശു വിളിച്ചത് കുരുടരായ വഴികാട്ടികൾ എന്നതായിരുന്നു’’ (മത്താ. 23:16, 24).

യഹൂദന്മാർ തങ്ങളെക്കുറിച്ച് മനസ്സിലാക്കിയിരുന്നത് **മൗഢ്യങ്ങളെ തിരുത്തുന്നവരെന്നും, അപക്വതരെ പഠിപ്പിക്കുന്നവർ** എന്നുമായിരുന്നു. 2:20-ൽ പറഞ്ഞിരിക്കുന്ന മൗഢ്യതയുള്ളവർ, അഫ്രോൺ (ἄφρων, *aphrōn*) എന്നത് വിഢികൾ എന്നു 1:21, 22-ൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വ്യത്യസ്തതയുള്ളതാണെങ്കിലും ആശയം ഒന്നുതന്നെയാണ്. അപക്വതയുള്ളവർ എന്നതിനുപയോഗിച്ച ഗ്രീക്കു പദം, നിപ്പിയോസ് (νήπιος, *nēpios*) യഥാർത്ഥ അർത്ഥം സംസാരിക്കുവാൻ ശക്തിയില്ലാത്തവർ എന്നത് ചെറിയ കുട്ടികളെ ഉദ്ദേശിച്ചിട്ടുള്ളതാണ്. ക്രമേണ ഇത് ശിശുക്കൾക്കും, കുട്ടികൾക്കും, യൗവ്വനക്കാർക്കും ഉപയോഗിച്ചിട്ടുണ്ട് (ഗഖഢ, ചകഢ, ഞടഢ എന്നിവ കാണുക). നെപ്പിയോസ് എന്ന പദം പുതിയനിയമത്തിൽ ആത്മീക പക്വത ആർജ്ജിക്കാത്ത ക്രൈസ്തവരെ സൂചിപ്പിക്കാനും ഉപയോഗിച്ചിട്ടുണ്ട് (1 കൊരി. 3:1; എബ്രാ. 5:13). റോമർ 2:20ൽ ഇത് ഒരുപക്ഷെ ഉദ്ദേശിക്കുന്നത് അപക്വതയുള്ള വിജാതിയരെയാണ്. യഹൂദന്മാർ തങ്ങളെക്കുറിച്ചുതന്നെ കാണുന്നത് നായകരായും, വെളിച്ചമായും തിരുത്തുന്നവരായും, അദ്ധ്യാപനം ചെയ്യുന്നവരുമായിട്ടാണ്. എന്നാൽ വിജാ

തിയരെ അവർ തരം തിരിച്ചിരിക്കുന്നത് അന്ധരും, അന്ധകാരത്തിലുള്ളവരും, മൗഢ്യരും, പക്വതയില്ലാത്തവരുമായിട്ടായിരുന്നു.

യഹൂദന്മാർക്ക് അവരുടെ **ന്യായപ്രമാണം അറിവിന്റെയും സത്യത്തിന്റെയും മൂർത്തീഭാവമായിട്ടാണ്** കണ്ടിരുന്നത്. മൂർത്തിഭാവം എന്നത് മൊർഫോസിസ് (μόρφωσις, *morphōsis*) മോർഫെ (μορφή, *morphē*) എന്ന വക്കുമായി ബന്ധപ്പെട്ടതാണ്. അതിന്റെ *ശരിയായ അർത്ഥം* ഒരു വ്യക്തിയുടേയോ സാധനത്തിന്റെയോ പ്രകൃതത്തെയാണ് വെളിപ്പെടുത്തുന്നത്.[38] മോശയുടെ ന്യായപ്രമാണം പഴയനിയമ കാലഘട്ടത്തിൽ അറിവിന്റെയും സത്യത്തിന്റെയും സത്തയായിട്ടാണ് കണ്ടത്.

19, 20 വാക്യങ്ങളെ സംബന്ധിച്ച് രണ്ടു യാഥാർത്ഥ്യങ്ങളാണ് മനസ്സിലാക്കേണ്ടത്. ഒന്നാമത് വിജാതിയരെ സംബന്ധിച്ച വിവരങ്ങൾ ഒരു പാരിതോഷികമോ ശരിയായതല്ലാത്തതോ അല്ല. രണ്ടാമതായി ആ വാക്യം പ്രതിഫലിപ്പിക്കുന്നത് ആത്മീക ശാഠ്യത്തെയാണ്. യഹൂദന്മാരുടെ ദേശത്തുനിന്നും ദൈവം ആഗ്രഹിച്ചതിന്റെ ശരിയായ ഒരു വിവരണമാണത്. ഇ.ഋ.ആ. ക്രാൻഫീൽഡ് പറഞ്ഞത് 19–20 വാക്യങ്ങളിൽ പൗലൊസ് പറഞ്ഞിരിക്കുന്നത് യഹൂദന്മാരുടെ ദൈവീക വിളിയെ സംബന്ധിച്ചുള്ള കാര്യങ്ങളാണ്.[39]

**വാക്യങ്ങൾ 21, 22.** രണ്ടാമദ്ധ്യായത്തിലെ പ്രാരംഭ വാക്യങ്ങളിൽ നല്കിയ ആഘാതത്തെതുടർന്ന് വന്ന കാര്യങ്ങൾ യഹൂദന്മാർ പൗലൊസിന്റെ വാക്കുകളോടു യോജിക്കുന്നവയായിരുന്നു. (17–ാം വാക്യം ആരംഭഭാഗം) വീണ്ടും പൗലൊസ് അവരെ അടിച്ചമർത്തുന്ന തരത്തിൽ അതിനെ ഉപസംഹരിക്കുന്നു. 17–ാം വാക്യം ദൈർഘ്യമുള്ളത് അവസാനിപ്പിക്കുന്നത് ചോദ്യങ്ങളോടുകൂടെയാണ്. **മറ്റുള്ളവരെ, പഠിപ്പിക്കുന്നവരായ നിങ്ങൾ നിങ്ങളെത്തന്നെ പഠിപ്പിക്കാത്തത് എന്തുകൊണ്ട്?** ഫിലിപ്പോസ് പറയുന്നത്. ‘‘മറ്റുള്ളവരെ നിർദ്ദേശിക്കാൻ തക്കവിധം നിങ്ങളെതന്നെ നിർദ്ദേശങ്ങൾക്ക് വശംവദരാകാതിരിക്കുന്നതെന്തുകൊണ്ട് എന്ന്?’’

പൗലൊസ് സ്വകുടുംബത്തെ നിരവധി ചോദ്യങ്ങളാൽ അടിച്ചിരുത്തുകയാണ്. പൗലൊസ് വിജാതിയരെ അവരുടെ പാപങ്ങളെ മൂന്നുതരത്തിൽ തിരിച്ച് കുറ്റക്കാരാണെന്ന് സമ്മതിപ്പിക്കുന്നു. വിഗ്രഹാരാധികൾ, ദുർന്നടപ്പുകാർ, മോഷ്ടാക്കൾ ഇപ്പോൾ അതിനെ നേരെ തിരിച്ചിട്ടുകൊണ്ട് യഹൂദന്മാരും ഈ മൂന്നു കുറ്റങ്ങൾക്ക് കാരണക്കാരാണെന്ന് വ്യക്തമാക്കുന്നു.

*മോഷണം:* **മോഷ്ടിക്കരുതെന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ?** മോഷണത്തിനുപയോഗിച്ചിരിക്കുന്ന ക്ലെപ്റ്റോ (κλέπτω, *kleptō*)- എന്നത് പരസ്യമായ മോഷണത്തെയല്ല (ബാങ്ക് കവർച്ച) മറിച്ച് രഹസ്യമായി ചെയ്യുന്ന മോഷണം. എട്ടാമത്തെ കല്പന പഠിപ്പിക്കുന്നത്. ‘‘മോഷ്ടിക്കരുത്’’ (പുറപ്പാട് 20:15) എന്നിരുന്നാലും യഹൂദന്മാർ മറ്റുള്ളവർക്കവകാശപ്പെട്ടത് തങ്ങളുടെതാക്കുവാൻ ശ്രമിച്ചുപോന്നു. യഹൂദന്മാരുടെ നേതാക്കന്മാർ ദൈവാലയത്തെ കള്ളന്മാരുടെ ഗുഹയാക്കി മാറ്റി (മർ. 11:17). പരീശന്മാർ പൂർണ്ണമായും പിടിച്ചുപറിക്കാർക്ക് സമാരായിരുന്നു (മത്താ. 23:25) അവർ വിധവകളുടെ വീടുകളെ വിഴുങ്ങിക്കളഞ്ഞു (മർ. 12:40). മുതിർന്ന യഹൂദന്മാർ തങ്ങളുടെ മാതാപിതാക്കൾക്കുള്ളതിനെ അപഹരിച്ചെടുത്തു (മർ. 7:9–13).

*അധാർമ്മികത:* **വ്യഭിചാരം ചെയ്യരുതെന്നു പറയുന്ന നീ വ്യഭിചരിക്കുന്നുവോ?** ഇളൂഢയിൽ പറയുന്നത് ‘‘വിവാഹത്തിൽ ദമ്പതികൾ വിശ്വസ്തരായിരിക്കണമെന്ന്’’ പറയുന്നു. എന്നാൽ നീ വിശ്വസ്തനാണോ? ഏഴാം കല്പന

പറയുന്നത് ''വ്യഭിചാരം ചെയ്യരുതെന്നാണ്'' (പുറ. 20:14) വ്യഭിചാരത്തിൽ ലോകം മുഴുവനും നിറയപ്പെട്ടിരിക്കുകയാണ്. യഹൂദന്മാരും അതിൽ നിന്നും വിഭിന്നരല്ല. (യിരെമ്യ. 5:7, 8 കാണുക) ഖ. ണ. മാക്ക്ഗ്രെയിയുടെ അഭിപ്രായത്തിൽ യഹൂദന്മാരുടെ ''തന്റമൂദ്'' റബ്ബിമാരുടെ വ്യഭിചാരത്താൽ നടക്കുന്ന ഉൽസവങ്ങളെക്കുറിച്ചു പ്രതിപാദിച്ചിട്ടുണ്ട്. വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ സംഭവം അതിനു വളരെ ഉപോൽബലകമായ ഉദാഹരണമായി കാണാം (യോഹ. 7:53-8:11). ആ വ്യഭിചാരകർമ്മത്തിൽ ഉണ്ടായിരുന്ന പുരുഷൻ എവിടെയെന്നു നമ്മൾ അതിശയത്തോടെ ചോദിക്കും? എന്തുകൊണ്ടാണവന്റെ പാപത്തെ അവർ വിസ്മരിച്ചത്?

*വിഗ്രഹാരാധന.* **വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രം കവർച്ച ചെയ്യുന്നുവോ?** നമുക്കു ഒരു പക്ഷേ ഇതിന്റെ പൂർണ്ണ അർത്ഥം ഇന്നത്തെ സാഹചര്യത്തിൽ ഗ്രഹിക്കാവതല്ലായെങ്കിലും അന്നത്തെ സംഭവങ്ങൾ അറിയാവുന്ന വായനക്കാർക്ക് ഈ ചോദ്യത്തിന്റെ പൊരുൾ വ്യക്തമാക്കുന്നതാണ്. വിഗ്രഹങ്ങളെ വെറുക്കുന്നവരായിരുന്നു യഹൂദന്മാർ എന്നതു നമുക്കറിയാം. പഴയനിയമകാലഘട്ടങ്ങളിൽ യഹൂദന്മാർ വിഗ്രഹങ്ങളെ സേവിച്ചതിന്റെ പരിണതഫലമായി സംഭവിച്ചതും അവരുടെ ജീവിതങ്ങൾ കെണികളിൽ വീണതും വ്യക്തമാണ്. അവർ ബാബിലോണ്യ പ്രവാസത്തിൽ നിന്നും മടങ്ങിവന്നപ്പോൾ വിഗ്രഹങ്ങളോടവരുടെ ഹൃദയങ്ങൾ പൂർണ്ണമായി അകന്നിരുന്നു. റോമാക്കാരുമായി യഹൂദർക്കുണ്ടായ നിരവധി പ്രശ്നങ്ങളിൽ ചിലത് ഈ വിഗ്രഹാരാധനയുമായി ബന്ധപ്പെട്ടതായിരുന്നു. അതിനാൽ ഈ ചോദ്യത്തിലെ ആദ്യഭാഗം വളരെ വ്യക്തത നല്കുന്നതാണ്. എന്നാൽ നിങ്ങൾ ക്ഷേത്രം കവർച്ച ചെയ്യുന്നുവോ എന്ന ചോദ്യത്തിനർത്ഥമെന്താണ്?

നിങ്ങൾ ക്ഷേത്രങ്ങൾ കവർച്ചചെയ്യുന്നുവോ? എന്നത് ഒരു ഗ്രീക്ക് ക്രിയയിൽ നിന്നും പരിഭാഷപ്പെടുത്തിയിരിക്കുന്നതാണ്. ഹെയ്റോസൂട്ടോ (ἱεροσυλέω, *hierosuleō*) എന്ന പദത്തിൽ നിന്നുമാണത്. - ക്ഷേത്രങ്ങൾ - മോഷ്ടിക്കുക എന്നതാണ് ആ പദത്തിനർത്ഥം. ഇറോൻ (ἱερόν, *hieron*) എന്നും മോഷണം സൊലോ (συλάω, *sulaō*) എന്നുമുള്ള ക്രിയകൾ-ഹെയിറോൻ എന്നാൽ വിശുദ്ധ (സ്ഥലം) അഥവ വിശുദ്ധ (വസ്തുക്കൾ) അതിനാൽ വിശുദ്ധമായ കാര്യങ്ങളെ സ്വന്തമാക്കിയെടുക്കുന്നതായി ചിന്തിക്കാം (വിശുദ്ധാപഹരണം, ഗഖഢ).

ചില എഴുത്തുകാർ കാണുന്നത് രണ്ടു ചോദ്യങ്ങളുടെയും ആദ്യഭാഗത്തെ രണ്ടാം ഭാഗത്തെ ചോദ്യങ്ങളാക്കി അവതരിപ്പിക്കുന്നുവെന്നാണ്. അതിനാൽ യഹൂദന്മാർ വെറുക്കുന്നു എന്നു വാദിക്കുന്ന 'ക്ഷേത്രാപഹരണം' അവർ ചെയ്തു പോരുന്നു എന്നതാണതിന്റെ വിവക്ഷ. ഒരു എഴുത്തുകാരൻ ഉപസംഹരിക്കുന്നത്, യഹൂദന്മാർ വെറുക്കുന്നുവെന്ന് അവകാശപ്പെടുന്ന വിഗ്രഹാരാധനകളെ വിജാതിയ ക്ഷേത്രങ്ങളൽ ചെന്ന് രഹസ്യമായി ചെയ്തുപോരുന്നു എന്ന് വ്യക്തമാക്കുകയാണ് പൗലൊസ്.[41]

മറ്റുള്ളവരും സമ്മതിക്കുന്നത് ''ക്ഷേത്രങ്ങൾ'' എന്നത് വിജാതീയ ആരാധന കേന്ദ്രങ്ങൾ ആണന്നുതന്നെയാണ് (ഫലിപ്പ്; ചഘഠ). എന്നാൽ അവയെ എങ്ങനെയാണ് മോഷ്ടിക്കുന്നതെന്ന് അവർക്ക് സമ്മതിക്കുവാൻ കഴിയുകയില്ല. വിജാതീയ ക്ഷേത്രങ്ങളിൽ ധനങ്ങൾ സ്വരൂപിച്ചുകൂട്ടാൻ ഇടയുണ്ടായിരുന്നതിനാൽ യഹൂദന്മാർ അവിടെ ചെന്ന് അവയെ മോഷ്ടിച്ചതാകുവാൻ വഴിയുണ്ടെന്നാണ് ചിലരുടെ അഭിപ്രായങ്ങൾ - ചിലരുടെ നിർദ്ദേശങ്ങൾ

ഇതിനെ സംബന്ധിച്ച്, വളരെ വിലപിടിപ്പുള്ള ലോഹങ്ങൾ കൊണ്ടുണ്ടാക്കിയ ചെറിയ വിഗ്രഹങ്ങൾ മോഷ്ടിച്ച്, ഉരുക്കി വില്ക്കുന്നതിനെയാണ് പൗലൊസ് ഇങ്ങനെ പറയുന്നതെന്നാണ്. പുതിയ നിയമത്തിൽ ക്ഷേത്ര കവർച്ചയെ കുറിച്ച് പരാമർശിക്കുന്ന മറ്റൊരു ഏകഭാഗം (പ്രവൃത്തി. 19:37–ൽ) ആണ്. യഹൂദന്മാർ തുച്ഛീകരിക്കുന്നതിനെ വിൽപ്പന ചരക്കാക്കി മുതലുണ്ടാക്കുന്നതിൽ മടിയില്ലാത്തവരായിരുന്നു എന്നു കാണാം. യഹൂദന്മാരുടെ എഴുത്തുകളുടെ അടിസ്ഥാനത്തിൽ, യഹൂദന്മാർ വിഗ്രഹങ്ങളെ തുച്ഛവിലക്കു വാങ്ങി വിജാതിയർക്ക് വിലകൂട്ടി വില്ക്കുന്നവരായിരുന്നു എന്നതാണ് മനസ്സിലാക്കാവുന്നത്.[42] ഈ എല്ലാ കാര്യങ്ങളും സാദ്ധ്യതകളുള്ളതാണ് എന്നാൽ പൗലൊസ് ഉദ്ദേശിച്ചത് ഇതിൽ എതാണെന്ന് വ്യക്തമല്ല.

ചില എഴുത്തുകാർ ചിന്തിക്കുന്നത്, ക്ഷേത്ര കവർച്ച എന്ന് യെരുശലേമിലെ യഹൂദന്മാരുടെ ആലയത്തെ കുറിച്ചാണ്. മലാഖി യഹൂദന്മാരെകുറിച്ചു പറഞ്ഞത് അവർ ദൈവത്തെ കൊള്ളയടിച്ചു എന്നാണ്. അതെങ്ങനെയെന്നാൽ ദൈവലായ ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാർക്ക് കൊടുക്കുവാനുള്ളത് കൊടുക്കാതിരുന്നതിനാൽ (മലാ. 3:8). റോമിൽ പാർത്തിരുന്ന നാലു യഹൂദന്മാരെകുറിച്ച് ജോസഫസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു യഹൂദ മതാനുസാരി അവരെ ഏല്പിച്ച പൊന്നും പട്ടുകളും അവർ തങ്ങൾക്കുവേണ്ടി ദുരുപയോഗം ചെയ്തകാര്യം. യെരുശലേം ദൈവാലയത്തിലേക്ക് നൽകിയതാണങ്കിലും തങ്ങൾക്കായിതന്നെ അവരത് ഉപയോഗിച്ചു.[43] ABയിൽ റോമർ 2:22 നെ വിശദീകരിച്ചു പറയുന്നത്. (ദൈവത്തിനുവേണ്ടി മാറ്റിവെച്ചതിനെ നിങ്ങൾക്കുവേണ്ടി തന്നെ നിങ്ങൾ ഉപയോഗിച്ചുകൊണ്ട് ദൈവത്തിന്റെ തിരുനിവാസത്തെ നിങ്ങൾ കൊള്ളയടിക്കുകയും മലിനപ്പെടുത്തുകയും ചെയ്യുന്നുവോ?)

പല വ്യാഖ്യാതാക്കളും ഈ ഒരു പദത്തിലെ ചോദ്യത്തിന്റെ അർത്ഥം വളരെ ലളിതമായി കാണുന്നത്. "പരിശുദ്ധനായവന് അർഹതപ്പെട്ടതെല്ലാം നിങ്ങൾക്കായി നിങ്ങൾ കൊള്ളയടിക്കുന്നുവോ" എന്നാണ് റിച്ചാർഡ് എ. ബാറ്റെ ചിന്തിക്കുന്നത്. പൗലൊസ് വിശുദ്ധിയുടെ ആദരവിനെക്കുറിച്ചാണ് പറയുന്നതെന്നാണ്:

> (പൗലൊസ്) യഹൂദന്മാരെ കുറ്റപ്പെടുത്തുന്നത്, വിഗ്രഹത്തെ വെറുക്കുക എന്നത് യഹൂദന് യോജ്യമാണ് കാരണം ഒന്നും (രണ്ടും) കല്പനകളെ ലംഘിക്കുവാൻ അവന് സാദ്ധ്യമല്ല (പുറപ്പാട് 20:3, 4) എന്നാൽ ദൈവത്തിന്റെ പൂർണ്ണആദരവിൽ അവനേയും അവനുള്ളതിനെയും സമർപ്പിക്കുവാൻ സാധിക്കാതിരിക്കുന്നത് ദൈവത്തെ കൊള്ളയടിക്കുന്നതിനും തൽഫലമായി സർവ്വശക്തന്റെ വിശുദ്ധിയെ തങ്ങളുടെ ജീവിതത്തിൽ ഇല്ലാതാക്കുന്നതിനും കാരണമാകുന്നുവെന്നാണ്.[44]

ചാൾസ് ഹോഡ്ജെ ഇതിനു സമാനമായ ഒരു ചിന്തയാണ് മുന്നോട്ടുവെക്കുന്നത്:

> "ദൈവാലയത്തെ കൊള്ളയടിക്കുക" എന്നത് വിശാലമായ ഒരർത്ഥത്തിൽ, ദൈവികമായ കാര്യങ്ങളിലെ താല്പര്യകുറവും, ദൈവീക വിശുദ്ധിയോടുള്ള അനാദരവും ആയിരിക്കാം. ഇത് ഈ സാഹചര്യത്തിൽ ഗ്രഹിക്കാവുന്നത്, "വിഗ്രഹാരാധന ഉപേക്ഷിച്ചുകൊണ്ട് ദൈവത്തോടു

വലിയ ആദരവുണ്ടെന്ന് പറയുന്നതല്ലാതെ, അനാദരവോടെ ദൈവ ത്തിന്റെ അടുക്കൽ വരുന്നതിനാൽ ഉണ്ടാകുന്ന കുറ്റമാണ്.''[45]

നമുക്ക് പൗലൊസ് എന്താണ് ഈ വിഷയത്തെ സംബന്ധിച്ച് ഇത്ര ശക്ത മായി പറഞ്ഞിരിക്കുന്നതെന്നറിയില്ലെങ്കിലും പൊതുവിലുള്ള ഈ മൂന്നു ചോദ്യങ്ങളിലെ ഊന്നൽ ആർക്കും തിരസ്ക്കരിക്കാൻ കഴിയില്ല. യഹൂദന്മാർ *അസ്ഥിരന്മാർ* ആയിരുന്നു. അവർ ഒന്നു പറയുകയും മറ്റൊന്നു പ്രവർത്തിക്കു കയും ചെയ്തവരായിരുന്നു. അവർ പ്രസംഗിച്ചിരുന്നു എന്നാൽ അത് അവർ പ്രായോഗികമാക്കിയിരുന്നില്ല.

**വാക്യം 23.** പൗലൊസിന് ഈ കൂട്ടത്തിൽ ഒരു ചോദ്യം കൂടെ ഉണ്ടായി രുന്നു. അതവരുടെ അസ്ഥിരതയെ ഊന്നി പറയുന്ന കാര്യമായിരുന്നു: **ന്യായ പ്രമാണത്തിൽ പ്രശംസിക്കുന്ന നിങ്ങൾ അതേ പ്രമാണം ലംഘിച്ചുകൊണ്ട് ദൈവത്തോടു പാപം ചെയ്യുന്നുവോ?** യഹൂദന്മാർക്ക് മാത്രമേ ദൈവത്തിന്റെ ന്യായപ്രമാണവും അരുളപ്പാടും ലഭിച്ചിരുന്നുള്ളുവെന്നവർ പ്രശംസിച്ചിരുന്നു (3:2). ഒരു രാജ്യമെന്ന നിലയിൽ ദൈവം അവരെ ന്യായപ്രമാണം ഏല്പിച്ചതിലുള്ള സന്തോഷവും അതിന്റെ അടയാളമാണെന്ന സംഗതിയും അവർക്ക് കൂടുതൽ പ്രശംസ ഉണ്ടാക്കിയിരുന്നു.[46] അങ്ങനെയിരിക്കെ ഒരു നിമിഷം ആ ന്യായപ്രമാ ണത്തെക്കുറിച്ചു പറയുകയും തൽക്ഷണം തന്നെ അതിനെ ലംഘിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു!

യഹൂദന്മാർക്ക് വളരെ സാദ്ധ്യതകളെയും നല്കിയിരുന്നു. എന്നാൽ അവയെല്ലാം അവർക്കൊരു ഭാരമായി തീർന്നു. ദൈവം അവരോടു കൂടുതൽ കരുണയും കരുതലും കാണിച്ചപ്പോൾ തന്നെ അവരിൽ നിന്നും ഉത്തരവാദി ത്തങ്ങളും പ്രതീക്ഷിച്ചു (ലൂക്കൊ. 12:48; യാക്കൊ. 3:1). ആമോസ് പ്രവാചകൻ യിസ്രായേലിനെ താക്കീതു ചെയ്യുന്നു. ''ഭൂമിയിലെ സകല വംശങ്ങളിൽ നിന്നും ഞാൻ നിങ്ങളെ മാത്രം തിരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ട് ഞാൻ നിങ്ങളുടെ അകൃത്യങ്ങളെ നിങ്ങളിൽ സന്ദർശിക്കും'' (ആമോ. 3:2).

യഹൂദന്മാരുടെ അസ്ഥിരത അവരേയും അവരുടെ ദൈവത്തോടുള്ള ബന്ധത്തെയും മാത്രമല്ല ബാധിച്ചത്; മറ്റുള്ളവരേയും അതു ബാധിച്ചു. പൗലൊസ് ചോദിച്ചത് ''ന്യായപ്രമാണത്തെ ലംഘിച്ചതിനാൽ ദൈവത്തെ നിങ്ങൾ അപമാനിക്കുകയല്ലേ?'' മനസ്സിലാക്കപ്പെട്ട ഉത്തരം ''അതെ'' എന്നാണ്. സന്ദേശവാഹകനാൽ സന്ദേശം അയക്കപ്പെട്ടു എന്നത് ശരിയാണ്.[47] യഹൂദ ന്മാർ വിജാതിയരെ ദൈവത്തിങ്കലേക്ക് അടുപ്പിക്കണമെന്നതാണ് ദൈവഹിത മെങ്കിലും അവർ ദൈവത്തിങ്കൽ നിന്ന് മറ്റുള്ളവരെ ആട്ടിക്കളഞ്ഞു.

**വാക്യം 24.** ഇതിനു തെളിവായി പൗലൊസ് പഴയനിയമത്തിൽ നിന്നും ഉദ്ധരിക്കുന്നു. **നിങ്ങൾ നിമിത്തം ദൈവത്തിന്റെ നാമം ജാതികളുടെ ഇട യിൽ ദുഷിക്കപ്പെടുന്നു.** എന്ന് എഴുതിയിരിക്കുന്നുവല്ലോ. ഈ ഒരു വാക്യം യെശയ്യാവ് 52:5 ന്റെ ഗ്രീക്കു പരിഭാഷയിൽ നിന്നും (സെപ്റ്റുജന്റ് അഥവാ LXX) ആയിരിക്കും. യെശയ്യാവ്, വിജാതിയരുടെ പരിഹാസത്തെ എടുത്തു പറയുകയാണ്. ''തന്റെ ജനത്തെ സംരക്ഷിക്കുവാനും പ്രവാസത്തിൽ നിന്നും ഉദ്ധരിക്കുവാനും കഴിയാത്ത ഒരു ദൈവമാണ് യഹോവയെന്ന്''. പരമാർത്ഥം യിസ്രായേലിന്റെ പാപമാണ് ദൈവം പ്രവാസത്തിലേക്കവരെ അയക്കുവാന ുള്ള കാരണം, അതിനാൽ യിസ്രായേലിന്റെ പാപം ദൈവത്തിന്റെ നാമത്തെ ദുഷിക്കുവാൻ കാരണമായി. അതിപ്പോഴും പൗലൊസിന്റെ കാലത്തും ദൈവ

ത്തിന്റെ നാമം യഹൂദൻമാർ നിമിത്തം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെട്ടു. പൗലൊസ് അതിനെ ദുഷിക്കപ്പെട്ടു എന്നാണ് എഴുതിയത്. യെശയ്യാവാകട്ടെ ''നിർഭാഗ്യകരമെന്നും'' എഴുതി.[49] എന്നാൽ രണ്ടും ദൈവദൂഷണമായി ഭവിച്ചു. ധാർമ്മീക പരാജയം, സൈന്യപരാജയമായി ദൈവത്തിന് അപഹാസ്യമുണ്ടാക്കി.[50] മോസസ് ഇ. ലാർഡ് ഈ വിധത്തിൽ എഴുതി. ''വിജാതിയൻ... മനുഷ്യന്റെ പ്രവർത്തിയാൽ മനുഷ്യന്റെ ദൈവത്തെ അവൻ വിധിച്ചു. നല്ല മനുഷ്യനെങ്കിൽ അവന്റെ ദൈവം നല്ലവൻ. ചീത്ത മനുഷ്യന്റെ ദൈവം ചീത്ത...[51]

കാലാകാലങ്ങളിൽ, ദൈവത്തിന്റെ ബദ്ധശത്രുക്കൾ അവിശ്വാസികളെയല്ല കുറ്റം വിധിക്കുന്നത് മറിച്ച് സമർപ്പണമില്ലാത്ത വിശ്വാസികളെയാണ്. റുഡിയാർഡ് കിപ്ലിംഗ് തന്റെ കവിതയിലൂടെ വെളിപ്പെടുത്തിയ ചില വരികൾ ''എന്നാൽ അവന്റെ ശിഷ്യന്മാരാലുള്ള മുറിവുകളാണവനെ ആഴത്തിൽ മുറിവേല്പിച്ചതിൽ ഏറ്റവും വേദനയായത്''.[52] വിജാതികൾ വിഗ്രഹാരാധികളും, അധർമ്മികളും, പാപികളുമായപ്പോൾ ജാതികളുടെ മദ്ധ്യത്തിൽ ദൈവത്തിന് അപമാനമുണ്ടായില്ല. മറിച്ച് യഹൂദന്മാർ പാപം ചെയ്തപ്പോൾ ദൈവം ജാതികളുടെ മദ്ധ്യത്തിൽ അപമാനിതനായി, പരിഹാസപാത്രമായി.

പൗലൊസിന്റെ യഹൂദന്മാരോടുള്ള കുറ്റാരോപണം വിജാതിയരുടെ ഇടയിൽ ദൈവനാമം അവർ മുഖാന്തരം ദുഷിക്കപ്പെട്ടതിനെ വളരെ ആക്രോശകരമാക്കി മാറ്റി. അവർ വിജാതികളുടെ മുമ്പിൽ ആത്മീകമായും മതപരമായും ഉന്നതരായിരുന്നാലും അവർ ദൈവമുമ്പാകെ പാപികളും പാപക്ഷമ അനിവാര്യമുള്ളവരുമാണെന്ന് വ്യക്തമാക്കുന്നു!

## ഹൃദയത്തിനുണ്ടാകേണ്ടുന്ന യഥാർത്ഥ പരിച്ഛേദന (2:25-29)

**25നീ ന്യായപ്രമാണം ആചരിച്ചാൽ പരിച്ഛേദന പ്രയോജനമുള്ളത് സത്യം; ന്യായപ്രമാണ ലംഘിയായാലോ നിന്റെ പരിച്ഛേദന അഗ്രചർമ്മമായി തീർന്നു. 26അഗ്രചർമ്മി ന്യായപ്രമാണത്തിന്റെ നിയമങ്ങളെ പ്രമാണിച്ചാൽ അവന്റെ അഗ്രചർമ്മം പരിച്ഛേദന എന്ന് എണ്ണുകയില്ലയോ? 27സ്വഭാവത്താൽ അഗ്രചർമ്മിയായവൻ ന്യായപ്രമാണം അനുഷ്ടിക്കുന്നു എങ്കിൽ അക്ഷരവും പരിച്ഛേദനയുമുള്ള ന്യായപ്രമാണ ലംഘിയായ നിന്നെ അവൻ വിധിക്കയില്ലയോ? 28പുറമെ യഹൂദനായവൻ യഹൂദനല്ല പുറമെ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല; 29അകമേ യഹൂദനായവനത്രെ യഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രെ പരിച്ഛേദന; അവന് മനുഷ്യരാലല്ല ദൈവത്താൽ തന്നെ പുകഴ്ച്ച ലഭിക്കും.**

അവരുടെ യഹൂദ കാര്യാദികളെ വിശദമാക്കുന്ന നിരവധി സംഗതികളിൽ രണ്ടു പ്രധാന കാര്യങ്ങൾ മുൻപന്തിയിൽ കാണാമായിരുന്നു. ഒന്നാമത്തേത്, ദൈവം അവർക്ക് മോശെ മുഖാന്തരം നല്കിയ ന്യായപ്രമാണം (3:1, 2 കാണുക). റോമർ 2:17–24 വരെ പറയുന്നത് ആ ന്യായപ്രമാണം എങ്ങനെ യഹൂദന്മാർക്ക് പ്രയോജനകരമായി എന്നാണ്. അവർ ന്യായപ്രമാണത്തിൽ ആശ്രയിച്ചു (2:17). അവർ ന്യായപ്രമാണത്താൽ ഉപദേശിക്കപ്പെട്ടു (2:18). അവർക്ക് ന്യായപ്രമാണം അറിവിന്റെയും സത്യത്തിന്റെയും മൂർത്തിഭാവമായി ഭവിച്ചു (2:20). അതുകൊണ്ട് അവർ അതിൽ പ്രശംസിച്ചു (2:23).

ഒരു യഹൂദന് രണ്ടാമതായി പ്രധാന്യമായി കണ്ടകാര്യം അവന്റെ പരി

ച്ഛേദനയാണ്. ആ ആചാരം യഹൂദന് രാജ്യത്തിന്റെ അടയാളമായും, എല്ലാ പുരുഷപ്രജകളും അനുഷ്ഠിക്കേണ്ടതുമായിരുന്നു. പൗലൊസ് 2-ാം അദ്ധ്യായത്തിൽ ആ കാര്യങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് ആരംഭിക്കുകയാണ്.

**വാക്യം 25**. ചില റബ്ബിമാരുടെ പഠിപ്പിക്കലുകൾക്ക് വിരുദ്ധമായി പൗലൊസ് വ്യക്തമാക്കുന്നത് കേവലം പരിച്ഛേദന ഏറ്റതുകൊണ്ട് ഒരുവൻ യഹൂദൻ ആകുകയില്ല. **പരിച്ഛേദന വളരെ പ്രയോജനമുള്ളതാണ്**. ഇത് സത്യമാണ്; കാരണം ദൈവം യഹൂദന്മാരെ ഇതുമൂലം ചില ആത്മീക നന്മകളെ അവർക്കു നൽകിയിട്ടുണ്ട് (3:1, 2 കാണുക). യഹൂദനാകണമെങ്കിൽ പരിച്ഛേദന അനിവാര്യമാണ്; അത് പ്രയോജനമുള്ളതുമാണ്.

"പരിച്ഛേദന" എന്നത് രണ്ടു പദങ്ങൾ ചേർന്നുണ്ടായ പെറിറ്റോമേ (περιτομή, *peritomē*) എന്ന വാക്കാണ്; അതിന്റെ ക്രിയ "മുറിക്കുക"/ടെമ്നോ (τέμνω, *temnō*) എന്നും ചുറ്റും എന്ന ധാതു (പെറി) ക്രിയയും ചേർന്നതാണ്. "ചുറ്റും മുറിച്ചുമാറ്റുക" എന്നർത്ഥമാണ് ഈ പദത്തിന്[53] ഇംഗ്ലീഷിലേക്ക് ഈ പദം വന്നത് ലത്തീൻ ഭാഷയിൽ നിന്നാണ്. ചുറ്റിനും മുറിക്കുക എന്നർത്ഥമാണ് ഇതിന് ഉപയോഗിച്ചിട്ടുള്ള "സർക്കം സിഷൻ" എന്ന പദത്തിന്റെ പൂർണ്ണരൂപം. ഗ്രീക്കിലും ഇംഗ്ലീഷിലും ഈ വാക്ക് പുറംതൊലിമുറിച്ചു നീക്കുന്ന ശസ്ത്രക്രിയ പദമാണ് (ഉല്പ. 17:11; പുറ. 4:25).

യഹൂദ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളോട് ദൈവം അബ്രഹാമിനോടുണ്ടാക്കിയ ഉടമ്പടിയെക്കുറിച്ചു പറയുന്നതിന് ഒരു കാലത്തും ക്ഷീണം കാണിച്ചിരുന്നില്ല:

> ദൈവം പിന്നെയും അബ്രഹാമിനോട് അരുളിചെയ്തത്: നീയും നിന്റെശേഷം തലമുറതലമുറയായി നിന്റെ സന്തതിയും എന്റെ നിയമം പ്രമാണിക്കേണം. എനിക്കും നിങ്ങൾക്കും നിന്റെശേഷം നിന്റെ സന്തതിയും എന്റെ നിയമം പ്രമാണിക്കേണം. എനിക്കും നിങ്ങൾക്കും നിന്റെശേഷം നിന്റെ സന്തതിക്കും മധ്യേയുള്ളതും നിങ്ങൾ പ്രമാണിക്കേണ്ടതുമായ എന്റെ നിയമം ആവിത്: നിങ്ങളിൽ പുരുഷപ്രജയൊക്കെയും പരിച്ഛേദന ഏൽക്കണം. നിങ്ങളുടെ അഗ്രചർമം പരിച്ഛേദന ചെയ്യേണം; അത് എനിക്കും നിങ്ങൾക്കും മധ്യേയുള്ള നിയമത്തിന്റെ അടയാളം ആകും. തലമുറതലമുറയായി നിങ്ങളിൽ പുരുഷ പ്രജയൊക്കെയും എട്ടു ദിവസം പ്രായമാകുമ്പോൾ പരിച്ഛേദന ഏൽക്കണം; വീട്ടിൽ ജനിച്ച ദാസനായാലും നിന്റെ സന്തതിയല്ലാത്തവനായി അന്യനോടു വിലയ്ക്കു വാങ്ങിയവനായാലും ശരി (ഉൽപ. 17:9-12).

ദൈവവും അബ്രഹാമും തമ്മിലുള്ള ഉടമ്പടിയുടെ *അടയാള*മായിരുന്നു പരിച്ഛേദന. റോമർ. 4:11-ൽ പൗലൊസ്, അബ്രഹാമിനെ കുറിച്ചു പറയുമ്പോൾ തത്തുല്യമായ ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. അഗ്രചർമ്മത്തിൽ വെച്ച് ഉണ്ടായിരുന്ന വിശ്വാസനീതിയ്ക്ക് *മുദ്ര*യായി പരിച്ഛേദന എന്ന അടയാളം അവന് ലഭിച്ചു.

പരിച്ഛേദന അബ്രഹാമിനുശേഷം യിസ്രായേലിൽ തുടർമാനമായി ആചരിച്ചുപോന്നു. ചില കുട്ടികൾക്ക് ശാരീരിക രോഗനിവാരാണത്തിന്റെ ഭാഗമായി ആശുപത്രികളിൽ പരിച്ഛേദന നടത്താറുണ്ട്. എന്നാൽ യഹൂദന്മാർക്ക് ഈ കാര്യങ്ങൾ മതപരമായ ആചാരമാണ്.[54] പരിച്ഛേദന ഒരു ബാലനെ യഹൂ

ദനാക്കുവാനുള്ള ആചാരപരമായ ശസ്ത്രക്രിയയാണ്. ''ഇത് ആ വ്യക്തി ദൈവത്തിന് താൻ അവകാശപ്പെട്ടതാണെന്നതിന്റെ പ്രധാന അടയാളവും കൂടെയാണ്'' (2:25; MSG; Phillips). വളരെ പ്രശംസയോടെ യഹൂദൻ തന്നെ വിളിക്കുന്നത്, പരിച്ഛേദനക്കാരൻ എന്നും വിജാതിയനെ പരിഹാസത്തോടെ അഗ്രചർമ്മിയെന്നുമാണ് (3:30 കാണുക).

പരിച്ഛേദനയുടെ പ്രാധാന്യം യഹൂദന്മാരുടെ മനസ്സിൽ എത്ര രൂഢമൂല മായിരുവെന്ന് റബ്ബിമാരുടെ ദൈവ നിശ്വാസ്യമല്ലത്താ ഗ്രന്ഥങ്ങളിൽ കാണാം ''വരുവാനുള്ള ലോകത്തിൽ എല്ലാ പരിച്ഛേദനക്കാരനും ഒരവകാശമുണ്ട്''.[55] ''പരിച്ഛേദന യിസ്രായേല്യനെ 'ഗഹന്ന' യിൽ നിന്നും വിടുവിക്കും''[56] പരിച്ഛേദന ഏറ്റ ഒരു യഹൂദൻ പോലും നരകം കാണുകയില്ല.''[57] ണ്ടഇൗ പരാമർശങ്ങൾ ദൈവത്തെ അനുസരിക്കുന്നതോ അനുസരണക്കേട് കാണി ക്കുന്നതോ ആയ യാതൊന്നും പ്രതിഫലിപ്പിക്കുന്നില്ല. പരിച്ഛേദന ഏറ്റു എന്ന ഒറ്റക്കാരണത്താൽ നിത്യജീവൻ കർത്താവിനോടൊപ്പം ലഭിക്കുമെന്ന പഠിപ്പി ക്കലുകളായിരുന്നു അവർക്കുണ്ടായിരുന്നത്.

പരിച്ഛേദന പ്രയോജനകരമാണന്ന് പറഞ്ഞതിനുശേഷം പൗലൊസ് വ്യവസ്ഥാപിതമായ കാര്യം വിവരിക്കുന്നു; **നീ ന്യായപ്രമാണം പാലിക്കു ന്നുവെങ്കിൽ** പരിച്ഛേദന അതിൽ തന്നെ അതിന്റെ പൂർത്തീകരണമല്ലല്ലോ? ഇത് ദൈവവുമായ ഒരുവന്റെ ഉടമ്പടി ബന്ധത്തിന്റെ അടയാളമെന്നു മാത്ര മേയുള്ളൂ. എന്നാൽ പിന്നീട് പരിച്ഛേദന ഏറ്റവൻ ന്യായപ്രമാണം മുഴുവൻ പാലിക്കുവാൻ കടപ്പെട്ടവനാണ് (ഗലാ.5:3 കാണുക). ഖേദകരമെന്നു പറയട്ടെ, യഹൂദന്മാർ പരിച്ഛേദന ദൈവത്തോടുള്ള അനുസരണത്തിനു *പകരമായി* കാണാൻ തുടങ്ങി.

എന്നാൽ പരിച്ഛേദന ഏറ്റവൻ *ന്യായപ്രമാണം പാലിക്കുവാൻ കഴിയാതെവ ന്നാൽ എന്താകും സ്ഥിതി?* **ന്യായപ്രമാണ ലംഘിയായാലോ നിന്റെ പരിച്ഛേദന അഗ്രചർമ്മമായിതീർന്നു** എന്നു പൗലൊസ് പറയുന്നു. ഇത് യഹൂദന്മാർക്ക് എത്ര വലിയൊരു ആഘാതമേൽപ്പിക്കുന്ന വാക്കുകളായിരിക്കും; അവരെ സംബന്ധിച്ച് അഗ്രചർമ്മിയായി തീരുന്നത് ചിന്തിക്കാനെ സാദ്ധ്യമല്ല. പൗലൊസിവിടെ ശസ്ത്ര ക്രിയയാൽ തിരികെ അഗ്രചർമ്മിയാക്കുന്നതിനെയല്ല ഉദ്ദേശിക്കുന്നത്. മറിച്ച് അവർ ദൈവത്തോടുള്ള ഉടമ്പടി പൂർത്തീകരിക്കുന്നില്ലെങ്കിൽ അവർ ദൈവീക ഉടമ്പടി യുടെ വെളിപ്പാടും അടയാളവും ലഭിച്ചവരായി ഒരിക്കലും കരുതപ്പെടുന്നില്ലായെ ന്നതാണ്. (NIV കാണുക).

ഒരു മനുഷ്യൻ വിവാഹം കഴിക്കുവാനുള്ള ഉടമ്പടി പ്രതിജ്ഞ എടുത്ത ശേഷം അവളെ തന്റേതാക്കി മാറ്റാതിരിക്കുന്നതുപോലെയാണ്. കരാറിൽ ഏർപ്പെട്ട ഒരുവൻ അത് പൂർത്തീകരിക്കാതിരിക്കുന്നതു പോലെയാണിത്. ദൈവവുമായി ഒരു ഉടമ്പടി എടുത്ത ശേഷം അത് പൂർത്തീകരിക്കാതിരിക്കുന്നത് വിസ്മരിക്കുന്നത് എത്ര ഖേദകരമാണ്!

**വാക്യം 26**. പരിച്ഛേദന ഏറ്റവൻ അഗ്രചർമ്മിയാകുകയാണെങ്കിൽ തിരിച്ച് ചിന്തിക്കുവാൻ അഗ്രചർമ്മിക്കു സാധിച്ചുവെന്ന് വന്നേക്കാം. സ്വാഭാവികമായി അഗ്രചർമ്മിയായവൻ ന്യായപ്രമാണം അനുഷ്ഠിക്കുന്നുവെങ്കിൽ അവന്റെ അഗ്രചർമ്മം പരിച്ഛേദനയായി എണ്ണുകയില്ലയോ? പൗലൊസ് തുടരുന്നു, **അഗ്രചർമ്മി ന്യായ പ്രമാണത്തിന്റെ നിയമങ്ങളെ പ്രമാണിച്ചാൽ അവന്റെ അഗ്രചർമ്മം പരിച്ഛേദന എന്നു എണ്ണുകയില്ലയോ?**

അഗ്രചർമ്മിയായ മനുഷ്യൻ എന്നത് അഗ്രചർമ്മിയെന്നു വിളിക്കാം (ഗഖഢ

കാണുക). അതൊരു നെഗറ്റീവ് ചിന്തയിലാണ് ഉപയോഗിക്കുന്നത്. ആൽഫ എന്ന ഒരു അക്ഷരത്തോടുകൂടെയാണ് നെഗറ്റീവിൽ അതുപയോഗിച്ചത്. 25–ാം വാക്യത്തിൽ അഗ്രോബുസ്റ്റിയ (ἀκροβυστία, *akrobustia*) എന്ന വാക്ക് അഗ്രചർമ്മത്തിനുള്ളതാണ്.[58]

പൗലൊസ്, അഗ്രചർമ്മികളായ വ്യക്തികൾ ''ന്യായപ്രമാണം പാലിക്കേണ്ടുന്ന ആവശ്യകതയെ പറ്റി പറയുന്നു''. ''പാലിക്കുക'' (φυλάσσω, *phulassō*) എന്നതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്കു ക്രിയാപദം (ഫുലാസ്സോ) എന്നതാണിതിന്റെ അർത്ഥം ''പരിപാലിക്കുക'' എന്നതാണ്.[59] നിയമം മുറിഞ്ഞുപോകാതെ അതിന്റെ തത്വം മുഴുവനും ആഗീകരണത്തോടെ സൂക്ഷിക്കുക എന്നതാണ്[60] അതിന്റെ ''ആവശ്യകത''ക്കുപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്ക് ''ഡൈക്കായിമാ'' (δικαίωμα, *dikaiōma*) എന്നതാണ്. നീതീകരിക്കപ്പെട്ട കുടുംബത്തോടു ചേർന്നുള്ള വാക്കുകളാണവ. KJV പരിഭാഷപ്പെടുത്തിയിരിക്കുന്നത് ''നീതീകരണത്തിനുള്ള'' സൂക്ഷിപ്പായിട്ടാണ്; ചഗഖഢ യിൽ നീതീകരണത്തിന്റെ ആവശ്യകതായായിട്ടും.

നാം മുമ്പുകണ്ട ചില വാക്കുകളിൻ പ്രകാരം പൗലൊസ് പറയുന്നത് ചില വിജാതിയർ ന്യായപ്രമാണത്തിൽ ഉള്ള കാര്യങ്ങൾ സ്വാഭാവികമായി ചെയ്തുവെന്നും. (2:14) അതിനാൽ തന്നെ ദൈവത്തിൽ നിന്നുള്ള എഴുതപ്പെട്ട ന്യായപ്രമാണമൊന്നും അവർക്കാവശ്യമില്ലായിരുന്നുവെന്നു പ്രതിവാദിക്കുന്നു. അവർ പാലിക്കുന്ന കാര്യങ്ങൾ മോശെയുടെ ന്യായപ്രമാണത്തിൽ രേഖപ്പെടുത്തിയതിനോടു സാമ്യമായിട്ടുള്ളതായിരുന്നു; അതിനാൽ തെറ്റും ശരിയും വേർതിരിച്ചറിയുവാൻ അവർക്കു സാധിച്ചിരുന്നുവെന്നും വ്യക്തമാക്കുന്നു. അത് വെളിപ്പെടുത്തുന്നത് കൈകൊണ്ടുള്ള പരിച്ഛേദനയെക്കാളും ന്യായപ്രമാണത്തിലുള്ള കാര്യങ്ങൾ ശരിയായി പാലിക്കുന്നതാണാവശ്യമെന്നതാണ്. ന്യായപ്രമാണം എഴുതപ്പെട്ടത് ലഭിക്കാത്ത വ്യക്തികൾക്കു അതു പാലിക്കുവാൻ ഇടയായാൽ പരിച്ഛേദന ഏല്ക്കുന്നതിനു തുല്യമല്ലയോ എന്നതാണ് പൗലൊസിന്റെ ചോദ്യം? അതിനെ കണക്കാക്കുന്നില്ല എന്നത് 'ലോഗിസോമായി' (λογίζομαι, *logizomai*) എന്ന ഗ്രീക്കു പദത്തിൽ നിന്നുള്ളതാണ്; അതിന്റെയർത്ഥം ''കണക്കാക്കപ്പെടുന്നു'' അഥവാ ''തൂക്കിനോക്കുന്നു'' എന്നതാണ്.[61] ചഇഢയിൽ ''ന്യായപ്രമാണത്തിൽ പറയുന്ന കാര്യങ്ങൾ അവർ ചെയ്യുന്നുവെങ്കിൽ അവർ പരിച്ഛേദന ഏറ്റവരായി കണക്കാക്കപ്പെടുന്നുവെന്നാണ്.''

ജോൺ ഞ. ണ. സ്റ്റോട്ട് പൗലൊസിന്റെ ഇരട്ടി ഉറപ്പായ കാര്യത്തെ രണ്ടു ലളിത ലസാഗുവിൽ ഒതുക്കുന്നു.[62]

പരിച്ഛേദന – അനുസരണക്കേട് = അഗ്രചർമ്മം
അഗ്രചർമ്മം + അനുസരണം = പരിച്ഛേദന

ഇതൊരു ആഘാതമുണ്ടാക്കുന്ന കാര്യമായിരിക്കും. യഹൂദന്മാരെ സംബന്ധിച്ച്! എന്നിരുന്നാലും പൗലൊസിന്റെ ന്യായവാദങ്ങൾ ആ ഒരു വാക്യങ്ങൾ കൊണ്ടവസാനിപ്പിക്കുന്നില്ല.

**വാക്യം 27.** ആരംഭിക്കുന്നത്. **ജഡപ്രകാരം അഗ്രചർമ്മിയായവൻ ന്യായപ്രമാണം പാലിക്കുന്നുവെങ്കിൽ** ...ജഡപ്രകാരം എന്നതിന്റെ ഗ്രീക്കുവാക്ക് എക്ഫ്യൂസിയോസ് (ἐκ φύσεως, *ek phuseōs*) അക്ഷരീകമായി പരിഭാഷപ്പെടുത്തിയാൽ 'പ്രകൃതിയാൽ' എന്നാണ്. (KJV കാണുക) അഗ്രചർമ്മികളായ

വിജാതിയർ, അവരുടെ പ്രാകൃത സ്വഭാവത്തിലാണ് അവർ ജനിച്ച അവ സ്ഥയിൽ വളരുന്നവർ. ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന "കാത്തുസൂക്ഷിക്കുക" എന്നത് 21-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന 'പരിപാലിക്കുക' എന്ന വാക്കുമായിപരിഭാഷയിൽ വ്യത്യാസമുണ്ട്. ഈ ഒരു വാക്ക് ടെലിയോ τελέω (*teleō*)- എന്നത് 'അവസാനം' എന്നർത്ഥത്തിലാണ് "അതിന്റെ അവസാനത്തിലേക്കതിനെ കൊണ്ടെത്തിക്കുക" എന്നതാണർത്ഥം[63] KJV യിൽ "പൂർത്തീകരിക്കുക" എന്നാണുപയോഗിച്ചിരിക്കുന്നത്. വിജാതിയർ മോശെയുടെ ന്യായപ്രമാണമല്ല യഥാർത്ഥത്തിൽ പാലിക്കുന്നത്. (അവർക്കില്ലാത്തതാണ് ഇതിനു കാരണം) എന്നാൽ അതെ ധാർമ്മികതയിൽ ജീവിക്കുന്നതിനാൽ ന്യായപ്രമാണം നൽകിയതിന്റെ ഉദ്ദേശത്തെ അവർ പൂർത്തീകരിക്കയാണ്.

ന്യായപ്രമാണ പാലകരായ വിജാതിയരെകുറിച്ച് പൗലൊസ് പറയുന്നത് **ന്യായപ്രമാണ ലംഘിയായ നിന്നെ അവർ ന്യായപ്രമാണപ്രകാരം വിധിക്കുകയില്ലയോ എന്നതാണ്?** ന്യായപ്രമാണത്തിനായി ഉപയോഗിച്ചിരിക്കുന്ന ഏക വചന സൂചികയായ ഗ്രീക്കു പദം ഗ്രാമ (γράμμα, *gramma*) എന്നതാണ്. അതിന്റെ അർത്ഥം "എഴുതപ്പെട്ട ഒന്ന്" എന്നതാണ്.[64] NIV, RSV, NKJV മൊക്കെ പരിഭാഷപെടുത്തിയിരിക്കുന്നത് "ലിഖിത നിയമങ്ങൾ" എന്നതാണ്. സാഹചര്യം സൂചിപ്പിക്കുന്നത്, ഈ വാക്കുകളിൽ, മോശയുടെ എഴുതപ്പെട്ട നിയമസംഹിതകൾ എന്നാണ്. ഇവിടെ മറ്റൊരു ആശ്ചര്യകാര്യം കാണാം. യഹൂദൻമാർ അവരെക്കുറിച്ച് ചിന്തിച്ചിരുന്നത്, തങ്ങൾ വിജാതിയരെ വിധിക്കാൻ (2:1, 3) യോഗ്യരായ ആളുകൾ എന്നതായിരുന്നു. 'ന്യായാധിപൻ' എന്നതിനെ ക്രിനോ (κρίνω, *krinō*) എന്ന പദം ഉപയോഗിച്ചിരിക്കുന്നു. അതു യഹൂദന്മാരുടെ തെറ്റായ ഒരു നടപടിയായിരുന്നു. അത് നേരായ രീതിയിലല്ലാത്ത ഒരു ന്യായവിധിയുടെ താരതമ്യമായിരുന്നു (മത്താ. 12:41).[65]

**വാക്യം 28**. ഒരു യഹൂദനെ സംബന്ധിച്ചുള്ള പുതിയൊരു വിശകലനമായി പൗലൊസിന്റെ ഈ വാദങ്ങളെ കുറിച്ച് ചിന്തിക്കാവുന്നതാണ്. **പുറമെ യഹൂദനായാവൻ യഹൂദനല്ല** യഥാർത്ഥ യഹൂദൻ എന്നതിന് പല പദങ്ങളും ഉപയോഗിച്ചിട്ടുണ്ട്. (ഞടഢ, അആ, ഠഋഢ, ഘആ, ഇഋഢ, ഇഖആ എന്നിവ കാണുക) അഥവാ സത്യയഹൂദൻ എന്നും (NEB; NCV, Philips എന്നിവ കാണുക) കാണാം. പുറമേ എന്നത് പരിഭാഷപ്പെടുത്തിയിരിക്കുന്നത് എൻടോ ഫെനോറായ് (ἐν τῷ φανερῷ, *en tōi phanerōi*) എന്ന പദത്തിൽ നിന്നാണ്; അതിന്റെ അർത്ഥം "തുറന്നിരിക്കുന്ന" എന്നതാണ്. പുറമേയുള്ളതും, പരസ്യമായിട്ടുള്ളതും എന്നത്. മാക് കോർഡു പരിഭാഷപ്പെടുത്തിയിരിക്കുന്നു. "കാഴ്ച്ചയായിട്ടുള്ളത് എന്നും അർത്ഥമാക്കാം.[66] ഓരോ യഹൂദനും പ്രിയപ്പെട്ടതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും അതിൽ അന്തർലീനമാണ്.

**പുറമെ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല** പുറമെ എന്നത് പുറത്തുള്ളത് എന്നതിനുപയോഗിച്ചിരിക്കുന്ന അതേ ഗ്രീക്കു വാക്കാണ്. പുറമെയുള്ളത് ജഡം എന്നത് ചകഢ യിൽ പുറമേ കാണുന്നതും ജഡികമായിട്ടുള്ളതും അഥവാ ശാരീരികമായിട്ടുള്ളതും എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

**വാക്യം 29**. പുറമെയുള്ള പ്രതികരണങ്ങൾ ഒരു യഹൂദനെ യഹൂദനാക്കുന്നില്ലെങ്കിൽ എന്താണ് പിന്നെ? പൗലൊസ് പറയുന്നത് **അകമേ യഹൂദൻ ആയിരിക്കുന്നവനാണ് യഹൂദൻ**. അകമെ എന്നതു മൂന്ന് വാക്കുകളിൽ നിന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. "എൻടോയ് കൃപ്ടോയി" എന്നതിന്റെ ശരിയായ അർത്ഥം "രഹസ്യമായി" എന്നാണ് – ആർക്കും കാണുവാൻ

കഴിയാത്തത്.[66] മാക്ക് കോർഡ് പറഞ്ഞിരിക്കുന്നത് ‘‘അദൃശ്യമായതെന്നാണ്’’.

പൗലൊസ് തുടരുന്നത്, **ഹൃദയ പരിച്ഛേദനയാണ് പരിച്ഛേദന** ഈ ഉറപ്പിന്റെ വാക്കുകൾ യഹൂദന്മാർ മുമ്പൊരിക്കലും കേൾക്കാത്തവയാണ്. പഴയനിയമ എഴുത്തുകാരെല്ലാം ഹൃദയ പരിച്ഛേദനയുടെ പ്രാധാന്യത്തെ എടുത്തു പറയുന്നുണ്ട് (ലേവ്യാ. 26:41; ആവ. 30:6; യിരെ. 9:25, 26, യെഹ. 44:7, 9). മോശെ യിസ്രായേലിനോടു പറഞ്ഞിട്ടുള്ളത് ‘‘നിങ്ങളുടെ ഹൃദയങ്ങളെ പരിച്ഛേദന ചെയ്ത്, നിങ്ങളുടെ ദുശാഠ്യങ്ങളെ ഒഴിഞ്ഞിരിക്കുക എന്നതായിരുന്നു.’’ (ആവ. 10:16) യിരമ്യാവ് ഈ സന്ദേശം ദൈവത്തിന്റെ അരുളപ്പാടായി ജനത്തെ അറിയിച്ചിട്ടുണ്ട്. ‘‘യഹൂദാ പുരഷൻമാരെ, യെരുശലേം നിവാസികളെ, നിങ്ങളുടെ ദുഷ്പ്രവർത്തികൾ നിമിത്തം എന്റെ കോപം തീ പോലെ ജ്വലിച്ച് ആർക്കും കെടുത്തുകൂടാത്ത വിധം കാണാതിരിക്കേണ്ടതിന് നിങ്ങളെതന്നെ യഹോവയ്ക്ക് പരിച്ഛേദന ചെയ്ത് നിങ്ങളുടെ ഹൃദയത്തിന്റെ അഗ്രചർമ്മം നീക്കികളവീൻ’’ (യിരെ. 4:4).

ശാരീരിക പരിച്ഛേദന പുറമെയുള്ള തൊലിയെ മുറിച്ചു നീക്കുന്നതാണ്. ആത്മീയ പരിച്ഛേദന ഹൃദയത്തിന്റെ അശുദ്ധിയെ ദൂരീകരിക്കുന്നതാണ്; തിന്മയും, മത്സരവും നീക്കിക്കളഞ്ഞ് ദൈവത്തെ ആദരിക്കുന്ന നടപടി. ശാരീരിക പരിച്ഛേദനയ്ക്ക് ഒരു ശസ്ത്രക്രിയ ആവശ്യമുണ്ട്. എന്നാൽ ‘‘ആത്മീയ ശസ്ത്രക്രിയ’’.

ഈ ഹൃദയ പരിച്ഛേദനക്ക് **ആത്മീകമായതാണ്, അക്ഷരീകമായതല്ല**. ഇവിടെ അക്ഷരികമെന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് 27-ാം വാക്യത്തിലുള്ള എഴുതപ്പെട്ട ന്യായപ്രമാണത്തെ ഉദ്ദേശിച്ചാണ്. ചകഢയിൽ വീണ്ടും എഴുതപ്പെട്ട നിയമസംഹിത എന്നർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. അത് മോശെയുടെ ന്യായപ്രമാണമാണ്.

‘‘അക്ഷരം’’ ‘‘ആത്മാവിനോട്’’ (πνεῦμα, *pneuma*) വൈരുദ്ധ്യം പുലർത്തുന്നതാണ്. ഇംഗ്ലീഷിൽ ‘‘spirit’’, എന്നതിന്റെ പ്രാഥമിക അക്ഷരം ക്യാപ്പിറ്റൽ ‘‘S’’ ആയി തുടങ്ങണമോ അതോ അത് ‘‘s’’ എന്ന് എഴുതണമോ എന്നതിനെക്കുറിച്ച് പതിവ് അനിശ്ചിതത്വം നിലനിൽക്കുന്നു. ചില ഭാഷാന്തരങ്ങളിൽ അത് ഒരു വിധത്തിലും മറ്റ് ചിലവയിൽ മറ്റ് തരത്തിലുമാണ്. ഈ ചിന്താക്കുഴപ്പം KJVയിലും അതിന്റെ പിൻഗാമി പരിഭാഷയിലും ഏറ്റവും പ്രകടമാക്കിത്തീർത്തു.

ചെറിയ അക്ഷരത്തിലാണ് ഞടഢയിൽ ഇത് ആരംഭിച്ചിരിക്കുന്നതിനാൽ ഇത് ശരിയായ ഒരു ആശയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. യഥാർത്ഥ പരിച്ഛേദന ഹൃദയത്തിൽ സംഭവിക്കേണ്ടതാണ്. അത് ആത്മീകമായിട്ടുള്ളതാണ്. അക്ഷരികമായിട്ടുള്ളതല്ല. (അത് ശരീരഭാഗം മുറിച്ചുകളയുന്നതല്ല) ചിലത് വലിയ അക്ഷരത്തിലും ചില പരിഭാഷയിൽ ചെറിയ അക്ഷരത്തിലുമാണ് ഉപയോഗിച്ചിരിക്കുന്നത്.

വലിയ അക്ഷരത്തിലാണ് ആത്മീകതയെ കാണിക്കുന്ന ട എന്ന അക്ഷരം ഉപയോഗിച്ചിരുക്കുന്നതെങ്കിൽ പൗലൊസ് അതൊരു ദൈവീക ശസ്ത്രക്രിയയുടെ അനിവാര്യതയിലേക്കു വിരൽ ചൂണ്ടുന്നതാണ്. അല്ലാതെ മനുഷ്യരാൽ നടത്തപ്പെടുന്ന ശസ്ത്രക്രിയ അല്ല. (ഒരു യഹൂദന് ആത്മാവിനാൽ എന്നാൽ ദൈവാത്മാവിനാൽ എന്നാണ് അർത്ഥം. പുതിയ നിയമ ഉപദേശത്തിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ കാണിക്കുന്നതാണ്, അല്ലാതെ പഴയനിയമത്തിലുള്ള ഉപദേശത്തെ അല്ല.[67]) യൂജിയൻ പെട്രസൺ വിവരിക്കുന്നത് ദൈവത്തിന്റെ ഒരടയാളം നിന്റെ ഹൃദയത്തിലുള്ളതാണ്, അല്ലാതെ ശരീരത്തിലുള്ള കത്തിപ്പാടുകളല്ല ഒരുവനെ

യഹൂദൻ ആക്കുന്നതെന്നാണ് (MSG).

ലിയോൺ മോറീസ് പറയുന്നത് ''ആത്മാവ്'' എന്നതിനുള്ള ഇംഗ്ലീഷ് പദമായ സ്പിരിറ്റിനെ ഉപയോഗിച്ചിരിക്കുന്നത് വലിയ S ആയാലും ചെറിയ s ആയാലും അതൊരു നല്ല ആശയം നൽകുന്നുണ്ടെന്നാണ്. രണ്ടു വിധത്തിലും പൗലൊസ് വ്യക്തമാക്കുന്നത്. ന്യായപ്രമാണം പുറമെയുള്ള പ്രവർത്തന രീതിയല്ല മറിച്ച് അകമെ ഉള്ള മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുന്നില്ലെങ്കിൽ പ്രയോജനരഹിത മാണെന്നകാര്യമാണ്.[68] ഒരു യഹൂദൻ ജഡത്തിൽ പരിച്ഛേദന ഏറ്റവനാണെങ്കിലും അവന്റെ ഹൃദയത്തിന് അത് സ്പർശിക്കപ്പെടാതിരുന്നാൽ അവന്റെ പരിച്ഛേദന പ്രയോജനരഹിതമാണ്.

പൗലൊസ് ഉപസംഹരിക്കുന്നത്, **അവന്റെ പ്രശംസ മനുഷ്യരിൽ നിന്നല്ല, ദൈവത്തിൽ നിന്നുമാണ്**. മനുഷ്യർ കാണുന്നതിനെ പുകഴ്ത്തുന്നു. ദൈവം അകമെയുള്ളതിനെ പ്രശംസിക്കുന്നു. ഹൃദയത്തിന്റെ പരിച്ഛേദനയാണത്. (1 ശമു. 16:7 കാണുക). ദൈവത്തെ സ്നേഹിക്കുന്നവർ, മനുഷ്യരുടെ അംഗീ കാരത്തിനുവേണ്ടിയല്ല, ദൈവത്തിന്റെ അംഗീകാരത്തിനുവേണ്ടിയാണ് ജീവി ക്കുക (2:29, Philips).

29-ാം വാക്യത്തിന്റെ അവസാനത്തിൽ പൗലൊസ് വാക്കുകൾകൊണ്ട് കളിക്കുകയാണന്ന് ചിലർ ചിന്തിക്കുന്നു. യഹൂദ എന്ന തലക്കെട്ട് യൂദ എന്ന വാക്കിൽ നിന്നും ഉത്ഭവിച്ചതും അതിന്റെ അർത്ഥം ''പുകഴ്ച്ച'' എന്നുമാണ്. (ഉല്പ. 29:35; 49:8 കാണുക) അതിനാൽ യഹൂദ എന്നത് ''പുകഴ്ച്ചയായത്'' എന്നു കാണാം. അതിനാൽ ഹൃദയത്തിൽ പരിച്ഛേദനയേൽക്കാത്ത യഹൂദൻ മനുഷ്യരിൽ നിന്നും പുകഴ്ച്ച പ്രാപിച്ചാലും ദൈവത്തിൽ നിന്നുമുള്ള പുകഴ്ച്ച കിട്ടണമെന്നില്ല.

## പ്രായോഗികത

### വലിയോരു നാൾ വരുന്നു (2:1-11)

റോമർ 2ന്റെ ആദ്യ അഞ്ചുവാക്കുകൾ ദൈവം ന്യായാധിപതിയാണെന്ന പ്രഖ്യാപനമാണ്. (2:1-3) പശ്ചാത്താപരഹിതം (2:4, 5) അതിനുശേഷം വരുന്ന വാക്യങ്ങളിൽ പൗലൊസ് പ്രഖ്യാപിക്കുന്നത് ദൈവം ഓരോരുവനെയും ന്യായം വിധിക്കുന്നവനാണ്. (2:6) എല്ലാ ആത്മാക്കളെയും (2:9). എല്ലാ മനു ഷ്യരേയും (2:10) യഹൂദന്മാരെയും വിജാതിയരേയും (2:10, 11) യേശുക്രിസ്തു ന്യായസിംഹാസനത്തിൽ ഇരിക്കുമ്പോൾ ''സകല രാജ്യക്കാരേയും തന്റെ മുമ്പിൽ കൂട്ടിവരുത്തും'' (മത്താ. 25:32). മരിച്ചവരും ചെറിയവരും വലിയവ രുമായ സകലരേയും അവന്റെ ന്യായാസനത്തിനുമുമ്പിൽ കൂട്ടിവരുത്തുക യും... അവരവരുടെ പ്രവർത്തിക്കടുത്ത വിധി നൽകുകയും ചെയ്യും. (വെളി. 20:12, 13 കാണുക)

പഴയ ഒരു പാട്ട് ഇങ്ങനെയുണ്ട്, ''ഒരു വലിയനാൾ വരുന്നുണ്ട്'' പ്രഖ്യാപിക്കുന്നു,

ഒരു വലിയ നാൾ വരുന്നുണ്ട്,
ഒരു വലിയ നാൾ
ഒരു വലിയനാളിതാ വന്നുകൊണ്ടിരിക്കുന്നു.
വിശുദ്ധരും പാപികളും വലതുമിടതുമായി പിരിയുന്ന നാൾ

ആ നാളിനായി നീ ഒരിങ്ങിയിട്ടുണ്ടോ?
നീ ഒരുങ്ങിയിട്ടുണ്ടോ? നീ ഒരുങ്ങിയിട്ടുണ്ടോ?
ന്യായവിധി നാളിനായി നീ ഒരുങ്ങിയിട്ടുണ്ടോ?

അതിന്റെ അവസാന വരികൾ ഇങ്ങനെ പാടുന്നു:

ദുഃഖത്തിന്റേതായ ഒരു നാൾ വരുന്നു
ദുഃഖത്തിന്റെ നാൾ വരുന്നു,
ദുഃഖത്തിന്റെ നാളിതാ വന്നുകൊണ്ടിരിക്കുന്നു.
പാപികൾ ആ ന്യായവിധി ശബ്ദം കേൾക്കുകയായി
എന്നെ വിട്ടുപോകുക, ഞാൻ നിങ്ങളെ അറിയുന്നില്ല
നീ ആ നാളിനായി തയ്യാറാണോ?[69]

ആ ദിവസം എപ്പോൾ വരുമെന്ന് നമുക്കറിഞ്ഞുകൂടാ. (മത്താ. 24:36) അതുവരുമെന്നു മാത്രമേ നമുക്കറിയുകയുള്ളൂ. അത് ഇന്നലെക്കാൾ ഇന്ന ടുത്തതാണ്!

എബ്രായ ലേഖന കർത്താവ് പറഞ്ഞിരിക്കുന്നത്, ‘‘ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു.’’ (എബ്രാ. 9:27) അഥേനയിലെ തത്വജ്ഞാനികളോട് പൗലൊസ് പറഞ്ഞത്, ‘‘നീതിയോടെ ഈ ലോകം ന്യായം വിധിക്കപ്പെടുന്ന ഒരു നാൾ ദൈവം നിയമിച്ചാക്കിയിരിക്കു ന്നുവെന്നാണ്’’ (അ. പ്രവൃത്തി. 17:31) ലേഖന കർത്താവ് എഴുതിയിരിക്കുന്നത് ‘‘ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നാം എല്ലാവരും വെളിപ്പെടേണ്ടി വരും?’’ (2 കൊരി. 5:10). നീതി ലഭിക്കപ്പെടുകയും എല്ലാ തെറ്റുകളെയും മാറ്റി, ശരി പുന:സ്ഥാപിക്കപ്പെടുകയും ചെയ്യുന്ന ആ പരിസമാപന മഹാദിനത്തി ലേക്ക് ചരിത്രം തടസ്സമില്ലാത കുതിക്കു കയാണ്. നിങ്ങൾ ആ ദിനത്തിന് വേണ്ടി *തയ്യാറായെടുത്തിട്ടുണ്ടോ?*

### ധാർമ്മികമായി നല്ല വ്യക്തി (2:1-3)

യഹൂദരായ വായനക്കാരിൽ നിന്ന് പൗലൊസ് ഒരു പ്രതികരണം പ്രതീക്ഷി ക്കുകയായിരുന്നു: ‘‘ഇപ്പോൾ വിവരിച്ചതുപോലെ, ഭീകരരായ പാപികളെപ്പോ ലെയല്ല ഞങ്ങൾ എന്നതിൽ ഞങ്ങൾ കൃതഞ്ജതയുള്ള വരാണ്! ജാതികളിൽ നിന്ന് വ്യത്യസ്തമായി, ഞങ്ങൾക്ക് നിയമത്തിന്റെ മാനദണ്ഡം ഞങ്ങൾക്കുണ്ട്! അതുകൊണ്ട് ധാർമ്മികമായി ഞങ്ങൾ ഏറ്റവും ശ്രേഷ്ഠരാണ്!’’ അപ്പൊസ്തലന്റെ വാക്കുകൾ, ഫലത്തിൽ, ‘‘നല്ല മനുഷ്യ രാണ്’’എന്നതിന്റെ അടിസ്ഥാനത്തിൽ രക്ഷിക്കപ്പെടുമെന്ന് ചിന്തിക്കുന്നവരെ അഭിസംബോധന ചെയ്യുന്നു.

> ദൈവത്തിനെതിരേയുള്ള എല്ലാ മാത്സര്യവും ദുഷ്ടതയുടെ രൂപ മണിഞ്ഞെത്തുന്നില്ല ... ധാർമ്മികമായ പരിവേഷമുള്ള നഷ്ടപ്പെടലിന്റെ ഒരു രൂപമുണ്ട്. ധാർമ്മികതയെക്കുറിച്ച് വേവലാതിപ്പെടുന്നതിനാൽ, അതിന് ദൈവത്തിനെതിരേയുള്ള മാത്സര്യത്തിന്റെ മുഖമില്ല. കറയറ്റ ബാഹ്യ പരിവേഷത്തിന്റെ കീഴിലായി, ഇരുണ്ടതും പശ്ചാത്താപ രഹിതവുമായ ഒരു ഹൃദയം പതുങ്ങിയിരിക്കാം (മത്താ. 23:25–28).[70]

മറ്റൊരു വ്യക്തിയുടെ ജീവിതത്തിലെ പാപം കാണുന്നതിന് ഏറെ അനായാസമാണ്; അതേ പോലെ സ്വന്തം പാപം സ്വയം കാണുന്നതിന് ഏറെ വിഷമകരവും! ''നമ്മുടെ സ്വന്തം പാപങ്ങളെ സംബന്ധിച്ചിടത്തോളം, നമുക്കെല്ലാം ബ്ലൈൻഡ് സ്പോട്ടുകളുണ്ട്!''

അദ്ധ്യായം 2-ന്റെ ആരംഭത്തിൽ എൻഎൽടിയുടെ ആഖ്യാനം ഇങ്ങനെ യാണ്: ''നിങ്ങൾ പറഞ്ഞേക്കാം. 'എത്ര മാത്രം പേടിപ്പെടുത്തുന്ന വ്യക്തികളെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്!' എന്നാൽ ഓർക്കുക, നിങ്ങളും അത്ര മാത്രം മോശമാണ്.''

**ജീവിതത്തിലെ സ്ഥിരത (2:1)**

സ്ഥിരത പ്രാപിക്കുന്നത് ദുഷ്കരമാണ്! എന്നാൽ, നമ്മുടെ കർത്താവ് സ്ഥിരത പ്രകടിപ്പിച്ചു (എബ്രാ. 13:8, യാക്കൊ. 1:17). എന്നാൽ മിക്കപ്പോഴും നാം അങ്ങനെയല്ല. ''ദൈവത്തിന്റെ മന്ദിരത്തെ നശിപ്പിക്കുന്നതിന്'' (കാണുക 1 കൊരി. 3:16, 17; 6:19) മയക്കുമരുന്നുകൾ ഉപയോഗിക്കുന്നവരെ നാം ന്യായം വിധിച്ചേക്കാം. അതേ സമയം നമ്മുടെ സ്വന്തം ശരീരത്തെ സൂക്ഷിക്കുന്നതിൽ നാം പരാജയപ്പെടുന്നു.[71] നാം വഞ്ചന നടത്തുന്നവരെയും കൊലപാതകി കളെയും നിയമം ലംഘിക്കുന്നവരായി കുറ്റം ചുമത്തുമ്പോൾ, ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നതിനെക്കുറിച്ച് നാം ഒന്നും തന്നെ ചിന്തിക്കുന്നില്ല (കാണുക 13:1-5). ബാങ്ക് കവർച്ച നടത്തുന്നവർക്ക് നേരെ കുറ്റം വിധിക്കുന്നതിന ായി നാം വിരൽ ചൂണ്ടുമ്പോൾ, നാം നികുതി വെട്ടിപ്പ് നടത്തുന്നതിലൂടെ സർക്കാരിനെ കബളിപ്പിക്കുന്നു (കാണുക 13:6, 7). വാദപ്രതിവാദം നടത്തുന്നത് തെറ്റാണ് എന്ന് ചിലർ വാദിക്കുമ്പോൾ, വിമർശനം നടത്തുന്ന വ്യക്തിയെ ചിലർ വിമർശിക്കുകയും വിധിക്കുന്ന ശീലമുള്ളവരുടെ വിധിന്യായം നാം നടത്തുകയും ചെയ്യുന്നു.[72] മറ്റൊരു വ്യക്തിയുടെ ജീവിതത്തിലെ പാപം കാണുന്നതിന് ഏറെ അനായാസമാണ്; അതേ പോലെ സ്വന്തം പാപം സ്വയം കാണുന്നതിന് ഏറെ വിഷമകരവും (മത്താ. 7:3-5; 23:24)!

മറ്റുള്ളവരുടെ പാപം തിരിച്ചറിയുന്നതിലുള്ള യഹൂദന്മാരുടെ ''പ്രാവീണ്യം'' മൂലം, അവർ സ്വയം കുറ്റം ചുമത്തുന്നവരായി നിലകൊണ്ടു. കൂടുതലായി, പാപം ദൈവത്തിന് കടകവിരുദ്ധമാണ് എന്ന് അവർക്ക് വ്യക്തമായും അറിയാമായിരുന്നു. ഈ കാര്യങ്ങൾ സത്യമാണെന്നിരിക്കെ, സ്വയ-നീതിയിൽ നിറയുന്നതിന് പകരം, പാപപൂരിതമായ അവരുടെ സ്വന്തം അവസ്ഥയെക്കുറിച്ച്, അവർ വേദന യുണർത്തുന്ന വിധത്തിൽ ബോധവാൻമാരായിരിക്കേണ്ടതായിരുന്നു - ഒപ്പം, വിനയാന്വിതരായിത്തീരേണ്ടതുമായിരുന്നു.

**നാം ന്യായവിധിയിൽ നിന്ന് തെറ്റി ഒഴിയുമോ? (2:3)**

റോമർ 2:3-ന്റെ ചോദ്യം ഇന്ന് ഇപ്പോഴും പ്രസക്തമാണ്: ''ആ വക പ്ര വർത്തിക്കുന്നവരെ വിധിക്കയും അതു തന്നേ പ്രവർത്തിക്കയും ചെയ്യുന്ന മനുഷ്യാ, നീ ദൈവത്തിന്റെ വിധിയിൽനിന്നു തെറ്റി ഒഴിയും എന്നു നിനെക്കുന്നുവോ? ചിലപ്പോൾ കുറ്റവാളികൾ *മനുഷ്യരുടെ* ന്യായവിധിയിൽ നിന്ന് രക്ഷപെടാറുണ്ട്. അവരുടെ കുറ്റങ്ങൾ കണ്ടെത്തപ്പെടാതെ പോകാറുണ്ട് അല്ലെങ്കിൽ ചിലപ്പോൾ അവർ പിടിക്കപ്പെടാതെ പോലും പോകാം.പിടിയില ായാൽപ്പോലും, ഉയർന്ന പ്രതിഫലം വാങ്ങുന്ന വക്കീലൻമാർക്ക്, നിയമങ്ങള ിലെ സാങ്കേതികപ്പിഴവുകൾ കാരണം അവരെ മോചിപ്പിക്കുന്നതിന് സാധിക്കു കയും ചെയ്തേക്കാം. അവർക്ക് കോടതി ശിക്ഷ വിധിച്ചാൽപ്പോലും, അവർക്ക്

ഒരു പക്ഷേ ജയിൽ ചാടുന്നതിന് കഴിഞ്ഞേക്കാം. ഈ സാദ്ധ്യതകളൊന്നും *ദൈവീക ന്യായവിധിക്ക്* ബാധകമല്ല. ഒരു പാപവും കണ്ടെത്തപ്പെടാതെ പേ ാകില്ല (എബ്രാ. 4:13); ന്യായവിധി ദിനത്തിൽ ഒരു പാപിയും ഹാജരാകാ തെയിരിക്കില്ല (വെളി. 20:12). ദൈവ വചനത്തിൽ രക്ഷപെടുന്നതിനുള്ള പഴുതുകളൊന്നുമില്ല (കാണുക സങ്കീ. 18:30). കുറ്റവാളികളുടെ നിത്യ തടവറയായ നരകത്തിൽ നിന്ന് ഒരാളും രക്ഷപെടുന്നില്ല (മർ. 9:44; ലൂക്കൊ. 16:26).

ചിലപ്പോൾ ജീവിതത്തിൽ നിരവധി അനിശ്ചിതത്വങ്ങളില്ല എന്ന് തോന്നും; എന്നാൽ ഒന്ന് നിശ്ചിതമാണ്: *ഒരു ന്യായവിധി ദിവസം* ഉണ്ടാകാം, എന്നെങ്കിലും ഭൂമിയിൽ ജീവിച്ച എല്ലാവരും അവിടെ സന്നിഹിതരാകും. ഞാൻ അവിടെയുണ്ടാകും; അതേ പോലെ നിങ്ങളും. ന്യായവിധിയിൽ നിന്ന് രക്ഷപെ ടലില്ല!

**പ്രധാനപ്പെട്ട ഒരു മുന്നറിയിപ്പ് (2:4)**

യഹൂദൻമാർ വീണു പോയ കെണിയിൽ നാമും വീണുപോകുന്നതിന് എളുപ്പമാണ്. ഒരുപക്ഷെ ആരെങ്കിലും നികുതി അടയ്ക്കുന്നതിൽ വഞ്ചന കാട്ടുന്നുണ്ടായിരിക്കാം... അല്ലെങ്കിൽ, വംശീയമായ അധിക്ഷേപം കലർന്ന ഒരു ഫലിതം കേട്ട് മറ്റുള്ളവർക്കൊപ്പം ചിരിക്കുന്നുണ്ടാവാം ... അല്ലെങ്കിൽ മറ്റാരും കേൾക്കാതെ ശാപവാക്ക് ഉച്ചരിക്കുന്നുണ്ടാവാം ... അല്ലെങ്കിൽ, മറ്റൊരു വ്യക്തിയുടെ ഭാര്യയെ മോഹിക്കുന്നുണ്ടാകാം. അയാൾ അങ്ങനെ ചെയ്യുന്നു - എന്നാൽ ഒന്നും സംഭവിക്കുന്നില്ല. ദൈവം അയാളെ ഉടൻ തന്നെ സംഹരിക്കുന്നില്ല. സ്വർഗ്ഗത്തിൽ നിന്ന് മിന്നലിറങ്ങുന്നില്ല. പ്രശ്ന മൊന്നും ഉണ്ടാകില്ലെന്നും ഇപ്പോഴും ദൈവവുമായുള്ള തന്റെ ബന്ധത്തിന് ഉലച്ചിലുണ്ടായിട്ടില്ലെന്നും അയാൾക്ക് തീർച്ചപ്പെടുത്തുന്നതിന് എളുപ്പമാണ്.

ദൈവത്തിന്റെ സഹിഷ്ണുത, നമ്മുടെ തെറ്റുകളെ സ്വീകരിക്കുന്നതിന്റെ അയൊ ളമായി നാം തെറ്റിദ്ധരിക്കരുതെന്ന് ഒരു മുന്നറിയിപ്പ് പൗലൊസ് ഫലത്തിൽ നമുക്കെ ല്ലാവർക്കും നൽകുന്നു. നാം ഇപ്പോഴും ജീവനോടെയിരിക്കുന്നതും ശ്വാസോച്ഛ്വാസം ചെയ്യുന്നതും, നമ്മുടെ പാപത്തെക്കുറിച്ച് പശ്ചാത്തപ ിക്കുന്നതിനുള്ള ഒരു അവസരം ദൈവം നൽകുകയാണ് (കാണുക 2 പത്രൊ. 3:9). ദൈവത്തിന്റെ ദയ നിസ്സാര മാക്കിക്കളയാതിരിക്കുന്നതിന് നമുക്ക് ശ്രദ്ധ പുലർത്താം (റോമ. 2:4; KJV). മറിച്ച്, ദൈവസ്നേഹത്തിന്റെ പ്രകടിതഭാവങ്ങൾ, നമ്മെ പശ്ചാത്താപത്തിലേക്ക് നയിക്കു ന്നതിനായി നമ്മെത്തന്നെ നമുക്ക് അന ുവദിക്കാം!

**"കോപം ചരതിച്ചു വെക്കുന്നു" (2:5)**

ഭാവിയിലേക്ക് തയ്യാറെടുക്കുന്നതിനുള്ള ഒരു പ്രയോഗശൈലിയുണ്ട്: "ക്ഷാമകാലത്തേക്ക് സമ്പാദിക്കുക." കോപദിവസത്തേക്ക് കോപം ശേഖരിച്ചു വെക്കുന്നത്, മഴക്കാലത്തേക്ക് ഒരു ബാരൽ നിറയെ വെള്ളം ശേഖരിച്ചു വെക്കുന്നതിന് ഏറെക്കുറെ സമാനമാണ്. പശ്ചാത്ത പിക്കാത്തവർ ചെയ്യുന്നത് നാശകരമായവ മാത്രമല്ല, അസംബന്ധവു മായിരിക്കും!

**നമ്മുടെ പ്രവർത്തികളെക്കുറിച്ച് എന്തു കൊണ്ട് പരാമർശിക്കണം? (2:6-11)**

നമ്മുടെ പ്രവർത്തികൾക്ക് അനുസരണമായി നാം വിധിക്കപ്പെടും എന്ന്

ദൈവ വചനം എന്തുകൊണ്ട് പറയുന്നുവെന്നതിനെക്കുറിച്ച് സ്റ്റോട്ടിന് താൽപ്പര്യജനകമായ ഒരു സിദ്ധാന്തമുണ്ട്:

> ... ന്യായവിധി ദിനം ഒരു പൊതു ചടങ്ങായിരിക്കും ...
> ഒരു പരസ്യമായുള്ള വിധി പ്രഖ്യാപിക്കപ്പെടുകയും പരസ്യമായുള്ള ശിക്ഷാവിധി നടപ്പിലാക്കപ്പെടുകയും ചെയ്യുന്ന അത്തരത്തിലൊരു പെ ാതു ചടങ്ങിൽ, അവയെ പിന്തുണയ്ക്കുന്നതിനായി പരസ്യമാ യുള്ളതും സത്യം സ്ഥിരീകരിക്കുന്നതുമായ തെളിവ് ആവശ്യമാണ്. ലഭ്യമായ പെ ാതു തെളിവ് നമ്മുടെ പ്രവർത്തികൾ മാത്രമാണ് - നാം ചെയ്തതും ചെയ്യുന്നതായി കാണപ്പെട്ടവയും.[73]

സ്റ്റോട്ട് പ്രകടിപ്പിച്ച അഭിപ്രായത്തോട് നാം യോജിക്കുന്നുവെങ്കിലും യോജിക്കുന്നില്ലെങ്കിലും, നമ്മുടെ പ്രവർത്തികൾക്ക് അനുസരണമായി നാം വിധിക്കപ്പെടുന്നതിനേക്കാൾ ന്യായപൂർണ്ണമായ മറ്റൊരു മാനദണ്ഡവും ഇല്ലെന്നതിനോട് നമുക്കെല്ലാവർക്കും യോജിക്കുന്നതിന് കഴിയും. നിങ്ങളുടെ പ്രവർത്തികളാൽ എന്നെ ന്യായം വിധിക്കില്ല; എന്റെ പ്രവർത്തികൾക്ക് അന ുസരണമായി നിങ്ങളെ ന്യായം വിധിക്കില്ല. ഓരോ വ്യക്തിയേയും *അയാൾ/ അവർ* ചെയ്ത പ്രവർത്തികൾക്ക് അനുസരണമായി ന്യായം വിധിക്കും. തെളിവ് തർക്കമറ്റതാണ്; വിധി നീതിപൂർണ്ണമായിരിക്കും.

**ഒരു വലിയ പ്രശ്നം (2:6-8)**

*പ്രശ്നത്തെക്കുറിച്ച് ഊന്നിപ്പറയുന്നു.* 6 മുതൽ 8-ഉം ഉൾപ്പെടെയുള്ള വാക്യങ്ങൾ, സമാനമായ വചനഭാഗങ്ങൾ വേദപുസ്തകത്തിലുടനീളം പഠിപ്പിക്കുന്നത് ആവർത്തിക്കുക മാത്രം ചെയ്യുന്നുവെന്ന് തോന്നുന്നു. എങ്കിൽത്തന്നെയും, ഈ വാക്യങ്ങളിലെ പൗലൊസിന്റെ പ്രസ്താവന വിവാദപ രമാണ്. നാം "വിശ്വാസത്താൽ മാത്രം രക്ഷിക്കപ്പെടുന്നു" എന്ന് പഠിപ്പിക്കുന്നവരെ പ്രത്യേകമായി ചിന്താകുലരാക്കു ന്നതാണ് അത്. അത്ര മാത്രമല്ല, പൊതുവേ ഇത് വ്യാഖ്യാതാക്കളെ അസ്വസ്ഥരാക്കി ത്തീർക്കുന്നു. കാരണം, നാം നമ്മുടെ പ്രവർത്തികളാലല്ല രക്ഷിക്കപ്പെടുന്നത് എന്നാൽ, കൃപയാലാണ് - നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ (ഉദാഹര ണമായി, കാണുക 4:1-8; 11:6) - എന്ന് പൗലൊസ് ഊന്നിപ്പറഞ്ഞുവെന്ന് അവർ അതീവ താൽപര്യത്തോടെ മന സ്സിലാക്കിയിട്ടുണ്ട് (കഠിനതരമായ വിധത്തിൽ തന്നെ).

വേദപുസ്തകത്തെക്കുറിച്ച് പ്രസംഗിക്കുകയും പഠിപ്പിക്കുകയും എഴുതുകയും ചെയ്യുന്ന നമ്മിൽ ഭൂരിഭാഗം പേർക്കും പ്രത്യക്ഷത്തിൽ കാണപ്പെടുന്ന ഏതെങ്കിലും പരസ്പര വിരുദ്ധത മാറ്റി അവയ്ക്കെല്ലാം പൊരുത്തം നൽകുന്നതിന് പ്രേരിപ്പിക്കപ്പെ ടുന്നുണ്ട്. പ്രകടമായും, പ്രചോദിതരായ എഴുത്തുകാർക്ക് അത്തരം കാര്യങ്ങൾ തെല്ലും ആശങ്കയ്ക്ക് കാരണമാകുന്നവയല്ല. ഉദാഹരണമായി, അദ്ധ്യായങ്ങൾ 8 മുതൽ 11 വരെ, ദൈവത്തിന്റെ പൂർവ്വനിശ്ചിത പദ്ധതിയെക്കുറിച്ചും ദൈവത്തിന്റെ പരമാധികാര ഹിതത്തിന്റെ മറ്റ് പ്രകടിതരൂപങ്ങളെക്കുറിച്ചും പൗലൊസ് എഴുതുന്നു. അതേ സമയം, റോമർക്കുള്ള ഈ എഴുത്ത് വ്യക്തമായും സൂചിപ്പിക്കുന്നത് പൗലൊസ് അപ്പൊസ്തലൻ മനുഷ്യരാശിയുടെ സ്വയേച്ഛയിൽ വിശ്വസിച്ചിരുന്നുവെന്നാണ്. അദ്ധ്യായം 8-ൽ ഞാന

ും നിങ്ങളും എത്തിച്ചേരുമ്പോൾ, നമ്മുടെ സ്വയേച്ഛയിൽ ഇടപെടാതെ, ഭാവിയെ ദൈവം എങ്ങനെ മുൻകൂട്ടി ആസൂത്രണം ചെയ്യുകയും ഭാവിയിലെ കാര്യങ്ങളെക്കുറിച്ച് അറിയുകയും ചെയ്യുന്നുവെന്ന ഒരു ചോദ്യം നമ്മിൽ ചിന്താക്കുഴപ്പമുണർത്തിയേക്കാം. പ്രത്യക്ഷത്തിൽ, ഈ രണ്ട് വസ്തുതകളെയും പരസ്പരം കൂട്ടിയിണക്കേണ്ടതിന്റെ ആവശ്യകത പൗലൊസ് കണ്ടില്ല. ദൈവത്തിന്റെ പരമാധികാര ത്തെക്കുറിച്ചുള്ള സത്യവും മനുഷ്യവർഗ്ഗത്തിന്റെ സ്വയം തിരഞ്ഞെടുക്കുന്ന തിനുള്ള അവസ രവും സംബന്ധിച്ച സത്യവും ലോകത്തിന് മുൻപിൽ അവതരിപ്പിക്കുക മാത്രമാണ് അദ്ദേഹം ചെയ്തത് - അവയെക്കുറിച്ച് കൂടുതലായ വിശദീകരണങ്ങൾക്ക് അദ്ദേഹം മുതിരുന്നില്ല.

തിരുവചനങ്ങളിലെ ''എല്ലാം കൃത്യമായി യോജിപ്പിക്കുന്ന'' - തിനുള്ള നമ്മുടെ ഉദ്യമങ്ങൾ, വൈഷമ്യകരമായ ഒരു പസിൽ പരസ്പരം ഇണക്കുന്നതിന് ശ്രമിക്കുന്ന ഒരു കുട്ടിയെ ചിലപ്പോൾ എന്റെ ഓർമ്മയിലേക്ക് കൊണ്ടു വരുന്നു. കൂടിക്കുഴഞ്ഞു കിടക്കുന്ന കഷണങ്ങൾ, എല്ലാം കൃത്യമായി യോജിക്കുന്ന വിധത്തിൽ പരസ്പരം ചേർക്കുന്നതിന് സാധിക്കുന്നില്ലെങ്കിൽ അവൻ ആകെ വിവശനായിത്തീരും. ഒരു കഷണം യോജിച്ച സ്ഥാനത്ത് അനായാസം ചേർക്കപ്പെടുന്നില്ലെങ്കിൽ, ''കൃത്യമായി യോജിപ്പിക്കുന്നതിന്'' അവൻ ആ കഷണത്തിൽ ഇടിച്ചുവെന്നും വരാം.

ആലങ്കാരികമായി പറഞ്ഞാൽ, 2:6-8-ൽ ന്യായവിധിയെക്കുറിച്ചുള്ള പൗലൊസിന്റെ ഉപദേശം സംബന്ധിച്ച് ഇത് ചിലപ്പോൾ സത്യമാണ്. നിരവധി എഴുത്തുകാരും, റോമർക്കുള്ള ലേഖനത്തിലുള്ള പിന്നീടു വരുന്ന ഉപദേശങ്ങളുമായി ഈ വചനങ്ങൾ അനുരൂപമാക്കിത്തീർക്കുന്നതിന ുള്ള ഉൽകണ്ഠയിൽ, ഈ വചനഭാഗത്തെ ഏറെക്കുറെ പാതിവഴിയിൽ നിർത്തിപ്പോകുന്നു. ഈ വചനഭാഗം ന്യായവിധിയെക്കുറിച്ച് മാത്രമാണ് പരാമർശിക്കുന്നത് എന്ന് ചിലർ പറയുന്നു - എന്നാൽ, വാക്യങ്ങൾ 7, 10 എന്നിവ തീർച്ചയായും രക്ഷയെക്കുറിച്ചാണ് പ്രകടമായും സംസാരിക്കുന്നത്. ''പ്രവർത്തികൾ'' എന്നത് ദൈവത്തോട് വിശ്വസ്തരായവർ ചെയ്ത പ്ര വർത്തികളാണെന്ന് മറ്റുള്ളവർ ശഠിക്കുകയും തുടർന്ന് എന്തെങ്കിലും പറയാതെ, അവിടെ വെച്ച് അവസാനിപ്പിക്കുക യും ചെയ്യുന്നു. എന്നാൽ അന്തിമ നിഗമനം, നാം *എങ്ങനെ* (എന്തിന്റെ അടിസ്ഥാനത്തിൽ) ''നമ്മുടെ പ്രവർത്തികളാൽ വിധിക്കപ്പെടും'' എന്ന ചോദ്യം ഉത്തരമില്ലാതെ അവസാനിപ്പിക്കപ്പെടുന്നു. ഒരാളുടെയും പ്രവർത്തികൾ പരിപൂർണ്ണത യുള്ളതല്ല എന്നതാണ് യാഥാർത്ഥ്യമെന്നിരിക്കെ, രക്ഷയെ പ്രവർത്തികളുമായി ബന്ധിപ്പിക്കുന്നത് വെറും അനുമാനപരമാണെന്ന് മറ്റു ചിലർ അടിവരയിട്ടു പറയുന്നു. ഇതിനോട് ചുവടു പിടിച്ച്, ദൈവീക കൽപ്പനകൾ തികവോടെ പാലിക്കുന്നതിന് ആർക്കും സാദ്ധ്യമല്ലെന്നിരിക്കെ, നീതീകരണത്തിന്റെ അസാദ്ധ്യമായ ഒരു സംവിധാന ത്തെക്കുറിച്ച് ചിത്രീകരി ക്കുകയായിരുന്നു പൗലൊസിന്റെ ഉദ്ദേശ്യം എന്ന് ചിലർ പറയുന്നു.

ഇവയിൽ ഭൂരിഭാഗവും പറയുന്നതെന്താണ് എന്ന് ഞാൻ മനസ്സിലാക്കുന്നുണ്ട്. നമ്മുടെ രക്ഷയ്ക്കായി യോഗ്യത നേടുന്നതിന് മതിയായ പ്രവർത്തികൾ ചെയ്യുന്നതിന് നമുക്കൊ രിക്കലും സാദ്ധ്യമല്ല എന്നു ഞാനും മനസ്സിലാക്കുന്നു. ന്യായവിധി ദിവസത്തെക്കുറിച്ച്, അന്ന് ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ചും ശിക്ഷയെക്കുറിച്ചുമുള്ള പരാമർശങ്ങളോടൊപ്പം, അത്തരത്തിലൊരു ഉജ്ജ്വലമായ ചിത്രം വരച്ചിരിക്കുന്ന തിനാൽ, പൗലൊസിന്റെ ഹൃദയത്തിലുണ്ടായിരുന്ന

ഉദ്ദേശ്യങ്ങൾ ഇവയായിരുന്നുവോ എന്ന് ഞാൻ സംശയിക്കുന്നു.

‘‘അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാ സനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരി. 5:10). എന്ന് പൗലൊസ് എഴുതുമ്പോൾ, രക്ഷയുടെ അസാദ്ധ്യമായ ഒരു സംവിധാന ത്തെക്കുറിച്ച് വിവരിക്കുക യായിരുന്നുവോ പൗലൊസിന്റെ ഉദ്ദേശ്യം? യേശു തന്റെ ശിഷ്യൻമാരോട് ‘‘ഓരോരുത്തനും അവനവന്റെ പ്രവർത്തിക്ക് തക്കവണ്ണം പകരം കൊടുക്കും’’ (മത്താ. 16:27) എന്ന് പറഞ്ഞപ്പോൾ, യേശു ശിക്ഷാവിധിയെക്കുറിച്ച് മാത്രം പരാമർശിക്കുകയായിരുന്നുവോ? 2:6–ൽ ഉദ്ധരിക്കപ്പെട്ട വചന ഭാഗത്തിൽ, ദാവീദ് ദൈവത്തിന്റെ ‘‘ദയ’’ – യെക്കുറിച്ച് പരാമർ ശിക്കുന്നു. കർത്താവ് ഒരു മന ുഷ്യന് ‘‘അവന്റെ പ്രവർത്തിക്ക് അനുസരണമായി’’ പകരം നൽകുമ്പോൾ (സങ്കീ. 62:12) *നല്ല* കാര്യങ്ങൾ സംഭവ്യമാണ് എന്ന് ഇത് അർത്ഥമാക്കുന്നു.

4 മുതൽ 10 വരെയുള്ള വാകൃങ്ങൾ വേദപുസ്തകത്തിൽ മറ്റെവിടെയെങ്കിലുമാണ് സ്ഥാനം പിടിച്ചിരുന്നതെങ്കിൽ, നൻമ – ദുഷ്ടതയല്ല – ചെയ്യുന്നതിന്, നമ്മെ പ്രേരിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന ഒരു വചനഭാഗമായി നാം അതിനെ സ്വീകരിക്കുമായിരുന്നു. എന്നാർ റോമർ 2–ാം അദ്ധ്യായത്തിൽ പൗലോസിന്റെ ഉദ്ദേശ്യം ഇതാണോ? യഹൂദർ ജാതികളിൽ ഏത് കുറ്റമാണോ ആരോപിക്കുന്നത്, അതേ കുറ്റത്താൽ യഹൂദരും കുറ്റക്കാരാണ് എന്ന് പൗലോസ് ആരോപിക്കുകയായിരുന്നു. അവരുടെ തെറ്റുകളിൽ അവർക്ക് തെല്ലും പശ്ചാത്താപമില്ല. ഇടയ്ക്ക് വെച്ച് നിർത്തി, “നിങ്ങൾ അന ുതപിക്കുകയും നീതിയോടുള്ള ജീവിതം നയിക്കുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്ക് ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയെ നേരിടേണ്ടി വരും! എന്നാൽ നിങ്ങളുടെ ഹൃദയവും ജീവിതവും നിങ്ങൾ രൂപാന്തരപ്പെടുത്തുന്നുവെങ്കിൽ, ഉത്തമമായവ നിങ്ങളെ കാത്തിരിക്കുന്നു – എന്നാൽ നിങ്ങൾ കർത്താവിന ും അവിടുത്തെ ഹിതത്തിനും എതിരായി പോരാടുന്നത് തുടരുന്നുവെങ്കിൽ, നിങ്ങളെ കാത്തിരിക്കുന്നത് ഭയാനകമായവ ആയിരിക്കും” എന്ന് പൗലൊസ് പറയുന്നുവെങ്കിൽ, അത് ന്യായീകരിക്കപ്പെടാവുന്നതല്ലേ?

*സാദ്ധ്യതകളെ സൂഷ്മനിരീക്ഷണം ചെയ്യുന്നു.* രണ്ട് കാഴ്ചപ്പാടുകൾക്ക് ഇടയിലുള്ള സംഘർഷമാണെന്ന് നാം കരുതുന്നവയെക്കുറിച്ച് നാം ഇപ്പോഴും അസ്വസ്ഥരാകുന്നു. കാര്യങ്ങൾ ഇങ്ങനെയാണെന്നിരിക്കെ, ഇനി പറയുന്ന അഭിപ്ര ായങ്ങൾ ക്രമബദ്ധമാണ്.

ഒരുപക്ഷെ, എനിക്ക് പറയുവാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, “നൻമ ചെയ്യുന്നത്” പരിഗണിക്കുമ്പോൾ, വ്യത്യസ്ത തരങ്ങളിലുള്ള “പ്രവർത്തികൾ” ഉണ്ട് എന്നാണ്. ഒരു വശത്ത്, സ്വയ നീതീകരണത്തിന്റെ പ്ര വർത്തികളും (ലൂക്കൊ. 18:9 കാണുക) ഉള്ളിലെ മലിനതയെ മൂടിവെക്കുന്നതിന ുള്ള പുറത്തെ പ്രവർത്തികൾ (മത്താ. 23:28 കാണുക). വ്യക്തമായും ദൈവം അത്തരം പ്രവർത്തികളെ അംഗീകരിക്കുന്നില്ല. എന്നാൽ മറു വശത്ത്, “വിശ്വാസത്തിന്റെ അനുസരണം” (1:5; 16:26) – ത്തിൽ നിന്ന് ഉൽഭവിക്കുന്ന പ്ര വർത്തികളുമുണ്ട്. നമുക്ക് യേശുവിലുള്ള വിശ്വാസത്തിന്റെ പ്രകടനങ്ങളാണവ. നൻമ ചെയ്യുന്നവർക്ക് നിത്യജീവൻ ലഭിക്കുന്നതിനെക്കുറിച്ച് പറയുമ്പോൾ പൗലൊസ് അപ്പൊസ്തലൻ അർത്ഥമാക്കുന്നത് ഈ വിശ്വാസത്തെക്കുറിച്ചാണ് (2:7). “ഒരു വ്യക്തി ഉള്ളിൽ എന്താണ് അചഞ്ചലമായി മുറുകെപ്പിടിച്ചിരിക്കുന്നത്, അതിന്റെ ബാഹ്യമായ പ്രകടനമാണ് പ്രവർത്തികൾ’’ എന്ന് മോറിസ് എഴുതി.

ഒരു വിശ്വാസിയിൽ അവ തന്റെ വിശ്വാസത്തിന്റെ പ്രകടനം തന്നെയാണ്.''[74]

*ദൈവത്തിന്റെ ഹിതം* അന്വേഷിക്കുന്നവരും (2:7) *സ്വന്ത ഹിതം* പൂർത്തീകരിക്കുന്നതിന് തത്രപ്പെടുന്നവരും (2:8). പരസ്പരമുള്ള വൈരുദ്ധ്യം അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുകയായിരുന്നു. ദൈവത്തിന്റെ ഹിതം അന്വേഷിക്കുന്ന വരുടെ നല്ല പ്രവർത്തികൾക്ക് പ്രതിഫലം ലഭിക്കുമെന്ന് അപ്പൊസ്തലൻ പറഞ്ഞു (2:7). അത്തരം വ്യക്തികൾ കർത്താവിലാണ് ആശ്രയിക്കുന്നത്, സ്വന്ത പ്രവർത്തികളിലല്ല.

കൂടാതെ, *സത്യം അനുസരിക്കുന്നവരും അനീതി അനുസരിക്കുന്നവരും തമ്മിലുള്ള വൈരുദ്ധ്യവും* പൗലൊസ് ചൂണ്ടിക്കാണിക്കുന്നുണ്ട് (2:8). നാം ഊന്നിപ്പറഞ്ഞതു പോലെ, റോമാ ലേഖനത്തിൽ വിശ്വാസവും അനുസരണവും തമ്മിൽ ശക്തമായ ബന്ധമുണ്ട്. ജെ. ഡി. തോമസ് ഇതിനെക്കുറിച്ച് പറയുന്നതിങ്ങനെയാണ്:

> വാക്യം 8-ൽ കാണപ്പെടുന്ന ''അനുസരിക്കുക'' എന്ന പ്രയോഗം ഊന്നിപ്പറയുന്നത്, ദൈവത്തിന്റെ പ്രകടിതമായ ഇച്ഛയോടുള്ള അനുസരണം കൂടാതെ രക്ഷ സാദ്ധ്യമാകില്ല എന്നതാണ്. എങ്കിലും, ഏതാനും കൽപ്പനകൾ പാലിക്കുന്നത് മാത്രമല്ല അതിൽ ഉൾപ്പെടുന്നത്. "വിധേയത്വത്തോടെ പൂർണ്ണ ശ്രദ്ധ വെക്കുക" എന്നതാണ് ഇതിന്റെ അർത്ഥം; സമ്പൂർണ്ണമായ സമർപ്പണവും ഇതിൽ ഉൾപ്പെടുന്നു.[75]

''സമ്പൂർണ്ണമായ വിധേയത്വം'' ഉൽപ്പാദിപ്പിക്കുന്നത് വിശ്വാസമാണ്.

1 മുതൽ 16 വരെയുള്ള വാക്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക. ''നല്ല പ്രവർത്തികൾ ചെയ്യുന്നതിൽ'' മാത്രമായിരുന്നല്ല പൗലൊസിന്റെ ഉൽകണ്ഠ. അത്തരം *പ്രവർത്തികളുടെ പിന്നിലെ പ്രചോദനവും* പൗലൊസിന്റെ ചിന്താവിഷയമായിരുന്നു. വാക്യം 5-ൽ ഹൃദയത്തെ ക്കുറിച്ച് പരാമർശിക്കുന്നു. വാക്യം 16-ൽ മനുഷ്യരുടെ "രഹസ്യങ്ങളെ"ക്കുറിച്ച് – അവരുടെ ചിന്തകളും പ്രേരക ഘടകങ്ങളും ഉൾപ്പെടെ – പൗലൊസ് സംസാരിക്കുന്നു. മാക്ആർതർ പ്രവർത്തികളെ ഒരു സൂചികയായി പരിഗണിച്ചു: "ഒരു വ്യക്തിയുടെ പ്രവർത്തി കൾ, അയാളുടെ സ്വഭാവത്തിന്റെ തെറ്റുപറ്റാത്ത ഒരു സൂചികയാണ്."[76] (മത്താ. 7:16, 20).

കൂടാതെ, *തിരുവചനത്തിലെ ഒരു വചനഭാഗവും ഒരിക്കലും ഓരോന്നായി വേർതിരിച്ച് പഠന വിധേയമാക്കരുത്* എന്ന് നമ്മെത്തന്നെ ഓർമ്മിപ്പിക്കുന്നത് എപ്പോഴും അനുയോജ്യമായിരിക്കും. റോമർക്കുള്ള ലേഖനത്തിലേയും മറ്റ് വചന ഭാഗങ്ങളിലെയും ദൈവ വചനത്തിന്റെ വെളിച്ചത്തിൽ, വാക്യങ്ങൾ 8-ലെയും 9-ലെയും ദുഷ്ടത പ്രവർത്തി ക്കുന്നവർ, ദൈവത്തിൽ ആശ്രയം പുലർത്താത്തവരോ തങ്ങളുടെ ജീവിതങ്ങൾ ദൈവ ത്തിന് സമർപ്പിക്കാത്തവരോ ആണ് എന്ന് ധരിച്ചു പോയേക്കാം. ന്യായവിധിയിൽ, അവരുടെ പാപത്തിന്റെ പട്ടിക മാറ്റമില്ലാതെ നിലനിൽക്കുന്നതിനാൽ, അവർ ദൈവീക ശിക്ഷയ്ക്ക് ഇരയാകും. വാക്യങ്ങൾ 7-ലെയും 10-ലെയും നല്ല പ്രവർത്തികൾ ചെയ്യുന്നവർ, കർത്താ വിന്റെ കൽപ്പനകളെ *അനുസരിച്ചിട്ടുള്ളവരും* കർത്താവിന്റെ കൃപ സ്വീകരിച്ചിരിട്ടുള്ളവരും ആണ് എന്ന് നമുക്ക് അനുമാനിക്കാം. പഴയ നിയമത്തിലാണെങ്കിലും പുതിയ നിയമത്തിലാ ണെങ്കിലും, അവരുടെ പാപങ്ങൾ യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ടിരി ക്കുന്നു (എബ്രാ. 9:15 കാണുക). അതിനാൽ ഭീതി കൂടാതെ അവർക്ക് ന്യായവിധിയെ നേരിടാം.

റോമർ 2:6-നെക്കുറിച്ച് ചിന്തിക്കുമ്പോൾ തോമസ് പറയുന്നതിങ്ങനെയാണ്. ''ഒരു വിശ്വാസി യുടെ ആത്യന്തിക പ്രതിഫലം *ഒരു വിധത്തിലും, ഒരു തലത്തിലും* അവന്റെ പ്രവർത്തി കളുടെ അടിസ്ഥാനത്തിലാണ്.''[77] മറ്റൊരാൾ പറയുന്നു, ''നമ്മുടെ പ്രവർത്തികളിലൂടെയല്ല നാം രക്ഷിക്കപ്പെടുന്നത്, എന്നാൽ അവ കൂടാതെയും നമുക്ക് രക്ഷിക്കപ്പെടാനാവില്ല – കാരണം നമ്മുടെ പ്രവർത്തികൾ നമ്മുടെ വിശ്വാസത്തെ പ്രകടിപ്പിക്കുന്നു (യാക്കൊ. 2:18, 20 കാണുക).''

**ധാർമ്മികമായ നൻമയും രക്ഷയും (2:12)**

ഞാൻ ലോകത്തെ നിരവധി രാജ്യങ്ങളിൽ സഞ്ചരിക്കുകയും വ്യത്യസ്തങ്ങളായ മത തത്വജ്ഞാനികളെ അഭിമുഖീകരിക്കുകയും ചെയ്തിട്ടുമുണ്ട്. ഞാൻ സന്ദർശിച്ചിട്ടുള്ള മിക്കവാറും എല്ലാ രാജ്യങ്ങളിലെയും കൗതുകകരമായ ഒരു പ്രവണത എന്റെ ശ്രദ്ധയിൽപ്പെട്ടത്, നല്ല മനുഷ്യരായി ജീവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മനുഷ്യർക്ക് സ്വർഗ്ഗത്തിലേക്ക് പ്രവേശനം ലഭിക്കുമെന്ന ഒരു പൊതു വിശ്വാസമാണ്. കൂടുതലായി, താമസിക്കുന്നത് ഏത് രാജ്യത്താണെങ്കിലും, ഭൂരിഭാഗം ആളുകളും കരുതുന്നത് അവർ നല്ല വ്യക്തികളാണെന്നും അതിനാൽ അവരുടെ ഈശ്വരന്റെ (അല്ലെങ്കിൽ ഈശ്വരൻമാരുടെ) മുൻപിൽ നിൽക്കുന്നതിന് അവർ ''തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്'' എന്നുമാണ്. അത്തരമൊരു നിഗമനം മിക്കപ്പോഴും വികലമായ ന്യായവാദത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പൊക്കി യതാണ്: ''ഞാൻ മറ്റുള്ളവരെപ്പോലെ ദുഷ്കൃത്യങ്ങളൊന്നും തന്നെ ചെയ്യുന്നില്ല. അതിനാൽ, ഞാൻ മറ്റുള്ളവരേക്കാൾ നല്ലവനാണ് – ഞാൻ മറ്റുള്ളവരേക്കാൾ നല്ലവനാ യതിനാൽ, എനിക്ക് ഒരു പ്രശ്നവും ഉണ്ടാകാൻ പോകുന്നില്ല.'' ഇത്തരത്തിലുള്ള യുക്തി വിചാരം, ''നിങ്ങൾ എനിക്ക് ഇരുപത് ലക്ഷം രൂപ യുടെ കടം മടക്കി നൽകാനുണ്ട്. ഞാൻ വെറും പത്ത് ലക്ഷം രൂപ മാത്രമേ നിങ്ങൾക്ക് മടക്കി നൽകാനുള്ളു. നിങ്ങൾ കടം വാങ്ങിച്ച തുകയുടെ അത്രയും ഞാൻ കടം വാങ്ങിയിട്ടില്ലാത്തതിനാൽ, ഞാൻ കട ബാദ്ധ്യതയിൽ നിന്ന് ഒഴിഞ്ഞിരിക്കേണ്ടതാണ്!''[78] എന്ന് കരുതുന്നതു പോലെ അത്ര പരിഹാസ്യമാണ്.

നാം നമ്മെത്തന്നെ കരുതുന്നത് ധാർമ്മികമായി ഒരു ഉത്തമ വ്യക്തിയായിട്ടാണെങ്കിലും ധാർമ്മികമായി ആത്മികമായും നിത്യമായും മരണം (6:23). അർഹിക്കുന്ന ഒരു ദുഷ്ട വ്യക്തിയായിട്ടാണെങ്കിലും, നാം എല്ലാവരും പാപികളാണ് (3:10, 23) എന്നതാണ് യാഥാർത്ഥ്യം. ഒരു വ്യക്തിക്ക് അയാളുടെ/അവരുടെ നൻമയുടെ അടിസ്ഥാനത്തിൽ രക്ഷ ലഭിക്കുമായിരുന്നുവെങ്കിൽ, രണ്ട് വ്യക്തികൾക്ക് അതിന് സാധിക്കും. രണ്ട് വ്യക്തികൾക്ക് സാധിക്കുമെങ്കിൽ, നൂറ് വ്യക്തികൾക്ക് സാധിക്കും – കാരണം ''ദൈവത്തിന് മുഖപക്ഷമില്ല'' (അ. പ്രവൃത്തി. 10:34). എല്ലാവർക്കും അവരുടെ നല്ല പ്രവർത്തികൾ മൂലം രക്ഷിക്കപ്പെടുവാൻ സാധിക്കുമെങ്കിൽ, ക്രിസ്തു ക്രൂശിൽ യാഗമായിത്തീരേണ്ട ആവശ്യമില്ലായിരുന്നു. എന്നാൽ, യേശുക്രിസ്തു സ്വന്തം ജീവൻ നൽകേണ്ടിയിരുന്നുവെന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു, കാരണം മനുഷ്യ വർഗ്ഗം രക്ഷിക്കപ്പെടുന്നതിന് മറ്റൊരു വഴിയും ഇല്ലായിരുന്നു (മത്താ. 26:39).

യേശുപറഞ്ഞു, ''ദീനക്കാർക്കല്ലാതെ സൌഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല; ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നതു'' (മർ. 2:17). ''നീതിമാൻമാർ'' എന്ന് യേശു പരാമർശിച്ചപ്പോൾ, യേശു അർത്ഥമാക്കിയത്

യഥാർത്ഥത്തിൽ നീതിമാൻമാരായവരെ ആയിരുന്നില്ല, മറിച്ച് നീതിമാൻമാരായി സ്വയം പരിഗ ണിച്ചവരെയാണ്. തങ്ങൾ പാപികളല്ല, നീതിമാൻമാരാണെന്ന് കരുതുന്നിടത്തോളം അവർ യേശുവിലേക്ക് വരില്ല. ചികിൽസയ്ക്കായി ഒരു ഡോക്ടറെ കാണേണ്ട ആവശ്യമില്ലെന്ന് മനസ്സിലുറപ്പിച്ചിട്ടുള്ള ഒരു വ്യക്തി, ഡോക്ടറെ കാണുന്നതിനായി പോകാനുള്ള സാദ്ധ്യത യിലും കുറവാണ് അത്. ഒരു വ്യക്തി രക്ഷയിലേക്ക് എത്തണമെങ്കിൽ, അതിന്റെ ആദ്യ പടി, തന്റെ പാപം നിറഞ്ഞ വ്യക്തിത്വം അംഗീകരിക്കുകയുംതന്റെ ജീവിതത്തിൽ കർത്താവിന്റെഅത്യന്താപേക്ഷിതമായ സാന്നിദ്ധ്യത്തിന്റെ ആവശ്യകത തിരിച്ചറിയുകയുമാണ്.

ഒരു നല്ല ജീവിതം നയിച്ചതു കൊണ്ട് മാത്രം നമുക്ക് രക്ഷിക്കപ്പെടുന്നതിന് സാദ്ധ്യമല്ല എന്ന് ഞാൻ പറയുമ്പോൾ എന്നെ തെറ്റിദ്ധരിക്കരുത്. ഉയർന്ന ധാർമ്മിക നിലവാരം അപ്രധാനമാണ് എന്നല്ല ഞാൻ അർത്ഥമാക്കുന്നത്. റോമാ ലേഖനത്തിൽ പിന്നീട് പൗലൊസ് എഴുതുന്നു, "ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (12:2). അദ്ദേഹം ഇങ്ങനെയും പറയുന്നു: "എങ്കിലും നിങ്ങൾ നന്മെക്കു ജ്ഞാനികളും തിന്മെക്കു അജ്ഞന്മാരും ആകേണം എന്നു ഞാൻ ഇച്ഛിക്കുന്നു" (16:19). കർത്താവിനെ പ്രസാദിപ്പിക്കണം എന്ന് ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയും പാപമയമായ ലോകത്തിൽ നിന്ന് വ്യത്യസ്തമായൊരു ജീവിതം നയിക്കുന്നതിന് ഉദ്യമിക്കും. "നല്ല" ജീവിതം നയിക്കുന്നതിന് ഏറ്റവും മികച്ച ശ്രമം നടത്തിയതിന് ശേഷവും, നമ്മുടെ രക്ഷയ്ക്കായി യോഗ്യത നേടുന്നതിനോ അത് ലഭ്യമാക്കുന്നതിനോ മതിയായ "നൻമ"ആർജ്ജിക്കുന്നതിന് നമുക്ക് ഒരിക്കലും സാധ്യമാകില്ല എന്നാണ് ഞാൻ പറയുവാനാഗ്രഹിക്കുന്നത്. നാം മഹനീയമായ ദൈവ കൃപയിലൂടെ രക്ഷിക്കപ്പെട്ടേ മതിയാകൂ, അല്ലാത്തപക്ഷം നാം രക്ഷയിലേക്കെത്തുകയേ ഇല്ല!

### "**ചെയ്യേണതാണെന്ന ബോധം**" **(2:14, 15)**

നിരീശ്വരനായ ഒരു സുഹൃത്തിനോടൊപ്പം പ്രെന്റീസ് മെഡോർ ജൂണിയർ ഒരിക്കൽ ഉച്ചഭക്ഷണം കഴിക്കുകയായിരുന്നു. ദൈവത്തിൽ വിശ്വസിക്കാതിരിക്കുന്നതിന്റെ കാരണ ങ്ങളെക്കുറിച്ച് സുഹൃത്ത് പട്ടിക നിരത്തിയപ്പോൾ, ബ്രദർ മെഡോർ അയാളുടെ കാലിൽ ചവിട്ടി. അമ്പരന്നു പോയ സുഹൃത്ത് അത് അറിയാതെ സംഭവിച്ചതാണെന്ന ധാരണയിൽ തന്റെ ചിന്തകളുടെ കെട്ടഴിക്കുന്നത് തുടർന്നു. അടുത്ത നിമിഷത്തിൽ സുവിശേഷകൻ വീണ്ടും അയാളുടെ കാലിൽ ചവിട്ടി. ഇത് നിരവധി പ്രാവശ്യം ആവർത്തിച്ചതിന് ശേഷം, സുവിശേഷകന്റെ സുഹൃത്ത് തന്റെ വാക്കുകൾ ഇടയ്ക്കു വെച്ച് നിർത്തിയിട്ട് പറഞ്ഞു, "നിങ്ങൾ അങ്ങനെ ചെയ്യരുത്!" ബ്രദർ മെഡോർ അയാളുടെ കണ്ണുകളിൽ നോക്കി ഇങ്ങനെ ചോദിച്ചു, "ചെയ്യേണ്ട താണ് അല്ലെങ്കിൽ ചെയ്യരുത് എന്ന ആശയം നിങ്ങൾക്ക് എവിടെ നിന്ന് ലഭിച്ചു?" ഈ സംഭവം പങ്കു വെച്ച് അവസാനിപ്പിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു "എല്ലാ വ്യക്തികൾക്കും, 'ചെയ്യേണ്ടതാണ്,' 'ചെയ്തേ തീരൂ' എന്ന് ഒരു തോന്നലുണ്ട്."[79]

### **നിങ്ങളും നിങ്ങളുടെ മനസ്സാക്ഷിയും (2:14, 15)**

റോമാ ലേഖനം 2:14, 15 എന്നീ വചനങ്ങളോട് ബന്ധപ്പെട്ട്, മനസ്സാക്ഷി

എന്ന പദം സംബന്ധിച്ച് ചില അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. വ്യാഖ്യാതാക്കൾക്ക് മനസ്സാക്ഷിയെ നിർവചിക്കുന്നതിന് വൈഷമ്യം നേരിട്ടിട്ടുണ്ട്. എന്നാൽ ശരാശരി ഒരു വ്യക്തിക്ക് അത് വിഷമകരമല്ല. ഭൂരിഭാഗം പേരും ഇങ്ങനെ പറയും, ''തീർച്ചയായും എനിക്കറിയാം മനസ്സാക്ഷി എന്താണെന്ന്! തെറ്റ് ചെയ്യുമ്പോൾ ഖേദം തോന്നിപ്പിക്കുന്ന, എന്റെ ഉള്ളിലുള്ള എന്തോ ഒന്നാണ് അത്!''

''*മനസ്സാക്ഷിരഹിതർ'' ആയ ആളുകൾ?* "ഓരോ വ്യക്തിയും ജനിക്കുന്നത് ചില കാര്യങ്ങൾ 'ശരി' ആണെന്നും മറ്റ് ചിലവ 'തെറ്റ്' ആണെ ന്നുമുള്ള സഹജമായ ബോധത്തോ ടെയാണ്" എന്ന് മുൻപ് ഞാൻ എഴുതിയിരുന്നല്ലോ. എങ്കിലും, മനസ്സാക്ഷിക്ക് മുറിവേൽ ക്കുന്ന വേദന ഒരിക്കലും അനുഭവപ്പെടാത്ത "മനസ്സാക്ഷിരഹിതർ" (ആർക്കും പറയുവാൻ കഴിയുന്നതു പോലെ) ആയ ചിലർ നിങ്ങൾക്ക് പരിചിതരായിട്ടുണ്ടാകാം. ഒരു വ്യക്തിക്ക് തന്റെ മനസ്സാക്ഷിയെ "ചൂടു വെക്കുന്നതിന്" (പൊള്ളിച്ചു കളയുന്നതിന്) (1 തിമോ. 4:2 കാണുക) കഴിയുമെന്നും അങ്ങനെ അത് നിർജ്ജീവമായിത്തീരുന്നുവെന്നും പൗലൊസ് മറ്റൊരിടത്ത് എഴുതുന്നുണ്ട്. മനസ്സാക്ഷിയുടെ ശബ്ദം അനുസരിക്കുന്നതിന് നിരന്തരമായി നിരാകരിക്കുന്നതിലൂടെ, ഒരാൾക്ക് മനസ്സാക്ഷിയെ പൊള്ളിച്ചു കളയാം. ഒടുവിൽ, ആ ശബ്ദം പൂർണ്ണമായി നിലയ്ക്കപ്പെടുന്നു. ഒരാളും തന്റെ മനസ്സാക്ഷിയെ ലംഘിക്കരുത് എന്ന് നിരവധി തിരുവചനങ്ങളിൽ നിന്ന് വ്യക്തമാണ്.[80] ഓരോ പ്രാവശ്യവും ഒരു വ്യക്തി തന്റെ മനസ്സാക്ഷിക്ക്[80] എതിരായി ചുവടു വെക്കുമ്പോൾ, മനസ്സാക്ഷിയുടെ ഫലക്ഷമത ആ വ്യക്തി കുറച്ചു കൊണ്ടു വരികയാണ്. ഇങ്ങനെ തുടർച്ചയായി ചെയ്യുമ്പോൾ, അയാൾ/ അവർ ദൈവ-ദാനമായ സുരക്ഷോപാധിയെ തകർത്തു കളയുകയാണ്.

''*നിങ്ങളുടെ മനസ്സാക്ഷി നിങ്ങളുടെ മാർഗ്ഗദർശിയാകട്ടെ?*'' മന സ്സാക്ഷിയുടെ പ്രാമുഖ്യവും അത് ലംഘിക്കാതിരിക്കുന്നതിന്റെ പ്രാധാന്യവും ചൂണ്ടിക്കാട്ടി ഒരു വ്യക്തി ചെയ്യേണ്ടത് ''അയാളുടെ മനസ്സാക്ഷിക്ക് അന ുസരണമായി ജീവിക്കുക''മാത്രമാണ് എന്ന് ചിലർ നിഗമനത്തിലെത്തുന്നു. ലോകത്തിലെ ചില ഭാഗങ്ങളിൽ പലപ്പോഴും ഉയർന്നു കേട്ടിട്ടുള്ള ഒരു തത്വശാസ്ത്രമാണ് ''നിങ്ങളുടെ മനസ്സാക്ഷി നിങ്ങളുടെ മാർഗ്ഗദർശിയാകട്ടെ'' എന്നത്. തീർച്ചയായും നമ്മുടെ മനസ്സാക്ഷിയെ നമുക്ക് അപഹസിച്ച് തള്ളുന്നതിന് സാധിക്കില്ലെങ്കിലും, മനസ്സാക്ഷി മാത്രമാണ് തെറ്റു പറ്റാത്ത മാർഗ്ഗദർശിയെന്ന അന്തിമ നിർണ്ണയത്തിൽ ഒരിക്കലും എത്തരുത്. ശൗൽ (പൗലൊസ്) ക്രിസ്തീയ വിശ്വാസികളെ പീഡിപ്പിച്ചപ്പോൾ അദ്ദേഹം അത് നല്ല മനസ്സാക്ഷിയോടു കൂടിയായിരുന്നു (അപ്പൊ. പ്രവ. 23:1; 26:9 കാണുക).

ധാർമ്മികവും മതപരവുമായ കാര്യങ്ങളിൽ മനസ്സാക്ഷിയുടെ മാനദണ്ഡം മാത്രം ഉപയോഗിക്കുന്നത് അപ്പാടെ അപര്യാപ്തമാണ്; അതിന് ലഭ്യമായ *അറിവ്* ഏറെ പരിമിതമാണ് എന്നതു തന്നെ കാരണം.[81] തെറ്റും ശരിയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് മനസ്സാക്ഷി പറയുന്നു; എന്നാൽ ഒരു വ്യക്തിയുടെ മനസ്സാക്ഷി ശരിയേത് തെറ്റേത് എന്ന് നിർണ്ണയിക്കുന്നത്, അയാളെ എന്ത് പഠിപ്പിച്ചിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. അസംഖ്യം മനുഷ്യർ വിഗ്രഹങ്ങളെ ആരാധിക്കുകയോ ബഹുഭാര്യാത്വം പിന്തുടരുകയും ചെയ്യുന്നു; എന്നാൽ അവരുടെ മനസ്സാക്ഷി അവരെ തെല്ലും അലോസരപ്പെടുത്തുന്നില്ല; കാരണം, അങ്ങനെയാണ് അവരെ പഠിപ്പിച്ചിട്ടുള്ളത്.

മനസ്സാക്ഷിയെ, ഒരു ന്യായാധിപനും സാക്ഷിയും വിധികർത്താവും

ആരാച്ചാരും ഒന്നിച്ചു ചേർന്ന ഒന്നായി നമുക്ക് താരമതമ്യപ്പെടുത്താം. ഒരു ന്യായാധിപന്റെയോ സാക്ഷിയുടെയോ വിധികർത്താവിന്റെയോ ആരാച്ചാരുടെയോ ധർമ്മമല്ല നിയമങ്ങൾ നിർമ്മിക്കുകയെന്നത്. മറിച്ച് അവരുടെ കർത്തവ്യം, നിയമം നടപ്പിലാക്കുക എന്നതാണ്. ഇതേ വിധത്തിൽ, മനസ്സാക്ഷി നീതിന്യായ ഘടനയും കാര്യനിർവ്വഹണ ഘടനയുമാണ്; നിയമനിർമ്മാണ ഘടനയല്ല. അതിന് ലഭ്യമായ ആത്മീയവും ധാർമ്മികവുമായ നിയമങ്ങൾ മാത്രമേ നടപ്പിലാക്കുന്നതിന് കഴിയൂ. ''മനസ്സാക്ഷിയെ സുരക്ഷിതമായി നയിക്കുന്നതിന് കഴിയുന്നിടത്തോളം മാത്രമേ, അത് ഒരു സുരക്ഷിത മാർഗ്ഗദർശിയാകുന്നുള്ളു'' എന്ന് പറയാറുണ്ട് - അതായത്, ദൈവ വചനത്തിന്റെ ഉപദേശങ്ങളിലൂടെ സുരക്ഷിതമായി അത് നയിക്കപ്പെടുമ്പോൾ.

*ഒരു നിർമ്മല മനസ്സാക്ഷി സൂക്ഷിക്കുക.* ഗവർണറായ ഫേലിക്സിന് മുൻപിൽ പ്രതിവാദം ഉയർത്തിക്കൊണ്ട് പൗലൊസ് പറഞ്ഞു: ''അതു കൊണ്ടു എനിക്കു ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പോഴും ഉണ്ടായിരിപ്പാൻ ഞാൻ ശ്രമിക്കുന്നു'' (അപ്പൊ. പ്രവ. 24;16). ''ഞാൻ ശ്രമിക്കുന്നു'' എന്ന് അർത്ഥം വരുന്ന ഗ്രീക്ക് പദം ഗ്രീക്കുകാർ ഉപയോഗിച്ചിരുന്നത്, ഒരു മൽസരത്തിനായി തയ്യാറെടുക്കുന്ന കായികമൽസരാർത്ഥി കടന്നു പോയിരുന്ന ഊർജ്ജസ്വലമായ പരിശീലനത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്. അക്ഷരാർത്ഥത്തിൽ പൗലൊസ് ഇങ്ങനെ പറയുകയായിരുന്നു, ''ഞാൻ, കുറ്റമില്ലാത്ത ഒരു മനസ്സാക്ഷി ഉണ്ടായിരിക്കുന്നതിന് *കഠിനാഭ്യാസം* നടത്തുന്നു.''[82] ഗൗരവ പൂർണ്ണമായി, അതി കഠിനവും ഏറെ മണിക്കൂറുകൾ നീണ്ടതും തളർച്ചയുണ്ടാക്കുന്നതുമായ പരിശീലനത്തിലേർപ്പെടുന്ന കായിക മൽസരാർത്ഥിയെക്കുറിച്ച് ഓർക്കുക. "കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പോഴും ഉണ്ടായിരിക്കുന്നതിന്" പൗലൊസ് നടത്തുന്നത് അത്തരത്തിലൊരു കഠിനമായ അഭ്യാസമാണ്. നിങ്ങളുടെ മനസ്സാക്ഷി മികച്ച വിധത്തിൽ പ്രവർത്തന സജ്ജമായിരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി, ഇതാ ചില നിർദ്ദേശങ്ങൾ:

- ദൈവ വചന പഠനത്തെ ഗൗരവതരമായി സമീപിക്കുക
- പാപത്തെ ഗൗരവത്തോടെ കാണുക (എന്താണ് ശരിയെന്നും എന്താണ് തെറ്റെന്നും പഠിക്കുക).
- പാപത്തെക്കുറിച്ച് വേദപുസ്തകം എന്തു പറയുന്നുവോ, അത് *സ്വീകരിക്കുന്നതിൽ* ഗൗരവം കാട്ടുക.
- നിങ്ങളുടെ മനസ്സാക്ഷിയുടെ ശബ്ദം ശ്രവിക്കുന്നതിൽ ഗൗരവം കാട്ടുക.
- നിങ്ങൾ തെറ്റു ചെയ്തുവെന്ന് നിങ്ങളുടെ മനസ്സാക്ഷി പറയുമ്പോൾ സ്ഥിതിഗതികളെ ക്രമപ്പെടുത്തുന്നതിൽ ഗൗരവം കാട്ടുക.
- എല്ലാറ്റിനുമുപരിയായി, ''ഒരു നിർമ്മല മനസ്സാക്ഷി'' സൂക്ഷിക്കുന്നതിൽ ഗൗരവം കാണിക്കുക.

നിങ്ങൾ തെറ്റു ചെയ്തുവെന്ന് നിങ്ങളുടെ മനസ്സാക്ഷി പറയുമ്പോൾ, അതിനെക്കുറിച്ച് പശ്ചാത്തപിക്കുകയും ശുദ്ധീകരണം പ്രാപിക്കുന്നതിനായി കർത്താവിന്റെ സന്നിധിയി ലേക്ക് പോകുകയും ചെയ്യുക (കാണുക എബ്രാ. 9:14, 10:22).

**എല്ലാവർക്കും ഒരു ആവശ്യമുണ്ട് (2:14, 15)**

*ഒരു ചോദ്യം.* ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ പ്രായമുള്ളവർ ചോദിക്കുന്നത് ഞാൻ കേട്ടിരുന്നു, ‘‘മറ്റ് ദേശങ്ങളിലുള്ള, ഒരിക്കലും സുവിശേഷം കേട്ടിട്ടില്ലാത്തവർക്ക് എന്താണ് സംഭവിക്കുക? യേശുവിനെക്കുറിച്ച് ഒരിക്കലും കേൾക്കുന്നതിന് അവസരം ലഭിച്ചിട്ടില്ലെങ്കിൽപ്പോലും അവർ നിത്യമായി നശിച്ചു പോകുമോ?’’ ചിലപ്പോൾ ഈ ചിന്ത, ഇങ്ങനെ പ്ര കടിതമാകാറുണ്ട്: ‘‘തീർച്ചയായും, അവർക്ക് അറിയാവുന്നതെന്താണോ, അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഉത്തമമായി പ്രവർത്തിക്കുമെങ്കിൽ ദൈവം അവരെ രക്ഷിക്കും!’’ ചിലപ്പോൾ, ഇത്തരത്തിലൊരു അന്തിമ നിഗമനത്തെ പിന്തുണയ്ക്കുന്ന തിനായി, റോമർ 2:14, 15 ഉപയോഗിക്കാറുമുണ്ട്. അത്തരത്തിലൊരു മനോഭാവം, മറ്റ് രാജ്യങ്ങളിൽ സുവിശേഷം അറിയിക്കുന്ന ശുശ്രൂഷയെ അലംഭാവത്തോടെ വീക്ഷിക്കുന്ന തിന് ചില വ്യക്തികൾക്ക് കാരണമായിട്ടുണ്ട്.

ഞാനും നിങ്ങളും ‘‘ദൈവത്തിന്റെ സ്ഥാനമെടുക്കുന്നതിന്’’ ധൈര്യെ പ്പടരുത്. നാമല്ല, ദൈവമാണ് ആര് രക്ഷിക്കപ്പെടും ആര് രക്ഷിക്കപ്പെടില്ല എന്ന് തീരുമാനിക്കുന്നത്. ഈ വിഷയത്തിൽ, മറ്റെല്ലാ കാര്യങ്ങളിലെന്ന പോലെ, സർവ്വഭൂമിക്കും ന്യായാധിപതിയായവൻ ന്യായം പ്രവർത്തിക്കുക തന്നെ ചെയ്യുമെന്ന് നമുക്ക് അറിയാം (ഉല്പ. 18:25). അതേ സമയം തന്നെ, സുവിശേഷം കൂടാതെ ഇന്ന് വ്യക്തികൾക്ക് രക്ഷിക്കപ്പെടുന്നതിന് കഴിയുമെന്ന് – ‘‘അവർക്ക് അറിയാവുന്നതെന്താണോ, അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഉത്തമമായി പ്രവർത്തിക്കുമെങ്കിൽ’’ – റോമർ 2:14, 15 പഠിപ്പിക്കുന്നുണ്ടോ ഇല്ലയോ എന്ന് ന്യായമായും ചർച്ച ചെയ്യാവുന്നതുമാണ്.

*പഴയ നിയമ പശ്ചാത്തലം;* പുതിയ നിയമം പ്രദാനം ചെയ്യുന്ന സംവിധാനമല്ല. ഒന്നാമതായി, യഹൂദരും ജാതികളും തമ്മിലുള്ള, പൗലോസ് വിവക്ഷിക്കുന്ന വൈരുദ്ധ്യത്തിന്റെ പശ്ചാത്തലം, പഴയനിയമത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്; അല്ലാതെ പുതിയ നിയമം നൽകുന്ന സംവിധാനത്തിന്റെ അടിസ്ഥാനത്തിലല്ല. 1:18–3:20–ൽ പൗലൊസ് വിവരിക്കുന്നത് ‘‘ക്രിസ്തുവിന്റെ കാലയളവിന് മുൻപുള്ള സമയത്തെക്കു റിച്ചാണ്’’[83] എന്ന് ഡഗ്ലസ് ജെ. മൂ പറഞ്ഞു. യേശുക്രിസ്തു ഭൂമിയിലേക്ക് വരുന്നതിന് മുൻപ്, ദൈവം യഹൂദരുമായി (ന്യായപ്രമാണം ഉണ്ടായിരുന്നവർ) ഇടപെട്ടത്, ജാതികളുമായി (എഴുതപ്പെട്ട ന്യായപ്രമാണ് ഇല്ലാതിരുന്നവർ) ഇടപെട്ടിരുന്നതിനേക്കാൾ വ്യത്യസ്തമായ ഒരു വിധത്തിലാണ്. എന്നാൽ ...

> ...അവൻ ഇരുപക്ഷത്തെയും (യഹൂദരെയും ജാതികളെയും) ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ... ന്യായപ്രമാണം എന്ന... ശത്രുത്വം, തന്റെ ജഡത്താൽ നീക്കി വേർപ്പാടിന്റെ നടുച്ചുവർ (ന്യായപ്രമാണം) ഇടിച്ചുകളഞ്ഞതു സമാധാനം ഉണ്ടാക്കിക്കൊണ്ടു ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽവെച്ചു ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ (സഭ; എഫെ. 1:22, 23) ദൈവത്തോടു നിരപ്പിപ്പാനും തന്നേ (എഫെ. 2: 14–6).

ഇനി, കർത്താവിൽ ‘‘യെഹൂദനും യവനനും (ജാതികൾ) എന്നില്ല; ...

നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ'' (ഗലാ. 3:28) എന്ന് വചനം പറയുന്നു. ചിലർ ഇന്ന് രക്ഷിക്ക പ്പെടുന്നത് ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലും (ക്രിസ്തുവിലുള്ള വിശ്വാസത്താൽ) മറ്റുള്ളവർ രക്ഷിക്കപ്പെടുന്നത് മറ്റൊന്നിന്റെ അടിസ്ഥാനത്തിലുമാണ് (ചെയ്യുവാൻ കഴിയുന്നതിൽ ഏറ്റവും ഉത്തമമായത് ചെയ്യുന്നതിലൂടെ) എന്ന് പഠിപ്പിക്കുന്നത്, പുതിയ നിയമത്തിലെ ''ഒരേ വിശ്വാസം (ഉപദേശം)'' (എഫെ. 4: 1–6) എന്ന സത്യത്തിന് കടകവിരുദ്ധമാണ്.

*ന്യായവിധി; രക്ഷ അല്ല.* രണ്ടാമതായി (കൂടുതൽ പ്രാധാന്യമർഹിക്കുന്നത്) റോമർ 2:14, 15–ൽ (അതിന്റെ പശ്ചാത്തലത്തിലും) ''പൗലൊസ് എഴുതുന്നത് ന്യായവിധിയെക്കുറിച്ചാണ്, രക്ഷയെക്കുറിച്ചല്ല.''[84] ചിലർ അവർക്ക് ലഭിച്ച പ്രകാശത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കുകയായിരുന്നുവെന്നും അതിനാൽ അവർ രക്ഷിക്കപ്പെടുമെന്നും അദ്ദേഹം സ്ഥാപിക്കുകയായിരുന്നില്ല. മറിച്ച്, ആരും തങ്ങൾക്ക് ലഭിച്ചിട്ടുള്ള സത്യത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കുകയായിരുന്നില്ലെന്നും അതിനാൽ എല്ലാവരും ആത്മീയമായി നഷ്ടപ്പെട്ടു പോയിരിക്കുന്നുവെന്നും പൗലൊസ് ഊന്നിപ്പറയുകയായിരുന്നു (കാണുക 2:12). ബാറ്റിയുടെ വീക്ഷണം ഇങ്ങനെയായിരുന്നു:

> സുവിശേഷം ഇല്ലാതെ, തനിക്ക് കഴിയാവുന്നതിൽ ഏറ്റവും ഉത്തമമായത് പ്രവർത്തിക്കുന്നതിൽ ആത്മാർത്ഥത പുലർത്തുന്നതും മനസ്സാക്ഷിയെ അനുസരിക്കുന്നതുമായ അവിശ്വാസിക്ക് ഏതെങ്കിലും വിധത്തിലുള്ള പ്രത്യാശ പൗലൊസ് നൽകുന്നില്ല. അവിശ്വാസിയുടെ ആത്മാർത്ഥത ദൈവമുൻപിൽ സ്വീകാര്യമാണെന്ന നിലപാട് പൗലൊസ് സ്വീകരിച്ചിരുന്നുവെങ്കിൽ, അത് അദ്ദേഹത്തിന്റെ ലോകം മുഴുവൻ സുവിശേഷം അറിയിക്കുന്നതിനുള്ള തീഷ്ണാഭിലാഷത്തെ സമൂലമായി കടപുഴക്കിക്കളയുമായിരുന്നു.[85]

യേശുക്രിസ്തുവിനെ കൂടാതെ മനുഷ്യരാശിയൊന്നാകെ ആത്മീകമായി നശിക്കുമെന്ന് – യഹൂദനായാലും ജാതികളാണെങ്കിലും – പൗലൊസ് സ്ഥിരീകരിക്കുകയായിരുന്നു. സാധാരണമായ ഒരു അബദ്ധ ധാരണ, മനുഷ്യരുടെ ആത്മീക നാശം സംഭവിക്കുന്നത് അവർ *സുവിശേഷത്തിന് പുറം തിരിഞ്ഞു നിൽക്കുന്നതു കൊണ്ടാണ്* എന്നുള്ളതാണ്. അല്ലേയല്ല. മനുഷ്യരുടെ ആത്മീക നാശം സംഭവിക്കുന്നത് *അവർ പാപികളായതു കൊണ്ടാണ്*. ഈ വിഷയത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനിടയിൽ, അണലി കടിച്ച ഒരു മനുഷ്യനെക്കുറിച്ച് ക്രിസ് ബുള്ളാർഡ് പറഞ്ഞു.[86] ആന്റി–വെനം കുത്തിവെക്കുന്നതിനായി, അയാളുടെ സുഹൃത്തുക്കൾ അയാളെ ഒരു വൈദ്യ ചികിൽസാ കേന്ദ്രത്തിലേക്ക് കൊണ്ടു പോയി. എങ്കിലും അവർ തക്ക സമയത്ത് അവർക്ക് അവിടെ എത്തിച്ചേരുന്നതിന് സാധിക്കാഞ്ഞതിനാൽ, ആ മനുഷ്യൻ മരണമടഞ്ഞു. ബുള്ളാർഡ് ഇങ്ങനെ ചോദിച്ചു: ''ആ മനുഷ്യൻ മരിച്ചത് സീറം (ആന്റി–വെനം) ലഭിക്കാത്ത കാരണത്താലാണോ?'' നമ്മുടെ സ്വാഭാവികമായ പ്രേരണ അതേ എന്നാണ്. എന്നാൽ, ബുള്ളാർഡ് പ്രതികരിച്ചത് ഇങ്ങനെയാണ്, ''അല്ല, ആ മനുഷ്യൻ മരിച്ചത് *ആ മനുഷ്യനെ ഒരു അണലി കടിച്ചതു കൊണ്ടാണ്*!'' എന്നിരുന്നാലും, ഒരു മനുഷ്യൻ ആത്മീയമായി നഷ്ടപ്പെടുന്നത് അയാളുടെ വ്യക്തിഗതമായ പാപം മൂലമാണ്.

യേശുക്രിസ്തു ഭൂമിയിലേക്ക് വന്നത്, വ്യക്തികൾക്ക് സുവിശേഷം

നൽകുകയും അവർ അത് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നതിലൂടെ അവർ ആത്മീയമായി രക്ഷിക്കപ്പെടുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നതിന് വേണ്ടിയായിരുന്നില്ല. അല്ല, യേശു ക്രൂശിൽ യാഗമായിത്തീർന്നില്ലായിരുന്നുവെങ്കിൽ, അതിനോടകം തന്നെ മനുഷ്യരാശി ആത്മീയമായി *നഷ്ടപ്പെട്ടു കഴിയുകയും* (ലൂക്കൊ. 19:10) പ്രത്യാശയില്ലാത്തവർ (എഫെ. 2:12) ആയിത്തീരുകയും ചെയ്യുമായിരുന്നതു കൊണ്ടാണ് യേശുക്രിസ്തു വന്നത്. സുവിശേഷം കേൾക്കാതെ തന്നെ ചിലർ ഇന്ന് രക്ഷിക്കപ്പെടും എന്നൊരു ആശയത്തോട് തോമസ് പ്രതികരിക്കുന്നത് ഇങ്ങനെയാണ്:

> ഇത്തരമൊരു വീക്ഷണത്തിൽ...മുഴു ലോകത്തെയും രക്ഷിക്കുന്നതിനുള്ള ഏറ്റവും മികച്ച മാർഗ്ഗം, എല്ലാവരും അജ്ഞതയിൽ തന്നെ വളരുന്നതിന് അനുവദിക്കുകയാണ്. വേദപുസ്തകം കത്തിച്ചു കളയുകയും സുവിശേഷ സന്ദേശം ആരും ഒരിക്കലും പരാമർശിക്ക പോലും ചെയ്യാതിരിക്കുകയും ചെയ്യുക; അപ്പോൾ അഞ്ജതയിലൂടെ മുഴുവൻ മനുഷ്യരാശിയും രക്ഷിക്കപ്പെടും! ഇത് തീർച്ചയായും, പരമാബദ്ധ ത്തിലേക്കുള്ള കൂപ്പുകുത്തലാണ്; എന്നാൽ യുക്തിപരമാണ്.[87]

ഒരു വ്യക്തിക്ക് സുവിശേഷം കേൾക്കുന്നതിനുള്ള അവസരം ഒരിക്കലും ലഭിക്കുന്നുവെങ്കിലും ഇല്ലെങ്കിലും അയാൾ ക്രിസ്തുവില്ലാതെ, പാപത്തിൽ നശിക്കും (എഫെ. 2:1) എന്ന വേദപുസ്തക ഉപദേശത്തെ കൂടുതൽ ശക്തമായി എനിക്ക് ഊന്നിപ്പറയാൻ കഴിയില്ല. ഞാൻ ഈ പ്രയോഗത്തിന് നൽകിയിരിക്കുന്ന ശീർഷകം ‘‘എല്ലാവർക്കും ഒരു ആവശ്യകതയുണ്ട്’’ എന്നാണ്. ആ ആവശ്യകത, ക്രിസ്തുവിന്റെ സുവിശേഷത്തിന്റേതാണ്! വീണ്ടും ഞാൻ പറയട്ടെ, ദൈവം മാത്രമാണ് ന്യായാധിപൻ. ആര് രക്ഷിക്കപ്പെടും, ആര് ആത്മീകമായി നാശത്തിലേക്ക് പോകും എന്നതിന്റെ അന്തിമ തീരുമാനം ദൈവത്തിന്റേതാണ്. അതേ സമയം തന്നെ, തിരുവചനങ്ങളെ സംബന്ധിച്ചിടത്തോളം, ഒരു വ്യക്തി സുവിശേഷം കേൾക്കുകയും അത് അനുസരിക്കുകയും ചെയ്തിട്ടില്ലെങ്കിൽ, ആ വ്യക്തിയെ രക്ഷിക്കപ്പെട്ട ഒരു വ്യക്തിയായി പരിഗണിക്കുന്നതിന് നമുക്ക് യാതൊരു അവകാശവുമില്ല (കാണുക തെസ്സ. 1:8, 1 പത്രൊ. 4:17). അതിനാൽ, നാശത്തിലേക്ക് കൂപ്പു കുത്തുന്ന, ആത്മീയ മരണത്തിലേക്ക് നിപതിക്കുന്ന ഒരു ലോകത്തിലേക്ക് സുവിശേഷം കൊണ്ടുപോകാതിരിക്കുന്നതിനുള്ള ഒഴിവുകഴിവുകൾ തേടുന്നതിന് പകരം, ലോകമെമ്പാടും എല്ലാ വ്യക്തികളുമായും യേശുവിന്റെ ആത്യന്തിക ത്യാഗത്തെക്കുറിച്ച് പങ്കു വെക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തിരയേണ്ടതാണ്!

പൗലോസ് ഒരു വ്യക്തിയുടെ മനസ്സാക്ഷി, ‘‘സാക്ഷ്യം പറഞ്ഞും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തുകൊണ്ടും’’ (റോമ. 2:15) എന്ന് എഴുതുമ്പോൾ അത് കേൾക്കുന്ന വ്യക്തിക്ക് ഒരുപക്ഷെ പൗലൊസ് അർത്ഥ മാക്കുന്നത് എന്താണ് എന്ന് മനസ്സിലാകും. നിങ്ങൾ യാതൊരു സംശയത്തിനു മിടയില്ലാതെ, നിങ്ങളുടെ മനസ്സാക്ഷിയുടെ ‘‘അപരാധി! അപരാധി!’’ എന്ന രോദനം കേട്ടിട്ടുണ്ട്. അതിൽ യാതൊരു തെറ്റുമില്ല. നിങ്ങളുടെ മനസ്സാക്ഷി മികച്ച രീതിയിൽ പ്രവർത്തന ക്ഷമമാണ് എന്ന് അത് കാണിക്കുന്നു. എന്നാൽ ചെയ്ത അപരാധത്തെ ക്കുറിച്ചുള്ള ബോധ്യം

നിങ്ങളുടെ ആത്മാവിൽ വന്നു വീഴുമ്പോൾ നിങ്ങൾ എന്താണ് ചെയ്യേണ്ടത്?

തെറ്റ് ചെയ്തുവെന്ന ബോധത്തിന് വേദപുസ്തകം നൽകുന്ന ഉത്തരം, യേശുക്രിസ്തുവിന്റെ രക്തത്താൽ അത് എന്നെന്നേക്കുമായി കഴുകിക്കളയുക യെന്നതാണ്. ആത്മപ്രചോദിതനായ ഒരു ലേഖകൻ എഴുതുന്നു, ''ദൈവ ത്തിന്നു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?'' (എബ്രാ. 9:14). ''നാം ദുർമ്മനസ്സാക്ഷി (കുറ്റം വിധിക്കുന്ന) നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥഹൃദയത്തോടെ അടുത്തു ചെല്ലുക.'' (എബ്രാ. 10:22). ''ശുദ്ധവെള്ളത്താൽ'' എന്ന പരാമർശം സ്നാനത്തെക്കുറിച്ചുള്ളതാണ് എന്ന് മിക്ക വേദപണ്ഡിതരും യോജിക്കുന്നു. സ്നാനത്തെ ''ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായി'' (1 പത്രൊ. 3:21) പരാമർശിക്കുമ്പോൾ, മനസ്സാക്ഷിയുടെ വിശുദ്ധീകരണവും പൂർണ്ണമായും വിശ്വാസമർപ്പിക്കുന്ന അനുസരണവും ഒരുമിച്ച് ചേർത്തു കെട്ടുകയാണ്.

ശുദ്ധീകരിക്കപ്പെട്ട ഒരു മനസ്സാക്ഷിയുടെ അനുഗ്രഹം എന്താണെന്ന് നിങ്ങൾക്ക് അറിയാമെങ്കിൽ, യേശുവിന്റെ മഹാബലിദാനത്തിൽ പൂർണ്ണ വിശ്വാസമർപ്പിക്കുകയും കർത്താവിന് നിങ്ങളുടെ ജീവിതം സമർപ്പിക്കുകയും ചെയ്യുക - ഇന്നു തന്നെ!

### അജ്ഞാതമായ പാപങ്ങളും ന്യായവിധിയുടെ വിസ്മയങ്ങളും (2:16)

മറ്റാരും അറിയില്ല എന്ന് കരുതുന്ന പലതും എല്ലാവരുടെയും ജീവിതത്തിലുണ്ടാകാം. ഉദാഹരണമായി, ഒരു വ്യക്തി നിർദ്ദേശിത വേഗ പ രിധിക്ക് മുകളിൽ വാഹനം ഓടിക്കുകയോ അപകട സിഗ്നൽ അവഗണിച്ച് അത് മറികടന്ന് വാഹനം ഓടിച്ചു പോകുകയോ ചെയ്യുന്നു. അയാൾ വേഗം മുൻപിലും പിൻപിലും വശങ്ങളിലുമൊക്കെ നോക്കുന്നു - എന്നാൽ ട്രാഫിക് പോലീസുകാർ ആരും തന്നെ പരിസരങ്ങളില്ല. ഒരു ദീർഘശ്വാസം വിട്ടു കൊണ്ട് അയൾ ആശ്വസിക്കുന്നു, ''ഭാഗ്യം, ആരും എന്നെ കണ്ടിട്ടില്ല!'' തിരുത്ത്: *മന ുഷ്യരാരും* തന്നെ അയാളെ കണ്ടിട്ടില്ല, എന്നാൽ ദൈവം കണ്ടിട്ടുണ്ട്. ദൈവം എല്ലാം അറിയുകയും കാണുകയും ചെയ്യുന്നു (കാണുക 1 ശമു. 16:7; സങ്കീ. 139:1-4; യിരെ. 17:10; ലൂക്കൊ. 16:15; യോഹ. 2:25: എബ്രാ. 4:12, 13) - എല്ലാം അന്ത്യ ദിനത്തിൽ വെളിപ്പെടുക തന്നെ ചെയ്യും! നിങ്ങളുടെ അയൽക്കാർക്കും, നിങ്ങളുടെ സുഹൃത്തുക്കൾക്കും നിങ്ങളുടെ കുടുംബാംഗങ്ങൾക്കും അത് വെളിപ്പെടും. യേശു ക്രിസ്തുവിന്റെ രക്തത്താൽ മായ്ക്കപ്പെടാത്ത ഓരോ പാപവും (മത്താ. 26:28; 1 യോഹ. 1:7) തുറന്നു കാട്ടപ്പെടും! എത്ര ലജ്ജാവഹമായിരിക്കും അത്! എത്ര മാത്രം നമ്മെ തകർത്തു കളയുന്നതാകും അത്!

റോമർ 2:16-ൽ നിരവധി വിസ്മയങ്ങൾ അടങ്ങിയിട്ടുണ്ട്. സുവിശേഷത്തിന്റെ ഒരു അവിഭാജ്യ ഘടകമാണ് ന്യായവിധിയെന്നതു പോലെ: ''*എന്റെ സുവിശേഷം അനുസരിച്ച്,*[88] ദൈവം ന്യായവിധി നടത്തും ...മനുഷ്യർക്ക് മുകളിൽ.'' ''സുവിശേഷ'' ത്തിന്റെ പൂർണ്ണ മഹനീയതയെ വിലമതിക്കണമെങ്കിൽ, ന്യായവിധിയുടെ ഇരുണ്ട പശ്ചാത്തലത്തിൽ നാം അതിനെ വീക്ഷിക്കേണ്ടതുണ്ട്.

നിരവധി മനുഷ്യരെയും ഏറ്റവുമധികം അമ്പരിപ്പിച്ചേക്കാവുന്ന ഒരു

വസ്തുത, ന്യായവിധിയുടെ ഒരു ദിവസം എല്ലാവരേയും കാത്തിരിക്കുന്നുവെന്നതാണ്: ''ദൈവം മനുഷ്യരുടെ രഹസ്യങ്ങളെ ന്യായം വിധിക്കും.'' ചിലർ ന്യായവിധിയുടെ ഒരു സാദ്ധ്യതയെക്കുറിച്ച് ചിന്തിക്കുന്നതിന് ആഗ്രഹിക്കുന്നില്ല. മരണത്തിന് ശേഷമുള്ള ജീവിതം എന്താണ് നൽകുവാൻ പോകുന്നതെന്തായാലും, എല്ലാം ശുഭമായി പര്യവസാനിക്കു മെന്നുള്ള ഒരു നേരിയ ആശ ചിലർ വെച്ചു പുലർത്തുന്നു. ''ദൈവം സ്നേഹവാ നായതിനാൽ ആരേയും അവിടുന്ന് നരകത്തിലേക്ക് അയയ്ക്കില്ല'' എന്നതിനാൽ ന്യായവിധി ദിനം എന്നൊരു ദിവസം തന്നെ ഉണ്ടാകില്ല എന്ന് ചിലർ ഉറച്ചിരിക്കുന്നു. ഫ്രഞ്ച് നാസ്തികനായിരുന്ന വോൾട്ടയറോട്[89] ഒരു ദിവസം ദൈവത്തെ അഭിമുഖീകരിക്കേണ്ടി വരുന്നതിനെ എന്തുകൊണ്ട് ഭയക്കുന്നില്ല എന്ന് ഒരിക്കൽ ചോദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മറുപടി, ''ദൈവം ക്ഷമിക്കും'' എന്നായിരുന്നു. അദ്ദേഹത്തിന് എന്തുകൊണ്ട് അത്ര മാത്രം ആത്മവിശ്വാസത്തോടെ അങ്ങനെ പറയുവാൻ കഴിയും എന്ന് ചോദിച്ചപ്പോൾ, ''അതാണ് അദ്ദേഹത്തിന്റെ വ്യവഹാരം"[90] എന്ന് അദ്ദേഹം മറുപടി പറഞ്ഞു. കർത്താവിനെ അഭിമുഖീകരിക്കേണ്ടി വരുമ്പോഴും അവിടുന്ന് "ഏതാനും ചിലരെ" സ്വർഗ്ഗത്തിലേക്കും "അനവധി പേരെ" നരകത്തിലേക്ക് അയയ്ക്കുമ്പോഴും ഒട്ടനവധി വ്യക്തികൾക്ക് എത്ര വലിയൊരു നടുക്കവും അത്ഭുതവുമായിരിക്കും അത് ഉളവാക്കുക? (കാണുക മത്താ. 7:13, 14; 25:31-34, 41, 46).

ഞാനൊന്ന് ചോദിക്കട്ടെ, ''നിങ്ങൾ ആ മഹാദിനത്തിനായി *തയ്യാറായിക്കഴി*ഞ്ഞോ?'' നിങ്ങൾ ഈ ചോദ്യത്തെ അതീവ ഗൗരവത്തോടെ സമീപിക്കുന്നുവെങ്കിൽ, നിങ്ങളുടെ ജീവിതം എങ്ങനെ ആയിത്തീരേണ്ടതുണ്ടായിരുന്നുവോ, അങ്ങനെയായിത്തീർന്നിട്ടില്ലെന്നും നിങ്ങൾക്ക് ദൈവത്തിന്റെ കൃപയുടെയും കരുണയുടെയും അടിയന്തിരമായ ആവശ്യകത ഉണ്ടെന്നും നിങ്ങൾ സ്വയം തിരിച്ചറിയും. നിങ്ങൾ ഈ തിരിച്ചറിവിലേക്കെത്തിയിട്ടുണ്ടെങ്കിൽ, കർത്താവിന്റെ കരുണാർദ്രമായ കൈകളിലേക്ക് ഓടിയണയുവാൻ മറ്റൊരു ദിവസത്തേക്ക് കാക്കരുത്.

ഒരിക്കൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി ഒരു പട്ടണം പിടിച്ചടക്കിയപ്പോൾ, ഒരു വലിയ വിളക്ക് അദ്ദേഹം കത്തിച്ചു വെച്ചു. ഉപരോധിക്കപ്പെട്ടവർക്കുള്ള ഒരു അടയാളമായി അദ്ദേഹം ആ വിളക്ക് രാവും പകലും അണയാതെ സൂക്ഷിച്ചു. വിളക്കിലെ നാളം അണയുന്നതു വരെ, ആ പട്ടണത്തിലുള്ളവർക്ക് സ്വയം കീഴടങ്ങുന്നതിനുള്ള അവസരമുണ്ടായിരിക്കും എന്ന് അദ്ദേഹം ആ പട്ടണത്തിലെ എല്ലാ നിവാസികൾക്കും സന്ദേശം അയച്ചു. എന്നാൽ, ഒരിക്കൽ ദീപം അണഞ്ഞു കഴിഞ്ഞാൽ, ദയയുടെ യാതൊരു അംശവുമില്ലാതെ കീഴടങ്ങാത്തവരെയെല്ലാം കൊല്ലും.[91] ഇന്ന് നിങ്ങൾ ദൈവത്തിന്റെ അരികിലേക്കെത്തുന്നതിനായി നിങ്ങൾക്ക് സമയം നൽകിക്കൊണ്ട് ദൈവത്തിന്റെ സഹനത്തിന്റെയും ക്ഷമയുടെയും "ദീപം" "വിളങ്ങുകയാണ്." ഒരിക്കൽ, ഒരുപക്ഷെ, പെട്ടെന്നു തന്നെ ആ പ്രകാശ നാളം അണയും; അപ്പോഴേക്കും ഏറെ വൈകിപ്പോയിരിക്കും. ദൈവത്തിന്റെ നൻമ, നിങ്ങളെ പശ്ചാത്താപത്തിലേക്ക് നയിക്കട്ടെ!

**യഥാർത്ഥ യഹൂദൻ (2:17-29)**

''യഥാർത്ഥ യഹൂദൻ'' എന്ന പ്രയോഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, ''ടു ടെൽ ദ ട്രൂത്ത്'' എന്ന് വിളിക്കപ്പെട്ടിരുന്ന 50-കളിലെയും 60-കളിലെയും

അമേരിക്കൻ ടെലിവിഷൻ പരിപാടിയിലേക്കാണ് എന്റെ ഓർമ്മകൾ ചിറകു വിരിക്കുന്നത്. ഒരു പാനലിന്റെ മുൻപിൽ മൂന്ന് മൽസരാർത്ഥികൾ നിൽക്കും. ആദ്യത്തെ വ്യക്തി പറയും, ''എന്റെ പേര് (നമുക്ക് ഇയാളെ ജോ സ്മിത്ത് എന്നു വിളിക്കാം) എന്നാണ്. ഞാൻ (അസാധാരണമായവ അല്ലെങ്കിൽ വ്യത്യസ്തമായി ചിലവ ചെയ്തിട്ടുണ്ട്).'' രണ്ടാമത്തെയും മൂന്നാമത്തെയും മൽസരാർത്ഥിയും താനാണ് ജോ സ്മിത്ത് എന്ന് അവകാശ വാദം ഉന്നയിക്കും. അവർ ഇരുന്നു കഴിഞ്ഞതിന് ശേഷം, ആരാണ് സത്യം പറയുന്നത്, ആരാണ് കള്ളം പറയുന്നത് എന്ന് കണ്ടെത്തുന്നതിനായി പാനൽ നിരവധി ചോദ്യങ്ങൾ ചോദിക്കും. ഒടുവിൽ, പരിപാടിയുടെ അവതാരകൻ പറയും, ''യഥാർത്ഥ ജോ സ്മിത്ത് എഴുന്നേറ്റു നിൽക്കുമോ?'' അപ്പോൾ, ജോ സ്മിത്ത് എഴുന്നേറ്റ് നിൽക്കും.

ഭൂതകാലത്തിൽ നിന്നുള്ള മൂന്ന് വ്യക്തികളെ സങ്കൽപ്പിക്കുക. എല്ലാവരും വൈവിദ്ധ്യമാർന്ന വേഷങ്ങളാണ് ധരിച്ചിട്ടുള്ളത്. അവർക്ക് പൗലൊസിന്റെ കാലഘട്ടത്തിലെ യഹൂദൻമാരുടെ ശാരീരിക രൂപവുമുണ്ട്. ആദ്യത്തെ വ്യക്തി പറയുന്നു, ''ഞാനാണ് യഥാർത്ഥ യഹൂദൻ, എനിക്ക് മോശയുടെ ന്യായപ്രമാണമുണ്ട്.'' രണ്ടാമത്തെ വ്യക്തി പറയുന്നു, ''ഞാനാണ് യഥാർത്ഥ യഹൂദൻ, എനിക്ക് മോശെയുടെ ന്യായപ്രമാണമുണ്ട്; കൂടാതെ, ഞാൻ പരിച്ഛേദന ഏറ്റ വ്യക്തിയുമാണ്.'' മൂന്നാമത്തെ വ്യക്തി പറയുന്നു, ''ഞാനാണ് യഥാർത്ഥ യഹൂദൻ, എനിക്ക് മോശെയുടെ ന്യായപ്രമാണമുണ്ട്, ഞാൻ പരിച്ഛേദന ഏറ്റ വ്യക്തിയുമാണ്; ഒപ്പം എന്റെ ഹൃദയം ദൈവത്തിന് സമർപ്പിച്ച വ്യക്തി കൂടിയാണ് ഞാൻ.''

ഭാവനയിലെ നമ്മുടെ മൽസര പരിപാടിയിൽ, ''യഥാർത്ഥ യഹൂദൻ ദയവായി എഴുന്നേറ്റ് നിൽക്കുമോ?'' എന്ന് നാം പറയുമ്പോൾ, ഒന്നാമത്തെ മൽസരാർത്ഥി തന്റെ ഇരിപ്പിടത്തിൽ തന്നെ ഇരിക്കും. ന്യായപ്രമാണം ഉണ്ട് എന്നത് മാത്രം അയാളെ ''യഥാർത്ഥ യഹൂദൻ'' ആക്കിത്തീർക്കുന്നില്ല.

അവതാരകൻ ''യഥാർത്ഥ യഹൂദൻ ദയവായി എഴുന്നേറ്റ് നിൽക്കുമോ?'' എന്ന് ചോദിക്കുമ്പോൾ, രണ്ടാമത്തെ മൽസരാർത്ഥി (''എനിക്ക് മോശെയുടെ ന്യായപ്രമാണമുണ്ട്; കൂടാതെ, ഞാൻ പരിച്ഛേദന ഏറ്റ വ്യക്തിയുമാണ്'' എന്നു പറഞ്ഞയാൾ) യും ഇരിപ്പിടം വിട്ട് എഴുന്നേൽക്കില്ല. ന്യായപ്രമാണം ഉണ്ടായതുകൊണ്ടും പരിച്ഛേദന ഏറ്റതുകൊണ്ടു മാത്രവും ഒരാൾ യഥാർത്ഥ യഹൂദനായിത്തീരുന്നില്ല.

എന്നാൽ, ആ ചോദ്യം ചോദിക്കപ്പെടുമ്പോൾ, ''എനിക്ക് മോശെയുടെ ന്യായപ്രമാണമുണ്ട്; ഞാൻ പരിച്ഛേദന ഏറ്റ വ്യക്തിയുമാണ്; ഒപ്പം എന്റെ ഹൃദയം ദൈവത്തിന് സമർപ്പിച്ച വ്യക്തി കൂടിയാണ് ഞാൻ.'' എന്ന് പറഞ്ഞ വ്യക്തി ഒരു പുഞ്ചിരിയോടെ എഴുന്നേറ്റ് നിൽക്കുന്നു. പൗലൊസിന്റെ അഭിപ്രായത്തിൽ, ഈ ഗുണങ്ങളുള്ള യഹൂദനാണ് *യഥാർത്ഥ* യഹൂദൻ.

ഈ ചിത്രീകരണം നമ്മുടെ ജീവിതത്തിൽ പ്രയോഗത്തിലാക്കിത്തീർക്കുന്നതിന്, ഇത്തരത്തിലൊരു ചോദ്യം ചോദിക്കപ്പെടുന്നുവെങ്കിലോ: ''യഥാർത്ഥ *ക്രിസ്തീയ വിശ്വാസി* ദയവായി എഴുന്നേറ്റ് നിൽക്കുമോ?'' നിങ്ങളുടെ ജീവിതത്തെ വ്യക്തിപരമായി ഏറെ അടുത്ത് അറിയുന്ന ഒരു പാനലിന്റെ മുൻപിൽ നിങ്ങൾ ഇരിക്കുകയാണെന്ന് കരുതുക – അവർക്കു മുൻപിലാണ് ഈ ചോദ്യം ഉന്നയിക്കപ്പെട്ടത് എന്ന് കരുതുക, നിങ്ങൾ എഴുന്നേൽക്കുമോ? എഴുന്നേറ്റ് നിൽക്കുന്നതിന് നിങ്ങൾ ധൈര്യം കാട്ടുമോ?

**മറ്റുള്ളവരെ നോക്കുമ്പോൾ (2:17-24)**

"തങ്ങൾ പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം ശരിയാണെന്നും മറ്റുള്ളവരുടെ ഭാഗം തെറ്റാണെന്നും ചിന്തിക്കുന്ന (അവർ പറയുന്നു)-വരെ കുറ്റം വിധിക്കുന്നതിനായി ചിലർ ഈ വചന ഭാഗത്തെ ദുരുപയോഗം ചെയ്യാറുണ്ട്." യഹൂദൻമാരുടെ പ്രശ്നത്തിന്റെ കാതൽ ഇതല്ലായിരുന്നു. പഴയ നിയമ യുഗത്തിൽ, അവർക്ക് "ശരിയായ മതം" - ദൈവം അവർക്ക് നൽകിയത് - ഉണ്ടായിരുന്നു. ലോകത്തിലെ മറ്റെല്ലാ മത ചിന്തകളും ഏറെക്കുറെ "തെറ്റുമായിരുന്നു." യഹൂദൻമാരുടെ പ്രശ്നം പ്രത്യേക അനുഗ്രഹങ്ങൾ നൽകി അവരെ ആദരിച്ചിരുന്നുവെന്നതോ മതിപ്പുളവാക്കുന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനായി അവർ നിയോഗിക്കപ്പെട്ടിരുന്നു വെന്നതോ ആയിരുന്നില്ല. അവരുടെ കഴിവുകൾക്ക് വിനിയോഗിക്കുന്നതിൽ പരാജയപ്പെട്ടു എന്നതായിരുന്നു അവരുടെ പ്രശ്നം. അവരുടെ വിശ്വാസത്തെ അവർ വഞ്ചിച്ചു. "ശരിയായ മതം ഉള്ളത്" കൊണ്ട് എല്ലാം തികഞ്ഞുവെന്ന് അവർ കരുതി. സത്യം അറിയാമെന്നതു കൊണ്ട് മാത്രം മതിയാകുന്നില്ല. കഴിയുന്നിടത്തോളം ആത്മാർത്ഥതയോടെയും സ്ഥിരതയോടെയും ഒരാൾ അത് പിന്തുടരേണ്ടതുണ്ട്.

**ദൈവത്തിന്റെ നാമം ദുഷിക്കുന്നു (2:17-24)**

യഹൂദൻമാരെപ്പോലെ തന്നെ നമുക്ക് ഒരു വിശുദ്ധ പദവിയും ("ക്രിസ്ത്യാനിയായി") ഒരു വിശുദ്ധ പ്രമാണവും (പുതിയ നിയമം) ഏക രക്ഷകനും (നമ്മുടെ പ്രിയനായ കർത്താവ്) വിശുദ്ധ കടമകളും (യേശുക്രിസ്തുവും അപ്പൊസ്തലൻമാരും നിർവ്വചിച്ചിട്ടുള്ളതു പോലെ) ഉണ്ട്. ഇതിൽ നാം അഭിമാനം കൊള്ളുകയും ചെയ്യുന്നു. എന്നാൽ, ഒരു ക്രിസ്ത്യാനിയെപ്പോലെ പ്രവർത്തിക്കുന്നതിന്, പുതിയ നിയമം അനുസരിക്കു ന്നതിന് നാം പരാജയപ്പെടുമ്പോൾ, കർത്താവിന്റെ നാമം നമ്മുടെ ജീവിതങ്ങളിൽ ഉയർത്തുന്നതിന് നാം പരാജയപ്പെടുമ്പോൾ, ദൈവത്തിന്റെ നാമം അവിശ്വാസികളുടെ ഇടയിൽ ദുഷിക്കപ്പെടുകയാണ്!

**അഗാധമായ മതഭക്തി പുലർത്തുക (2:17-24)**

നല്ല, ധാർമ്മിക ബോധമുള്ള ഒരു ജീവിതം നയിക്കുന്നുവെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ, തങ്ങൾ രക്ഷിക്കപ്പെടുന്നുവെന്ന് നിരവധി പേരും കരുതുന്നു. അഗാധമായ മതഭക്തി പുലർത്തിയാൽ, തങ്ങൾ രക്ഷിക്കപ്പെടുന്നു വെന്ന് കരുതുന്ന നിരവധി പേരുമുണ്ട്. അവർ മതപരമായ അനുഷ്ഠാനങ്ങളും ചടങ്ങുകളും നടത്തുന്നതിൽ ബദ്ധശ്രദ്ധരാണ്. അവർ മതപരമായ പ്രവർത്തികളിലേർപ്പെടുന്നു; ആരാധിക്കുന്നു. ഇവയൊന്നിനും, അവയിൽ തന്നെ, ഒരാൾക്കും ആത്മീക രക്ഷ നൽകുന്നതിന് കഴിയില്ല. ന്യായവിധി ദിവസം, ചില മതഭക്തരായ ആളുകളുടെ സ്ഥിതിയെക്കുറിച്ച് യേശുക്രിസ്തു നൽകുന്ന ചിത്രം ഇതാണ്:

> "എന്നോടു 'കർത്താവേ, കർത്താവേ', എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. 'കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ

പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും.' അന്നു ഞാൻ അവരോടു: 'ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും' '' (മത്താ. 7:21–23).

ദയവായി എന്നെ തെറ്റിദ്ധരിക്കരുത്. നമുക്ക് ഭക്തരാകേണ്ടതുണ്ട്. ചിലർ ''ഭക്തി'' എന്ന വാക്ക് കപടതയുടെ മുഖമുള്ളതായി പരിഗണിച്ച് അത് നിരാകരിക്കുന്നു. എന്നാൽ വേദപുസ്ത എഴുത്തുകാർ, ആ വാക്ക് ഉപയോഗിക്കുന്നതിന് മടികാട്ടിയില്ല. ഉദാഹരണമായി, യാക്കൊബ് എഴുതി, ''പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു'' (യാക്കൊ. 1:27; പ്രാധാന്യം അധികമായി കാണിച്ചിരിക്കുന്നു). ''മതം'' എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ള ഗ്രീക്ക് പദം (θρησκεία, *thrēskeia*) മതത്തിന്റെ ബാഹ്യമായ ഘടകത്തെയാണ് പരാമർശിക്കുന്നത്[92] – മറ്റു തരത്തിൽ പറഞ്ഞാൽ, നാം എങ്ങനെ നമ്മുടെ ദൈവവുമായുള്ള ആന്തരികമായ ബന്ധത്തെ ബാഹ്യമായി പ്രകടിപ്പിക്കുന്നുവെന്നത്. നിങ്ങളുടെ ജീവിത പങ്കാളിയെ സ്നേഹിക്കുന്നുവെന്ന് നിങ്ങൾ അവകാശപ്പെടുകയും എന്നാൽ നിങ്ങളുടെ സ്നേഹം ഒരിക്കലും പ്രകടിപ്പിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, നിങ്ങളുടെ പങ്കാളി നിങ്ങളുടെ സ്നേഹത്തിന്റെ മൂല്യത്തെ ചോദ്യം ചെയ്തേക്കാം. നാം കർത്താവിനെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ, അവിടുത്തെ ഇഷ്ടം നിർവ്വഹിക്കുന്നതിനും അവിടുത്തെ പ്രസാദിപ്പിക്കുന്നതിനും നാം തുടർച്ചയായി ഉദ്യമിക്കും (യോഹ. 14:15, 21; 1 യോഹ. 5:3; 2 യോഹ. 6). അതായത്, നാം ''ഭക്തി പ്രകടിപ്പിക്കും.''

എങ്കിലും, ഭക്തി പ്രകടിപ്പിക്കുന്നവർ ആയതു കൊണ്ട് മാത്രം മതിയാകുന്നില്ല. യഥാർത്ഥ മതഭക്തിയും (യാക്കൊ. 1:27), കപട മതഭക്തിയും (കാണുക കൊലൊ. 2:23) ഉണ്ട്. ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ ബാഹ്യമായ പ്രകടിപ്പിക്കൽ, ദൈവം ആഗ്ര ഹിക്കുന്നവയും പുതിയ നിയമം അനുശാസിക്കുന്ന വിധത്തിലുള്ളവയും ആയിരിക്കണം.

ശരിയായ പദവി ഉപയോഗിക്കുന്നതിലും ശരിയായ പ്രമാണം ഉണ്ടായിരിക്കുന്നതിലും ശരിയായ രക്ഷകനെ ആരാധിക്കുന്നതിലും ശരിയായ കടമകൾ നിർവ്വഹിക്കുന്നതിലും യാതൊരു തെറ്റുമില്ല എന്ന് റോമർ 2:17–24–ൽ പൗലൊസ് പറയുന്നു. മോഷണം, വ്യഭിചാരം, വിഗ്രഹാരാധന എന്നിവയ്ക്കെതിരായി പഠിപ്പിക്കുന്നതിനെ തീർച്ചയായും അദ്ദേഹം ഒരിക്കലും നിരുൽസാഹപ്പെടുത്തിയില്ല. എന്നാൽ, കേവലം മത ഭക്തി കൊണ്ടു മാത്രം – അത് ശരിയായ മതമാണെങ്കിൽക്കൂടിയും – ഒരാളെ രക്ഷിക്കുന്നതിന് പര്യാപ്ത മല്ല എന്ന് അദ്ദേഹം ഊന്നിപ്പറയുകയായിരുന്നു. മതംകൊണ്ട് മാത്രം രക്ഷിക്കുന്നതിന് സാധിക്കു മായിരുന്നുവെങ്കിൽ, ദൈവത്തിന് ഒരു മത ഗുരുവിനെ അയയ്ക്കുക മാത്രം ചെയ്യാമായിരുന്നു. അതിന് പകരം ദൈവത്തിന് ഒരു രക്ഷകനെ അവിടുത്തെ പുത്രനെ – നമുക്ക് വേണ്ടി മരിക്കുന്നതിനായി അയയ്ക്കേണ്ടി വന്നു!

ജാതികളെ കുറ്റം വിധിക്കുന്നതിൽ നിന്ന് മാറി, പൗലൊസ് യഹൂദൻമാരെ

കുറ്റം വിധിക്കുന്നതിലേക്ക് തിരിഞ്ഞപ്പോൾ, യഹൂദൻമാർ അൽഭുതപ്പെട്ടിരിക്കണം. ഇന്ന്, നാം നമ്മുടെ പാപങ്ങൾക്കായി പശ്ചാത്തപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറയുവാൻ തുടങ്ങുമ്പോൾ, ലോക മനുഷ്യൻ അപ്പോഴും ഇങ്ങനെ പ്രതികരിക്കും, ''തീർച്ചയായും, നിങ്ങൾ എന്നെയല്ലല്ലോ ഉദ്ദേശിച്ചത്!'' ആത്മീയ യാഥാർത്ഥ്യങ്ങൾ നമുക്ക് തുറന്നു കാട്ടുമ്പോൾ, ഒരുപക്ഷെ നാമും ഇതേ വിധത്തിൽ തന്നെ പ്രതികരിച്ചേക്കാം: ''ഞാനോ? ഒരിക്കലുമല്ല!'' നിങ്ങൾ ധാർമ്മികമായി മികച്ച, നല്ല ഒരു വ്യക്തിയായിരിക്കാം. നിങ്ങൾ അഗാധമായി മതഭക്തിയുള്ള ഒരു വ്യക്തിയായേക്കാം. എന്നാൽ ഒരു യാഥാർത്ഥ്യം മനസ്സിലാക്കുക, ഈ ഗുണങ്ങൾക്ക് നിങ്ങൾക്ക് ആത്മീയ രക്ഷ നൽകുന്നതിന് കഴിയില്ല. നിങ്ങൾ രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അത് ദൈവത്തിന്റെ കൃപയാലാണ്.

നിങ്ങൾക്ക് രക്ഷിക്കപ്പെടുവാൻ കഴിയുന്നതിന് മുൻപ്, നിങ്ങൾ ആത്മീയമായി *നഷ്ടപ്പെട്ട* ഒരു വ്യക്തിയാണെന്ന് സ്വയം തിരിച്ചറിയേണ്ടതുണ്ട്. സ്റ്റോട്ട് അതിനെക്കുറിച്ച് പറയുന്നതിങ്ങനെയാണ്:

> പ്രശ്നത്തെ നിരാകരിക്കുകയാണെങ്കിൽ, നിങ്ങൾക്ക് അതിനെക്കുറിച്ച് ഒന്നും ചെയ്യുന്നതിന് കഴിയില്ല; എന്നാൽ അത് അംഗീകരിക്കുന്നുവെങ്കിലോ, ഒരു പരിഹാര മാർഗ്ഗത്തിനുള്ള സാദ്ധ്യത ഉടൻ തന്നെ തെളിയുന്നു. ആൽക്കഹോളിക്സ് അനോണിമസ് എന്ന സംഘടനയുടെ "പന്ത്രണ്ട് പടികളി''-ൽ ആദ്യത്തേത് ഇതാണ്: ''മദ്യത്തിനെതിരേ ഞങ്ങൾ ശക്തിഹീനരാണെന്ന് ഞങ്ങൾ സമ്മ തിക്കുന്നു – ഞങ്ങളുടെ ജീവിതങ്ങൾ നിയന്ത്രണത്തിന് വിധേയമാകു ന്നതിന് അപ്പുറത്തായിപ്പോയി."[93]

നിങ്ങൾ ഒരു പാപിയാണെന്നും നിങ്ങളുടെ പാപമയമായ അവസ്ഥയ്ക്ക് മുകളിൽ വിജയം പ്രാപിക്കുന്നതിന് നിങ്ങൾ ശക്തിഹീനനാണെന്ന് സമ്മതിക്കുന്നതിനും നിങ്ങൾ തയ്യാറുണ്ടോ? എങ്കിൽ, നിങ്ങളുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുകയും സ്നേഹപൂർണ്ണവും പൂർണ്ണ വിശ്വാസമർപ്പിക്കുന്നതുമായ അനുസരണത്തോടെയും കർത്താവിലേക്ക് വരികയും ചെയ്യുക (യോഹ. 14:15; അ. പ്രവൃത്തി. 2:36–38; 22:16); അപ്പോൾ കർത്താവ് നിങ്ങളുടെ പാപങ്ങളിൽ നിന്ന് നിങ്ങളെ കഴുകി നിർമ്മലീകരിക്കും!

**നാം ആരാണ്? (2:17-21)**

2:17–21-ൽ യഹൂദന്റെ ചില അടിസ്ഥാന ഉത്തരവാദിത്വങ്ങൾ പരാമർശിക്കുന്നുണ്ട്. മറ്റ് കാര്യങ്ങൾക്കൊപ്പം, അവർ ''കുരുടർക്കു വഴി കാട്ടുന്നവൻ, ഇരുട്ടിലുള്ളവർക്കു വെളിച്ചം, മൂഢരെ പഠിപ്പിക്കുന്നവൻ, ശിശുക്കൾക്കു ഉപദേഷ്ടാവു''ആയിത്തീരണം എന്ന് ഫലത്തിൽ പൗലൊസ് പറഞ്ഞു.'' ഈ വാക്കുകൾ നാം ക്രിസ്തീയ വിശ്വാസികൾക്കും ബാധകമാക്കപ്പെടാവുന്നതാണ്. ആത്മീകമായി അന്ധരായവർക്ക് (2 കൊരി. 4:4) നാം വഴികാട്ടിയും ആത്മീയാന്ധകാരത്തിൽ പെട്ടു പോയവർക്ക് (ഗലാ. 3:1) വെളിച്ചവും മൂഢതയോടെ പ്രവർത്തിക്കുന്നവർക്ക് (തീത്തോ. 3:1–3) തെറ്റുതിരുത്തി നൽകുന്നവരും ആത്മീകമായി അപക്വരായവരെ ആത്മീകമായി (കാണുക 1 കൊരി. 3:1) പഠിപ്പിക്കുന്നവരും ആയിരിക്കണം.

**"നിങ്ങൾക്ക് ന്യായപ്രമാണം വേണോ?" (2:17)**

യഹൂദൻമാരുടെ ഇടയിൽ ഒരു കൽപ്പിത കഥയുണ്ട്. ദൈവം എഴുപത് രാഷ്ട്രങ്ങൾ സന്ദർശിച്ച്, അവർക്ക് തന്റെ നിയമം നൽകാമെന്ന് വാഗ്ദാനം ചെയ്തു. എന്നാൽ അവർ എല്ലാവരും അത് നിരസിച്ചു. അവസാനം, ദൈവം ഇസ്രായേല്യർ എന്ന ചെറിയ ഒരു സമൂഹത്തിലേക്കെത്തി. അവർക്ക് തന്റെ ന്യായപ്രമാണം നൽകാമെന്ന് പറഞ്ഞപ്പോൾ, അവർ പറഞ്ഞു, "ഞങ്ങൾ അത് സ്വീകരിക്കാം!" ഈ കഥ പൂർണ്ണമായും കെട്ടിച്ചമച്ചതാണെങ്കിലും ന്യായപ്രമ ാണത്തെക്കുറിച്ച് യഹൂദന്റെ മനോഗതി എന്താണെന്ന് ഈ കഥ പ്രതിബിംബി പ്പിക്കുന്നു. ന്യായപ്രമാണത്തിന്റെ സൂക്ഷിപ്പുകാരൻ എന്ന സ്ഥാനം അവരെ പ്രത്യേക വർഗ്ഗമാക്കിത്തീർത്തു! (എന്തായാലും, ഈ കഥ പ്രകാരം, ന്യായപ്ര മാണത്തിന്റെ മൂല്യം മനസ്സിലാക്കുന്നതിനുള്ള സാമർത്ഥ്യമു ണ്ടായിരുന്നത് അവർക്ക് മാത്രമായിരുന്നല്ലോ!)

**വചനത്തിന്റെ "കണ്ണാടി" (2:21-23)**

ഞാൻ കുട്ടികളെ പഠിപ്പിച്ചിരുന്നപ്പോൾ, *കുരങ്ങനും കണ്ണാടിയും* എന്ന് ശീർഷകം നൽകിയിട്ടുള്ള ഒരു ചിത്രപ്പുസ്തകം എന്റെ കൈവശമുണ്ടായിരുന്നു. മറ്റാരുടെയോ മാലിന്യക്കൂട പരതി നോക്കിയ ഒരു വികൃതിക്കുരങ്ങനെ ക്കുറിച്ചായിരുന്നു ആ പുസ്തകം. അങ്ങനെ പരതുന്നതി നിടയിൽ, കുരങ്ങന്റെ മുഖത്തെല്ലാം ചുവന്ന ചായത്തിന്റെ പാടുകളായി. കുരങ്ങൻ പിന്നീട് ഒരു കണ്ണാടി കണ്ടെത്തി. കണ്ണാടി, വെളിച്ചം പ്രതിഫലിപ്പി ക്കുന്നുവെന്നും അവൻ കണ്ടെത്തി. മറ്റ് മൃഗങ്ങളുടെ കണ്ണുകളിലേക്ക് വെളിച്ചം പ്രകാശിപ്പിച്ച് അവൻ കാട്ടിലൂടെ നടന്നു. ഒടുവിൽ, തന്നെത്തന്നെ കാണുകയ ാണ് കണ്ണാടിയുടെ ഉദ്ദേശ്യം എന്ന് അവനോട് ആരോ പറഞ്ഞു. അവസാനം, ആ കണ്ണാടിയിലേക്ക് അവൻ നോക്കിയപ്പോൾ ചുവന്ന ചായം പുരണ്ട തന്റെ മുഖം കണ്ട് അവൻ അമ്പരന്നു പോയി! യഹൂദൻമാരും ഇതേ പോലെയാ യിരുന്നു. മറ്റുള്ളവരുടെ പാപങ്ങളിലേക്ക് "പ്രകാശം തെളിക്കുന്നതിന്" വചന ത്തിന്റെ "കണ്ണാടി" (യാക്കൊ. 1:23-25 കാണുക) അവർ ഉപയോഗിക്കുക യായിരുന്നു; അതേ സമയം, കണ്ണാടിയിൽ അവർ തങ്ങളെത്തന്നെ നോക്കി യിരുന്നില്ല! നമ്മുടെ മുഖങ്ങളിൽ പാപത്തിന്റെ ചായം പുരണ്ടിട്ടുണ്ടോ എന്ന് കാണുന്നതിനായി, ദൈവത്തിന്റെ കണ്ണാടിയിൽ നോക്കേണ്ടത് എത്രയോ പരമ പ്രധാനമാണ്!

**ആത്മീയ യിസ്രായേൽ (2:25-29)**

ശാരീരികമായി യഹൂദൻമാർക്ക് നേരെയാണ് പൗലൊസിന്റെ അഭിപ്രായ പ്രകടനങ്ങൾ ലക്ഷ്യമിട്ടിട്ടുള്ളതെങ്കിലും അത് നമുക്ക് നേരെ തിരിച്ചു വിടുന്നത് ഉചിതമായിരിക്കും. അദ്ധ്യായം 4-ൽ, അബ്രഹാമിന്റെ വിശ്വാസമുള്ളവർ - അത് യഹൂദൻ മാരാണെങ്കിലും വിജാതീയരാണെങ്കിലും - അബ്രഹാമിന്റെ സന്തതികളാണ് എന്ന് പൗലോസ് പറയുന്നു (4:12, 16 കാണുക ഗലാ. 3:29). ഗലാത്യർക്കുള്ള ലേഖനത്തിൽ, ക്രിസ്തീയ വിശ്വാസികളെ പൗലൊസ് വിശേഷിപ്പിക്കുന്നത് "ദൈവത്തിന്റെ യിസ്രായേൽ" (ഗലാ. 6:15, 16) എന്നാണ്.

ആത്മീയ യിസ്രായേൽ എന്ന നിലയിൽ, മോശയുടെ ന്യായപ്രമാണം (കാണുക 7:4) പാലിക്കുന്നതിനുള്ള ബാദ്ധ്യതയില്ല, എന്നാൽ നമുക്ക് "ക്രിസ്തുവിന്റെ പ്രമാണം" (1 കൊരി. 9:21), "സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്ര മാണം" (യാക്കൊ. 1:25) ഉണ്ട്. നമുക്ക് ന്യായപ്രമാണം ഇല്ലായിരുന്നുവെങ്കിൽ,

നമ്മെ പാപികളായി ശിക്ഷിക്കുന്നതിന് സാധിക്കില്ലായിരുന്നു (കാണുക 4:15; 5:13). പ്രത്യേകിച്ചും, യേശുവിന്റെ പുതിയ നിയമം (ഉടമ്പടി) (എബ്രാ. 9:15–17) ദൈവം നമുക്ക് നൽകിയിരിക്കുന്നതിനാൽ – നമ്മെ ഉപദേശിക്കുന്നതിനും ശാസിക്കുന്നതിനും ഗുണീകരിക്കുന്നതിനും നീതിയിൽ അഭ്യസിപ്പി ക്കുന്നതിനും (2 തിമോ. 3:16, 17) വേണ്ടി. എന്തൊരു വലിയ അനുഗ്രഹം! ജോൺ ഫാസെറ്റ് ഇത് ഒരു ഗാനത്തിന്റെ രൂപത്തിൽ അവതരിപ്പിച്ചിട്ടുണ്ട്:

എത്ര അമൂല്യമീ ദൈവീക ഗ്രന്ഥം,
എന്നും പ്രചോദനമേകിയേകി!
ഒരു ദീപ സമാനം ശോഭോജ്ജ്വല പൂർണ്ണമതിൻ കൽപ്പനകൾ,
എന്നാത്മാവിനെ നയിക്കും സ്വർഗ്ഗവാതിലിലേക്ക്.
ഈ പരിശുദ്ധ ഗ്രന്ഥം ദൈവീകം!
അമൂല്യമീ നിധി എൻ സ്വന്തം!
കാലടികൾക്കൊരു വിളക്കും വഴികൾക്കൊരു പ്രകാശധാരയും
എത്തിക്കുവാനെന്നെ, സ്വന്ത വീട്ടിൽ സുരക്ഷിതപൂർണ്ണമായ്.[94]

എന്നാൽ ഒരു വേദപുസ്തകം സ്വന്തമായുണ്ടാകുകയും എന്നാൽ അതിന്റെ കൽപ്പനകൾ അവഗണിക്കുകയും ചെയ്യുകയാണെങ്കിൽ, അത് പൂർണ്ണമായും നിഷ്ഫലമായിരിക്കും. അതിനേക്കാൾ മോശമായി, അത് ശുദ്ധ അസംബന്ധവുമായിരിക്കും. അത് വിജനഭൂമിയിൽ ദിശയറിയാതെ വഴിതെറ്റിപ്പോയ, സ്വന്തമായി ഒരു വടക്കു നോക്കി യന്ത്രമുണ്ടായിട്ടും അതിൽ ഒരിക്കൽപ്പോലും നോക്കാത്ത ഒരു വ്യക്തിയെ പ്പോലെയായിരിക്കും... അല്ലെങ്കിൽ, അപരിചിതമായ ഭൂപ്രദേശത്തു കൂടി യാത്ര ചെയ്യുന്ന, കൈവശം ഭൂപടമുണ്ടെങ്കിലും അതിൽ നോക്കി വഴി അറിയുന്നതിന് ശ്രമിക്കാത്ത ഒരു വ്യക്തിയെപ്പോലെയായിരിക്കും ... അല്ലെങ്കിൽ, തനിക്ക് പോകേണ്ട ദിശയിലേക്ക് വ്യക്തമായി കാണിക്കുന്ന ഒരു വഴിചൂണ്ടിയുടെ കീഴിൽ, അവിടെ നിന്ന് നീങ്ങുന്നതിന് വിസമ്മതിച്ചു കൊണ്ട് നിൽക്കുന്ന ഒരു സഞ്ചാരിയെപ്പോലെയായിരിക്കും. മോശയുടെ ന്യായപ്രമാണം കൈവശമുണ്ട് എന്നതു കൊണ്ടു മാത്രം ഒരാൾ ഒരു യഥാർത്ഥ യഹൂദനായിത്തീരുന്നില്ല – തത്തുല്യമായി, പുതിയ നിയമത്തിന്റെ ഒരു പകർപ്പ് കൈവശം വെച്ചതു കൊണ്ട് മാത്രം ഒരാൾ ഒരു യഥാർത്ഥ ക്രിസ്തീയ വിശ്വാസിയായിത്തീരുന്നില്ല.

ആത്മീയ യിസ്രായേൽ എന്ന നിലയിൽ, യഹൂദൻമാരോടുള്ള പൗലൊസിന്റെ വാക്കുകളിൽ നിന്ന് നമുക്ക് പഠിക്കാം. യഹൂദൻമാർ കരുതിയത് നിശ്ചിത ആചാരാനുഷ്ഠാനങ്ങൾ തെറ്റാതെ നിർവ്വഹിക്കുന്നത്, ദൈവത്തിന്റെ മുൻപിൽ അവർക്ക് നീതിമാനത്വം ഉറപ്പു വരുത്തിയെന്നാണ്. ന്യായപ്രമാണമുള്ളത് മൂല്യവത്തായിരുന്നുവോ? അതേ, മൂല്യവത്തായിരുന്നു (കാണുക 3:1, 3). യഹൂദരായ പുരുഷൻമാർ പരിച്ഛേദന ഏൽക്കേണ്ടതുണ്ടായിരുന്നുവോ? അതേ, തീർച്ചയായും. ഇവ രണ്ടുമില്ലാതെ ഒരു യഹൂദനുമില്ലായിരുന്നു. എങ്കിലും, ന്യായപ്രമാണം കൈവശമുള്ളതും പരിച്ഛേദന ഏൽക്കുന്നതും ദൈവത്തെ അനുസരിക്കുന്നതിന് പകരമാകുമോ? ഇല്ല, ഒരിക്കലുമില്ല!

പുതിയ നിയമ ക്രൈസ്തവ പുനരുദ്ധരിക്കുന്നതിനായി സമർപ്പിതരായവർ, പാപങ്ങൾ ക്ഷമിക്കപ്പെടുന്നതിനായി ഉത്തരവാദിത്വ ബോധമുള്ള വ്യക്തികളെ

മുഴുകലിലൂടെ സ്നാനം കഴിപ്പിക്കുന്നു. ഓരോ ആഴ്ചയുടെയും ആദ്യ വാരത്തിൽ നാം കർത്തൃ മേശയിൽ പങ്കു ചേരുന്നു. ദൈവത്തെ ആരാധിക്കുന്ന വേളയിൽ നാം കൃത്രിമ സംഗീതോപകരണങ്ങളുടെ അകമ്പടിയൊന്നുമില്ലാതെ പാടുന്നു. ഇവയെല്ലാം പ്രധാനപ്പെട്ടതാണോ? അതേ, തീർച്ചയായും. നാം കർത്താവിന്റെ സഭ എന്ന് അവകാശപ്പെടുകയും ഇവയൊന്നുമില്ലാതെ കഴിയുകയും ചെയ്യുമോ? എങ്കിൽത്തന്നെയും, കർത്താവിന്റെ കൽപ്പനകൾ – ഇനി പറയുന്നവ പോലെയുള്ള കൽപ്പനകൾ? – അനുസരിക്കുന്നതിന് ഇവ പകരമാകുമോ?

> പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; (1 യോഹ. 4:7).
>
> ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക (ഗലാ. 6:10).
>
> നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെ. 4:32).
>
> കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാന മായിരിപ്പിൻ (റോമ. 12:18).
>
> ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപ ദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ (മത്താ. 28:19).

ഒരിക്കലുമല്ല! ഒരു ‘‘യഥാർത്ഥ ക്രിസ്ത്യാനി’’ ആയിത്തീരുന്നതിന്, ഒരു വ്യക്തി കർത്താവ് കൽപ്പിച്ചിട്ടുള്ള എല്ലാ കൽപ്പനകളും പാലിക്കുന്നതിൽ അതീവ ഗൗരവം പുലർത്തേണ്ടതാണ്.

### പരിച്ഛേദനയെക്കുറിച്ച് എന്ത് പറയുന്നു? (2:25:27)

25 മുതൽ 29 വരെയുള്ള വചനങ്ങൾ അധിഷ്ഠിതമാക്കി നടത്തുന്ന അബദ്ധ ജഢിലമായ ന്യായവാദം നമുക്ക് തിരുത്തേണ്ടതുണ്ട്. ചില എഴുത്തുകാർ പറയുന്നത്, ഈ വചനങ്ങളിലൂടെ പൗലൊസ് ഉദ്ദേശിച്ചത് പരിച്ഛേദന യാതൊരു പരിണിത ഫലവുമില്ലാ ത്തതാണ് എന്നും അതിനാൽ പരിച്ഛേദന യേറ്റുവോ ഇല്ലയോ എന്നത് യാതൊരു വ്യത്യാ സവുമുണ്ടാക്കുന്നില്ലെന്നുമാണ്. ഇന്ന് പരിച്ഛേദനയ്ക്ക് യാതൊരു വിധത്തിലുമുള്ള ആത്മീയ പ്രാധാന ്യവും ഇല്ലെന്നുള്ളത് യാഥാർത്ഥ്യമാണെങ്കിലും (1 കൊരി. 7:19, ഗലാ. 5:6; 6:15), പൗലൊസ് നടത്തുന്ന അഭിപ്രായ പ്രകടനം, യേശുക്രിസ്തു ഭൂമിയിലേക്ക് വരുന്നതിന് മുൻപ് യഹൂദൻമാർക്കും വിജാതീയർക്കുമായി ദൈവം തയ്യാറാക്കിയിരുന്ന സംവിധാന ത്തിന്റെ പശ്ചാത്തലത്തിലാണ് എന്ന് നം വിസ്മരിക്കരുത്. ആ ക്രമീകരണത്തിൻ കീഴിൽ, ഒരു വിജാതീയൻ പരിച്ഛേദന ഏൽക്കുന്നത് പ്രധാനപ്പെട്ടതായിരുന്നില്ല എന്നാൽ അതേ

സമയം ഒരു യഹൂദന് അത് തികച്ചും പ്രധാനപ്പെട്ടതായിരുന്നു. ഒരു യഹൂദ ആൺ കുട്ടി പരിച്ഛേദനയ്ക്ക് വിധേയനായിട്ടി ല്ലെങ്കിൽ, അവന് പെസഹ ആചരിക്കുന്നതിന് കഴിയുമായിരുന്നില്ല (കാണുക പുറ. 12:48) അല്ലെങ്കിൽ ദേവാലയത്തിലേക്ക് പോകുന്നതിന് സാധിക്കുമായിരുന്നില്ല (യെഹെ. 44:9); അവനെ അവന്റെ "ജനത്തിനിടയിൽ നിന്ന് നീക്കിക്കളയേണ്ടി"യിരുന്നു (ഉല്പ. 17:14). ലാർഡ് എഴുതി,

> ... നാം പരസ്പരമുള്ള വ്യത്യാസം അവഗണിക്കരുത്. ഒരു യഹൂദൻ പരിച്ഛേദന ഏൽക്കാതിരിക്കുന്നതും ഒരു വിജാതീയൻ പരിച്ഛേദന ഏൽക്കാതിരിക്കുന്നതും ഒരേ പോലെയല്ല. അത്തരമൊരു സാഹചര്യത്തിൽ, യഹൂദൻ ദൈവീക ഉടമ്പടി ലംഘിക്കുകയാണ് ചെയ്തത്, എന്നാൽ വിജാതീയനെ സംബന്ധിച്ചിടത്തോളം അങ്ങനെയല്ല. എങ്കിൽത്തന്നെയും, ഒരു യഹൂദൻ പരിച്ഛേദന ഏറ്റതിന് ശേഷം ന്യായപ്രമാണം പാലിക്കുന്നില്ലെങ്കിൽ, ആ വ്യക്തിയുടെ പരിച്ഛേദന പ്രയോജന രഹിതമായിത്തീരുന്നു.[95]

പൗലൊസിന്റെ ഉപദേശം ഇങ്ങനെ അവതരിപ്പിക്കാമായിരിക്കാം: ഉടമ്പടിയുടെ "അടയാളം" ഇല്ലാതെ, ആ ഉടമ്പടി പാലിക്കുന്നതിൽ ബദ്ധശ്രദ്ധ പുലർത്തുന്ന ഒരു വ്യക്തി, "അടയാളം" ഉണ്ടായിരിക്കുകയും എന്നാൽ അത് പാലിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തിയേക്കാൾ മികച്ച ആത്മീയ നിലവാരത്തിലാണ്. ഈ സത്യത്തിന്റെ വേദപുസ്തകപരമായ ഒരു ചിത്രം ലഭിക്കുന്നതിന് ഇത് സഹായിക്കില്ലേ? പരിച്ഛേദനയുടെ "അടയാളം" ഇല്ലാത്ത വിജാതീയനായ പട്ടാളക്കാരൻ കൊർന്നേല്യോസിനെക്കുറിച്ച് ചിന്തി ക്കുക (അ. പ്രവൃത്തി. 10: 1, 2). പരിച്ഛേദനയുടെ അടയാളം ഉണ്ടായിരുന്ന യഹൂദ മഹാപുരോഹിതനായിരുന്ന കയ്യഫായുടെ (മത്താ. 26:3, 4, 57, 62–68) സ്വഭാവവുമായി, കൊർന്നല്യോസിന്റെ സ്വഭാവം താരതമ്യം ചെയ്യുക.

**വിജാതീയരും യഹൂദരും (2:25-27)**

ലിഖിത രൂപത്തിലുള്ള നിയമം ഇല്ലാതിരുന്ന വിജാതീയർക്ക്, അതിന്റെ ചില ചട്ടങ്ങൾ പാലിക്കുന്നതിന് സാദ്ധ്യമായിയെങ്കിൽ, തീർച്ചയായും ലിഖിത നിയമം ഉണ്ടായിരുന്ന യഹൂദന് അത് പാലിക്കുന്നതിന് കഴിഞ്ഞിരിക്കണമായിരുന്നു. നൽകിയിരിക്കുന്ന ദൗത്യത്തെക്കുറിച്ച് പരാതിപ്പെടുന്ന ഒരു കൗമാരക്കാരനെക്കുറിച്ച് എനിക്കിപ്പോൾ ഓർമ്മ വരുന്നു, "ഇത് ഏറെ ദുഷ്കരമാണ്." അവന്റെ പിതാവ് മറുപടി പറയുന്നു, "അവിടെയുള്ള ആ മനുഷ്യനെ നോക്കൂ, വലിപ്പത്തിൽ നിന്റെ പകുതിയേയുള്ളു; അയാൾ അത് ചെയ്യുന്നുണ്ടല്ലോ!" അത് ഏറെ ലജ്ജാകരമായിരിക്കും.

**അകത്തും പുറത്തും (2:28, 29)**

റോമർ 2:28, 29 എഴുതിയപ്പോൾ പൗലോസിന്റെ മുഖ്യമായും മനസ്സിലുണ്ടായിരുന്നത് ശാരീരികപരമായി യഹൂദൻമാരായവരായിരുന്നു. ഫലത്തിൽ അദ്ദേഹം ഇങ്ങനെ പറയുകയായിരുന്നു, "നിങ്ങൾ സ്വയം ഒരു യഹൂദൻ എന്ന് വിളിച്ചേക്കാം. എന്നാൽ, നിങ്ങൾ അകത്തെപ്പോലെ പുറത്തും ആയിത്തീരുന്നില്ലെങ്കിൽ, നിങ്ങൾ ഒരു യഥാർത്ഥ യഹൂദൻ ആയിത്തീരുന്നില്ല.

എങ്കിലും, ക്രിസ്തീയ വിശ്വാസികൾ അബ്രഹാ മിന്റെ ആത്മീയ സന്തതികൾ ആണ് (കാണുക 4:12, 16). എന്ന് പൗലൊസ് പിന്നീട് പഠിപ്പിക്കുവാൻ പേ ാകുന്നതിന്റെ ഒരു പ്രതിഫലനമായിരുന്നേക്കാം ഈ ഭാഗം. ഉദാഹര ണമായി, വാക്യം 29-ലെ "ആത്മാവ്" പരിശുദ്ധാത്മാവിനെക്കുറിച്ചാണ് പരാമർശിക്കുന്ന തെങ്കിൽ, യഹൂദൻമാരേക്കാൾ ഇത് കൂടുതൽ അർത്ഥവത്ത ാകുന്നത് ക്രിസ്തീയ വിശ്വാസികൾക്കാണ്. കൂടുതലായി, പൗലൊസ് പിന്നീടുള്ള ലേഖനങ്ങളിൽ, ക്രിസ്തീയ വിശ്വാസികളെ *"യഥാർത്ഥ പരിച്ഛേദനക്കാർ"* എന്ന് പരാമർശി ക്കുന്നുവെന്ന് നമുക്ക് അറിയാം (ഫിലി. 3:3; കാണുക കൊലൊ. 2:11).[96]

ആത്മീയ യിസ്രായേലിനെക്കുറിച്ചു കൂടി പൗലൊസിന്റെ *മന സ്സിലുണ്ടായിരുന്നുവെങ്കിലും ഇല്ലെങ്കിലും,* ശാരീരികമായി യിസ്രായേൽ ആയിരുന്നവരെ പൗലൊസ് പഠിപ്പിച്ച ഒരു പാഠം ക്രിസ്തീയ വിശ്വാസികളായ നാം തീർച്ചയായും പഠിക്കേണ്ടതാണ്: പുറത്ത് ദൃശ്യമായവ പാലിക്കുന്നതു മാത്രം ഒരിക്കലും മതിയാകുന്നില്ല; *ഹൃദയത്തിൽ* ചിലവ സംഭവിച്ചേ മതിയാകൂ. ഉദാഹരണമായി, ഒരു മനുഷ്യൻ സ്നാനമേൽക്കുന്നതിനായി വെള്ളത്തിൽ പൂർണ്ണമായും നിമഞ്ജനം ചെയ്യപ്പെടുന്നു; എന്നാൽ അയാൾ ''ഹൃദയ ത്തിൽ നിന്ന്'' (6:17, 18; കാണുക 6: 3, 4) അനുസരിക്കുന്നില്ലെങ്കിൽ, യഥാർത്ഥത്തിൽ സംഭവിക്കുന്നത് അയാൾ അപ്പാടെ നനയുന്നുവെന്നത് മാത്രമാണ്. ഒരു വ്യക്തി കർത്തൃമേശയിൽ പങ്കെടുത്തേക്കാം - പുളിപ്പില്ലാത്ത അപ്പം കഴിക്കുകയും മുന്തിരിച്ചാർ കുടിക്കുകയും - എന്നാൽ, ആ വ്യക്തി ആ പ്രതീകങ്ങളുടെ അർത്ഥതലത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാത്തിടത്തോളം അയാൾ ''ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു'' (1 കൊരി. 11:29; കാണുക 11:23-30). സംഗീതോപകരണങ്ങളുടെ അകമ്പടിയി ല്ലാതെ ഒരു വ്യക്തി സ്തുതി ഗീതങ്ങൾ പാടിയേക്കാം; എന്നാൽ ''ആത്മാവ് കൊണ്ടു പാടുന്നതിന ും ബുദ്ധി കൊണ്ടു പാടുന്നതിനും" (1 കൊരി. 14:15) അയാൾ പരാജയപ്പെടു ന്നുവെങ്കിൽ, അയാൾ വെറും ശബ്ദം മാത്രം ഉണ്ടാക്കുകയാണ്. ഒരു വ്യക്തി ഏറെ വാക്ചാതുര്യത്തോടെ പ്രസംഗിച്ചേക്കാം, വളരെ ചുറുചുറുക്കോടെ ജോലിയെടു ത്തേക്കാം, ത്യാഗപൂർണ്ണമായി പണം നൽകിയേക്കാം; എന്നാൽ അയാൾ അത് ഹൃദയത്തിൽ സ്നേഹമില്ലാതെ യാണെങ്കിൽ, അവ അയാളെ സംബന്ധിച്ചിടത്തോളം ഒരു പ്രയോജനവുമില്ല ാതായിത്തീരുന്നു (കാണുക 1 കൊരി. 13: 1-3). "യഥാർത്ഥ ക്രിസ്തീയ വിശ്വാസി"യായിത്തീരുന്നതിനായി, നമുക്ക് *കാര്യങ്ങൾ ശരിയായി ചെയ്യുക* മാത്രമല്ല, ഒപ്പം *ശരിയായ വിധത്തിൽ* ചെയ്യേണ്ടതും പ്രധാനമാണ് - അതായത് അവ നമുക്ക് ഹൃദയത്തിൽ നിന്ന് ചെയ്യേണ്ടതുണ്ട്.

''മാത്രമല്ല,'' ''ഒപ്പം'' എന്നീ വാക്കുകൾ ഞാൻ ഉപയോഗിച്ചത് ശ്രദ്ധിക്കുക. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനായി, പുറത്തും അകത്തും നാം കുറ്റമറ്റതാ യിരിക്കേണ്ടതാണ്. ഒരാൾ ''പുറത്ത്'' കുറ്റമറ്റ വ്യക്തിയാണോ അല്ലയോ എന്നുളളത് അപ്രധാനമാണ്; ''അകത്ത്'' എങ്ങനെയായിരിക്കുന്നുെ വന്നതിനാണ് പ്രാധാന്യം എന്ന് പഠിപ്പിക്കുന്നതിനായി റോമർ 2:28, 29 തെറ്റായി വ്യാഖ്യാനിക്കാറുണ്ട്. ഉദാഹരണമായി, റോമർ 2:28, 29-ന്റെ പ്ര ഥമ സന്ദേശം, ''അക്ഷരത്തിന് എതിരേ ആത്മാവ്''ആണ് എന്ന് ചിലർ ശഠിക്കുന്നു. ''അക്ഷരത്തിന്റെ നിയമ'' (വേദപുസ്തകം പറയുന്നതു പോലെ) - ത്തിന് പരിണിത ഫലമൊന്നുമില്ല, ''ആത്മാവിന്റെ നിയമ'' (ഉദ്ദേശ്യ ശുദ്ധി

ഉണ്ടായിരിക്കുക) – ത്തിനാണ് പ്രാധാന്യം എന്ന അന്തിമ നിഗമനത്തിൽ ഇവർ എത്തിച്ചേരുന്നു. പഴയ നിയമ സംവിധാനം അനുസരിച്ച്, ഒരു യഹൂദൻ പരിഛേ്ഛദന ഏൽക്കുന്നതോ ഏൽക്കാതിരിക്കുന്നതോ ''പരിണിത ഫലമൊന്നും ഉണ്ടാക്കാത്ത താണ്'' എന്ന് പൗലൊസ് പഠിപ്പിച്ചുവോ? ഇല്ല! ഒരു യഹൂദ ആൺകുട്ടിയുടെ പരിച്ഛേദന നടത്തപ്പെടുമെന്നുള്ളത് പ്രത്യേക വിശദീകരണമൊന്നുമില്ലാതെ *മനസ്സിലാക്ക പ്പെടുന്നതാണ്.* യഹൂദൻമാർക്ക് ശാരീരിക പരിച്ഛേദന മാത്രം മതിയാകില്ല എന്ന് ഊന്നിപ്പറയുകയായിരുന്നു പൗലൊസിന്റെ ഉദ്ദേശ്യം; ഒരു യഹൂദന് ഹൃദയത്തിന്റെ പരിച്ഛേദ*നയും* ആവശ്യമാണ്.

ദൈവീക പദ്ധതിയിൽ സ്നാനത്തിനുള്ള സ്ഥാനത്തെക്കുറിച്ചുള്ള വേദപുസ്തക പഠിപ്പിക്കലിനെ ആക്രമിക്കുന്നതിനുള്ള ഒരു അവസരമായി മറ്റുള്ളവർ റോമർ 2:28, 29 ഉപയോഗിക്കുന്നു. ഇവിടെ സ്നാനം പരാമർശി ക്കപ്പെടാത്തതിനാൽ, അത്തരത്തിൽ ഈ വാക്യത്തെ ഉപയോഗിക്കുന്നത് സ്വാഭാവികമായും സംശയമുണർത്തുന്നതാണ്. ഒരു വിഷയത്തെക്കുറിച്ച് വേദപുസ്തകം എന്താണ് പഠിപ്പിക്കുന്നത് എന്ന് കണ്ടെത്തു ന്നതിന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ആ വിഷയത്തെക്കുറിച്ച് പരാമർശിക്കുന്ന വചനഭാഗങ്ങളിലേക്ക് പോകുക, അല്ലാതെ അതിനെക്കുറിച്ച് പരാമർശിക്കാത്ത ഒരു വചന ഭാഗത്തേക്കല്ല. സ്നാനത്തെക്കുറിച്ച് പൗലൊസ് പഠിപ്പിച്ചതെന്താണ് എന്ന് കണ്ടെത്തു ന്നതിനായി, റോമർ 6:3–7 അല്ലെങ്കിൽ ഗലാത്യർ 3:26, 27 എന്നീ വചന ഭാഗങ്ങളിലേക്ക് പോകുക; അല്ലാതെ റോമർ 2:28, 29–ലേക്കല്ല. എന്നിരുന്നാലും, സ്നാനത്തിന്റെ മഹത്വം കുറച്ചു കാട്ടുന്നതിനായി ചിലർ 28, 29 വാക്യങ്ങൾ ഉപയോഗിക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്.

''അക്ഷരത്തിന് എതിരേ ആത്മാവ്'' വീക്ഷണവുമായി ബന്ധപ്പെട്ടുള്ള ഇതിനോടകം തന്നെ പരാമർശിച്ചിട്ടുള്ള പൊതുവായ വാദങ്ങൾ ചിലർ നിരത്തുന്നു. ''അക്ഷരത്തിന്റെ നിയമ'' ത്തിന്റെ ഒരു ഭാഗമാണ് സ്നാനം എന്നും അതിനാൽ വലിയ പ്രാധാന്യമൊന്നും അതിനില്ല എന്ന് അവർ ശഠിക്കുന്നു. ''ഒരു മനുഷ്യന്റെ ആത്മാവ് (ഹൃദയം) ശരിയാണെങ്കിൽ,'' അവർ അന്തിമ നിഗമനത്തിലെത്തുന്നു, ''സ്നാനമേറ്റോ ഇല്ലയോ എന്നുള്ളത് താരതമ്യേന അപ്രധാനമാണ്.'' ഈ വാദത്തിന്റെ പ്രശ്നം, വാക്യങ്ങൾ 28, 29 എന്നിവയിൽ പൗലൊസ് അത്തരത്തിലൊരു അന്തിമ നിഗമനം നടത്തുന്നതായി ഒരു സൂചന പോലുമില്ലെന്നതാണ്. റോമർ 6 നാം പഠിക്കുമ്പോൾ, മനുഷ്യന്റെ വീണ്ടെടുപ്പിന ായി സ്നാനം ഒരു പ്രധാന പങ്കു വഹിക്കുന്നതായി പൗലൊസ് പഠിപ്പിക്കുന്നു.

മറ്റുള്ളവർ കൂടുതൽ നിർദ്ദിഷ്ടമായ വാദഗതിയാണ് ഉപയോഗിക്കുന്നത്. അവർ പരിഛേ്ഛദനയെ സ്നാനവുമായി താരതമ്യം ചെയ്യുന്നതിന് മുതിരുന്നു. അവരുടെ വാദം ഇങ്ങനെ പോകുന്നു:

> ഒരു യഹൂദ കുടുംബത്തിൽ ജനിക്കുന്നതാണ് ഒരു യഹൂദ ആൺകുട്ടിയെ ഒരു യഹൂദനാക്കിത്തീർക്കുന്നത്. എട്ട് ദിവസങ്ങൾക്ക് ശേഷം പരിഛേ്ഛദനയേൽ ക്കപ്പെടുന്നത്, ഒരുവൻ ഒരു യഹൂദന ാണ് എന്നുള്ളതിന്റെ വെറും ഒരു *അടയാളം* (അല്ലെങ്കിൽ ഒരു മുദ്ര) മാത്രമാണ് (കാണുക 4:11). അതിനാൽ, ദൈവത്തിന്റ ഒരു സന്താന മായിത്തീരുന്നതിൽ പരിച്ഛേദനയ്ക്ക് യാതൊരു പ്രസക്തിയുമില്ല.
>
> അങ്ങനെയാണെങ്കിൽ, ''വീണ്ടും ജനിക്കുന്നത്'' (യോഹ. 3:3) – അവർ

> പറയുന്നു, ''വിശ്വാസത്താൽ മാത്രമാണ്.'' അതാണ്, ഒരു വ്യക്തിയെ ദൈവത്തിന്റെ സന്താനമാക്കിത്തീർക്കുന്നത്. പിന്നീട് സ്നാനം ഏൽക്കുന്നത്, ഒരാൾ അതിനോടകം തന്നെ ദൈവത്തിന്റെ സന്താന മായിത്തീർന്നു കഴിഞ്ഞതിന്റെ ഒരു അടയാളം അല്ലെങ്കിൽ മുദ്ര മാത്രമാണ്. (ചിലർ, സ്നാനത്തെ ''ആന്തരികമായ കഴുകലിന്റെ ഒരു ബാഹ്യമായ അടയാളമായി'' പരാമർശിക്കാറുണ്ട്. അതിനാൽ, ഒരാൾ ദൈവത്തിന്റെ മകൻ/മകൾ ആയിത്തീരുന്നതിൽ സ്നാനത്തിൽ യാതൊരു പങ്കുമില്ല എന്ന് അവർ അവകാശപ്പെടുന്നു.

ഇത്തരമൊരു സമീകരണത്തിൽ നിരവധി തെറ്റുകൾ അടങ്ങിയിട്ടുണ്ട്. അവ ഓരോന്നായി കുടുക്കുകളഴിക്കുന്നതിന് എവിടെത്തുടങ്ങണമെന്ന് മന സ്സിലാക്കുക ദുഷ്കരമാണ്. വീണ്ടും ജനനം ''വിശ്വാസത്താൽ മാത്രം'' എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നില്ല. നാം ''വെള്ളത്താലും ആത്മാവിന ാലും ജനിക്കണം'' (യോഹ. 3:5). എന്ന് യേശു പറഞ്ഞു. സഭയുടെ ആദ്യ നൂറ്റാണ്ടുകൾ മുതൽ തന്നെ, യോഹ. 3:5-ലെ ''വെള്ളം'' ജലസ്നാനത്തെയാണ് സൂചിപ്പിക്കുന്നതെന്നതിൽ പൊതു അഭിപ്രായമു ണ്ടായിരുന്നു. പത്രൊസ് തന്റെ വായനക്കാരോട്, അവർ സത്യത്തെ *അനുസരിച്ചപ്പോൾ*, ''വീണ്ടും ജനിച്ചു'' (1 പത്രൊസ് 1:22, 23). എന്ന് പറഞ്ഞു. കൂടുതലായി, സ്നാനം രക്ഷയുമായി യാതൊരു ബന്ധമില്ലാത്ത, ഒരു ''അടയാളം'' അല്ലെങ്കിൽ ''മുദ്ര'' ആണ് എന്ന് വേദപുസ്തകം ഒരിക്കലും പറയുന്നില്ല. മറിച്ച്, യേശു പറഞ്ഞു, "വിശ്വസിക്കു*കയും* സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും'' (മർ. 16:16). പത്രൊസ് പറഞ്ഞു, "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോ രുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ" (അ. പ്രവൃത്തി. 2:38).

എങ്കിലും, നമുക്ക് സ്നാനത്തെയും പരിച്ഛേദനയേയും സമാസമം ആക്കുന്നതിനുള്ള ശ്രമങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാം. സ്നാനവും പരിച്ഛേദനയും സാമ്യപ്പെടുത്തു ന്നതിനുള്ള ഏത് ശ്രമവും കലാശിക്കുക അസംബന്ധത്തിലായിരിക്കും. യഹൂദൻമാർ മാത്രമേ പരിച്ഛേദനയേറ്റിരു ന്നുള്ളു; നാം യഹൂദൻമാരെ മാത്രം സ്നാനപ്പെടുത്തിയാൽ മതിയാകുമോ? ആൺകുട്ടികൾ മാത്രമാണ് പരിച്ഛേദനയേറ്റിരുന്നത്; നാം ആൺകുട്ടികളെ മാത്രം സ്നാനപ്പെടുത്തിയാൽ മതിയാകുമോ? സാധാരണയായി ശിശുക്കളെ യാണ് പരിച്ഛേദന നടത്തിയിരുന്നത്. നാം ശിശുക്കൾക്ക് മാത്രം സ്നാനം നൽകിയാൽ മതിയാകുമോ? (ചിലർ അവരുടെ പരിച്ഛേദന = സ്നാനം'' വാദഗതിയെ, ശിശുക്കൾക്ക് ''സ്നാനം'' നൽകുന്നതിനെ ന്യായീകരിക്കുന്ന തിനായി ഉപയോഗിക്കുന്നതിന് ശ്രമിക്കുന്നു).

എനിക്കറിയാവുന്നിടത്തോളം, വേദപുസ്തകത്തിലെ ഒരു വചന ഭാഗം മാത്രമാണ് സ്നാനവുമായുള്ള ബന്ധത്തിൽ പരിച്ഛേദനയെ സാദൃശ്യപ്പെടു ത്തുന്നത്. പൗലൊസ് കൊലോസ്യ സഭയ്ക്ക് എഴുതി:

> ...അവനിൽ (ക്രിസ്തുവിൽ) നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദന യാൽ ജഡ ശരീരം ഉരിഞ്ഞുകളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു. സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴു

ന്നല്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കയും ചെയ്തു. അതിക്രമ ങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ, അവനോടുകൂടെ ജീവിപ്പിച്ചു (കൊലൊ. 2:11–13).

ഈ വാക്യത്തിൽ, സ്നാനവും ആത്മീയ പരിച്ഛേദനയും ബന്ധമുള്ള താണ്, എന്നാൽ അവ ഒന്നു തന്നെയല്ല. സ്നാനം (ജലത്തിലുള്ള മുങ്ങൽ) ഒരു മാനുഷിക പ്രവർത്തിയാണ്; അതേ സമയം, ആത്മീയ പരിച്ഛേദന (പാപങ്ങളുടെ ക്ഷമ പ്രാപിക്കൽ ഉൾപ്പെടുന്നത്) ഒരു ദൈവീക പ്രവർത്തന മാണ്. ഒരാൾ സ്നാനം ഏൽക്കുന്നതിന്റെ ഫലമായി, ആത്മീക പരിച്ഛേദന നടക്കുന്നു – എന്നാൽ രണ്ട് പ്രവർത്തികളും വ്യത്യസ്തമാണ്.

സ്നാനം ഒരിക്കലും നമ്മുടെ രക്ഷയുടെ ഒരു അടയാളമോ മുദ്രയോ ആയി സൂചിപ്പിക്കപ്പെട്ടിട്ടില്ല. എന്നാൽ നമ്മുടെ ഉള്ളിൽ വസിക്കുന്ന ആത്മാവ് അങ്ങനെയാണ്. ‘‘അവൻ നമ്മെ മുദ്രയിട്ടും ആത്മാവു എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു.’’ (2 കൊരി. 1:22) എന്ന് പൗലൊസ് കൊരിന്ത്യ സഭയ്ക്ക് എഴുതി. എഫേസ്യർക്ക് അദ്ദേഹം ഇങ്ങനെ എഴുതുന്നു, “അവനിൽ (ക്രിസ്തുവിൽ) നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന്നു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചെക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു” (എഫെ. 1:13, 14). നാം കർത്താവിനെ അനുസരിക്കുകയും സ്നാനമേൽക്കുകയും ചെയ്യുമ്പോൾ (അ. പ്രവൃത്തി. 2:38; കാണുക 5:32). നമുക്ക് പരിശുദ്ധാത്മാവിന്റെ ‘‘മുദ്ര’’ നൽകുന്നു. ഒരു വ്യക്തിയെ എന്താണ് ഒരു യഹൂദനാക്കിത്തീർക്കുന്നതെന്നും ഒരു വ്യക്തിയെ എന്താണ് ഒരു യഥാർത്ഥ ക്രിസ്തീയ വിശ്വാസിയാക്കിത്തീർക്കുന്നതെന്നുമുള്ള പാരസ്പര്യ ബന്ധം കാണിക്കുന്നതിന് ഞാൻ മുതിരുന്നുവെങ്കിൽ, അത് ഇതേ പോലെയിരുന്നേക്കാം:

ഒരു യഹൂദ കുടുംബത്തിൽ ജനിക്കുന്നത് ഒരു യഹൂദ ആൺകുട്ടിയെ ഒരു യഹൂദനാക്കിത്തീർക്കുന്നു. അവൻ ഒരു യഹൂദനാണെന്നുള്ളതിന്റെ ഒരു അടയാളം അല്ലെങ്കിൽ മുദ്രയാണ് പരിച്ഛേദന.

പുതുജനനം (ജലസ്നാനമുൾപ്പടെയുള്ളത്; യോഹ. 3:5) ഒരു വ്യക്തിയെ ക്രിസ്തീയ വിശ്വാസിയാക്കിത്തീർക്കുന്നു. ഒരു വ്യക്തി വീണ്ടും ജനിക്കുമ്പോൾ, അയാൾ ഒരു ക്രിസ്തീയ വിശ്വാസിയാണ് (കാണുക റോമ. 8:9) എന്നതിന്റെ ഒരു അടയാളമായി അല്ലെങ്കിൽ മുദ്രയായി അയാൾക്ക് പരിശുദ്ധാത്മാവ് ലഭിക്കുന്നു (അ. പ്രവൃത്തി. 2:38).

തീർച്ചയായും, ഈ താരതമ്യം തികഞ്ഞതല്ല. പരിച്ഛേദന യഹൂദൻമാർക്കു വേണ്ടിയുള്ളതാണെന്നുള്ള വസ്തുതക്ക് പുറമേ, അവിടെ ഈ വ്യത്യാസവുമുണ്ട്: ഒരു ചട്ടമെന്ന നിലയിൽ, ശാരീരികമായ പരിച്ഛേദന നടന്നിരുന്നത് ശാരീരിക ജനനം നടന്നതിന് എട്ട് ദിവസങ്ങൾക്ക് ശേഷമാണ്.

എന്നാൽ നാം വെള്ളത്താലും ആത്മാവിനാലും *ജനിക്കുന്ന സമയത്താണ്* ദൈവം നമുക്ക് പരിശുദ്ധാത്മാവിനെ നൽകുന്നത്, എട്ട് ദിവസങ്ങൾക്ക് ശേഷമല്ല. എന്നിരുന്നാലും, ഈ രണ്ട് പ്രക്രിയകളും തമ്മിൽ സമാനതകളുണ്ട്.

ഒരു യഹൂദന് ''ഒരു യഥാർത്ഥ യഹൂദൻ'' ആയിത്തീരുന്നതിനായി, അയാൾക്ക് ശരീരത്തിൽ പരിച്ഛേദന ഏൽക്കുന്നതു കൊണ്ടു മാത്രം മതിയായിരുന്നില്ല; അയാൾ ഹൃദയത്തിലും പരിച്ഛേദന ഏൽക്കേണ്ടിയിരുന്നു. അയാളുടെ ഹൃദയം ദൈവത്തിൽ ഉറച്ചിരിക്കേണ്ടതുണ്ടായിരുന്നു. അയാൾക്ക് ദൈവത്തിന് സമർപ്പിക്കപ്പെടേണ്ടതു ണ്ടായിരുന്നു. ഇതേ വിധത്തിൽ തന്നെ, ''യഥാർത്ഥ ക്രിസ്തീയ വിശ്വാസികൾ'' ആയിത്തീരുന്നതിനായി, ബാഹ്യമായി ''ശരിയായിരിക്കുക'' മാത്രമല്ല, ഉള്ളിലും നാം ''ശരിയായിരിക്കേണ്ട'' താണ്.

പുതിയ നിയമ ക്രൈസ്തവത പുനരുദ്ധരിക്കുന്നതിനുള്ള വെല്ലുവിളി ഏറ്റെടുക്കു ന്നതിന് ഞാൻ പ്രതിഞ്ജാബദ്ധമാണ്. പുനരുദ്ധാരണത്തിന്റെ ഒരു വശം ബാഹ്യമാണ്: നാം ''ദൈവ വചനപരമായ കാര്യങ്ങൾ, ദൈവചനം അനുശാസിക്കുന്ന വിധത്തിൽ'' തന്നെ ചെയ്യേണതുണ്. അതേ സമയം തന്നെ, ആന്തരികമായതിനെ അവഗണിച്ചു കൊണ്, ബാഹ്യമായതിന് കൂടുതൽ ഊന്നൽ നൽകുന്ന എപ്പോഴുമുണാകാവുന്ന ഒരു അപ കടത്തെക്കുറിച്ച് ഞാൻ ബോധവാനുമാണ്. എല്ലാറ്റിനുമുപരി, ഒന്നാം നൂറ്റാണിലെ കൈസ്ര്തവതവയുടെ രൂപങ്ങൾ പുന: സ്ഥാപിക്കുന്നത്, ആത്മാവിനെ പുന:സ്ഥാപിക്കു ന്നതിനേക്കാൾ കൂടുതൽ എളുപ്പമാണല്ലോ. അതിനാൽ, "യഥാർത്ഥ ക്രിസ്തീയ വിശ്വാസി കൾ" ആയിത്തീരു ന്നതിന ായി, നാം പുറത്ത് മാത്രമല്ല "ശരി" ആയിത്തീരേണത്, അകത്തും നാം "ശരി" യായിത്തീരേണതുണ് എന്ന് ഞാൻ വീണ്ടും പറയുകയാണ്!

നിങ്ങൾക്ക് ''ബാഹ്യപരമായ ഒരു ആവശ്യകത'' അല്ലെങ്കിൽ ''ആന്തരികമായ ഒരു ആവശ്യകത'' ഉണെങ്കിൽ, ഇന്നു തന്നെ അതിന് പരിഹാരം കണെത്തൂ! ക്രിസ്തുവിലേക്ക് വരൂ, യേശുവിന്റെ രക്തം ഓരോ പാപത്തിൽ നിന്നും ന ിങ്ങളെ കഴുകുന്നതിന് അനുവദിക്കൂ (6:3–7; ഗലാ. 3:26, 27; കൊലൊ. 1:14; 1 യോഹ. 1:7, 9)!

## ഒരു സംക്ഷിപ്തം

റോമർ 1–ൽ, ദൈവം വിജാതീയർക്ക് വെളിപ്പാടുകൾ നൽകാതെയിരു ന്നിട്ടില്ല എന്ന് പൗലൊസ് ഊന്നിപ്പറയുന്നു. യഹൂദർ അല്ലാത്തവർക്ക് ദൈവം വ്യത്യസ്ത വഴികളിൽ സ്വയം വെളിപ്പെടുത്തിയിട്ടുണ്ടായിരുന്നു. "പിതാമഹൻ മാരിൽ നിന്ന് കൈമാറിക്കിട്ടിയ പാരമ്പര്യങ്ങൾ" ആയി ചിന്തിക്കപ്പെട്ടേക്കാമ ായിരുന്ന ആ വെളിപ്പാടിൽ ബലി അർപ്പിക്കേണ്ട ആവശ്യകതയും ഉൾപ്പെട്ടി രുന്നു. എങ്കിൽത്തന്നെയും ആ പാരമ്പര്യ ങ്ങളുടെ ഓർമ്മ മങ്ങിയെങ്കി ൽക്കൂടിയും, സൃഷ്ടിക്കപ്പെട്ട ലോകത്ത് വിജാതീയർക്ക് അപ്പോഴും ദൈവീക സാന്നിദ്ധ്യത്തിന്റെ തെളിവുകളുണ്ടായിരുന്നു (1:18–20).

യഹൂദരായവരല്ലാത്തവർ ദൈവം മനസ്സാക്ഷി നൽകിയതിനാൽ, മോശയുടെ ന്യായപ്രമാണത്തിന്റെ ചില ധാർമ്മിക വശങ്ങൾ അന്ത:പ്രേ രിതമ ായി പാലിച്ചുവെന്ന് അദ്ധ്യായം 2–ൽ പൗലൊസ് കൂട്ടിച്ചേർത്തു. "ഒരു വ്യക്തിയും ഒരിക്കലും ദൈവത്തിന്റെ മുൻപിൽ നിയമം ഇല്ലാതെയിരി ക്കുന്നില്ല!"[97] എന്ന് തോമസ് ശഠിക്കുന്നു. യഹൂദൻമാർ അവരുടെ നിയമം തികവോടെ പാലിച്ചിരുന്നില്ലെങ്കിൽ, അവർക്ക് രക്ഷയുടെ ആവശ്യകത ഇല്ലായി

രു്ന്നു. വിജാതീയർ, അവരുടെ നിയമം ശ്രദ്ധയോടെ പാലിച്ചിരുന്നുവെങ്കിൽ, അവർക്കായി യേശു ക്രൂശിൽ മരിക്കേണ്ട ആവശ്യമില്ലാ യിരുന്നു. ദൈവം അവർക്ക് നൽകിയ വെളിച്ചമനുസരിച്ച് *രണ്ട് വിഭാഗങ്ങളും* ജീവിച്ചില്ലെന്നാണ് റോമാ ലേഖനത്തിന്റെ ആദ്യ അദ്ധ്യായങ്ങളിൽ പൗലൊസിന്റെ വാദം. അതിന ാൽ, എല്ലാ ആളുകൾക്കും – യഹൂദനും വിജാതീയർക്കും – എപ്പോഴും ദൈവ നീതിയുടെ ആവശ്യമുണ്ട്!

---

കുറിപ്പുകൾ

[1]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 119. [2]D. Stuart Briscoe, *Romans*, The Communicator's Commentary (Waco, Tex.: Word Books, 1982), 58. [3]Vine, 388. [4]Adapted from William Barclay, *The Letter to the Romans*, rev. ed., The Daily Study Bible (Philadelphia: Westminster Press, 1975), 41. [5]Quoted in Barclay, 41. [6]Ibid. [7]Mishnah *Sanhedrin* 10.1. [8]Akedath Jizehak; quoted in Charles Hodge, *Romans*, The Crossway Classic Commentaries (Wheaton, Ill.: Crossway Books, 1993), 60. [9]John MacArthur, Jr., *Romans 1—8*, The MacArthur New Testament Commentary (Chicago: Moody Press, 1991), 120. [10]Verses 7 and 8 each have an "ellipsis" in them. This means that words must be supplied to complete the thought. In this case, the idea that "God will render" from verse 6 must be supplied in verses 7 and 8.

[11]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 84. [12]Vine, 462. [13]Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 116. [14]F. Büchsel, "*eritheía*," in *Theological Dictionary of the New Testament*, ed. Gerhard Kittel and Gerhard Friedrich, trans. and abr. Geoffrey W. Bromiley (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 256. [15]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 75. [16]Vine, 26. [17]Moo, 75. [18]Vine, 17. [19]Ibid., 27. [20]C. K. Barrett, *A Commentary on the Epistle to the Romans*, Harper's New Testament Commentaries (N.p.: Harper & Row, 1957; reprint, Peabody, Mass.: Hendrickson Publishers, 1987), 51.

[21]In the Greek text, there is no definite article before this "Law," but there is one before the next "Law." The context indicates that both refer to the law of Moses. [22]C. G. Wilke and Wilibald Grimm, *A Greek-English Lexicon of the New Testament*, trans. and rev. Joseph Henry Thayer (Edinburgh: T. & T. Clark, 1901; reprint, Grand Rapids, Mich.: Baker Book House, 1977), 660. [23]Because of similarity in wording, some conclude that Romans 2:14, 15 is the fulfillment of the Lord's promise in Jeremiah 31:31–34. Some of the wording is the same, but Paul had in mind the Gentiles' "natural" law during the old covenant (testament) period, while the passage in Jeremiah referred to the Christians' revealed "new covenant"—the new testament of Jesus Christ (see Heb. 8:7–13). [24]*The Analytical Greek Lexicon* (London: Samuel Bagster & Sons, 1971), 213. [25]Vine, 122. [26]Walter Bauer, *A Greek-English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 967. [27]Morris, 128. [28]Alfred Tennyson, "Sea Dreams," *The Works of Tennyson*, ed. Hallam Tennyson (New York: Macmillan Co., 1923), 155. Tennyson (1809–1892) was the preeminent English poet of his time. [29]Quoted in Bruce Barton, David Veerman, and Neil Wilson, *Romans*, Life Application Bible Commentary (Wheaton, Ill.: Tyndale House Publishers, 1992), 51. [30]Briscoe, 63–64.

[31]Larry Deason, *"The Righteousness of God": An In-depth Study of Romans*, rev. ed. (Clifton Park, N.Y.: Life Communications, 1989), 81. [32]Vine, 71. [33]Morris, 131. [34]See Vine, 328. [35]Morris, 132; Vine, 35. The word is translated "see fit" in 1:28. [36]See Morris, 132; Vine, 214. [37]See Jay Lockhart and David L. Roper, *Ephesians and Philippians*, Truth for Today Commentary (Searcy, Ark.: Resource Publications, 2009), 394–95. [38]Ibid., 443. [39]C. E. B. Cranfield, *Romans: A Shorter Commentary* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 55. [40]J. W. McGarvey and Philip Y. Pendleton, *Thessalonians, Corinthians, Galatians and Romans*,

The Standard Bible Commentary (Cincinnati: Standard Publishing, n.d.), 314.

[41]Adapted from Moses E. Lard, *Commentary on Paul's Letter to Romans* (Lexington, Ky.: N.p., 1875; reprint, Delight, Ark.: Gospel Light Publishing Co., n.d.), 94. [42]Morris, 137; see Talmud *Abodah Zarah* 53b; Mishnah *Abodah Zarah* 4.5. [43]Josephus Antiquities 18.3.5. [44]Richard A. Batey, *The Letter of Paul to the Romans*, The Living Word Commentary (Austin, Tex.: R. B. Sweet Co., 1969), 41. [45]Hodge, 59–60. [46]Morris, 131. [47]John D. White, Sr., Class Notes, *Romans*, Tri-State School of Preaching and Biblical Studies, Evansville, Indiana (1988). [48]Many writers also point out the sentiment is that of Ezekiel 36:20, 21. [49]F. F. Bruce, *The Letter of Paul to the Romans*, 2d ed., The Tyndale New Testament Commentaries (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 88. [50]Adapted from Stott, 92.

[51]Lard, 95. [52]Rudyard Kipling, "The Disciple," *Rudyard Kipling's Verse*, def. ed. (Garden City, N.Y.: Doubleday and Co., 1940), 782. Kipling (1865–1936) was a celebrated English novelist, short-story writer, and poet. [53]Vine, 102. [54]Circumcision was so important to the Jews that it became a major issue in the early church. Some Jewish Christians insisted that Gentiles should be circumcised (see Acts 15:1). [55]Quoted in Briscoe, 71; see Mishnah *Sanhedrin* 10.1. [56]Quoted in Stott, 92. [57]Quoted in MacArthur, 160. [58]Morris, 140, n. 151. [59]Vine, 340. [60]Morris, 140.

[61]Vine, 133. *Logizomai* is a key word in chapter 4. [62]Stott, 93. [63]Adapted from Morris, 141. [64]*The Analytical Greek Lexicon*, 82. [65]McGarvey and Pendleton, 316. [66]A plural of κρυπτός (*kruptos*) is translated "secrets" in 2:16. [67]Later in Romans, especially in chapter 8, Paul spoke of the work of the Holy Spirit in the lives of Christians; but in chapter 2 he was talking about God's working in the hearts of Jews. [68]Morris, 142. [69]Will L. Thompson, "There's a Great Day Coming," *Songs of the Church*, comp. and ed. Alton H. Howard (West Monroe, La.: Howard Publishers, 1977). [70]Adapted from J. W. MacGorman, *Layman's Bible Book Commentary*, vol. 20, *Romans, 1 Corinthians* (Nashville: Broadman Press, 1980), 32.

[71]Charles R. Swindoll, *Coming to Terms with Sin: A Study of Romans 1—5* (Anaheim, Calif.: Insight for Living, 1999), 31. [72]Jimmy Allen, *Survey of Romans*, 7th ed. (Searcy, Ark.: By the author, 1994), 44. [73]Stott, 83–84. [74]Morris, 116. [75]J. D. Thomas, *Romans*, The Living Word (Austin, Tex.: R. B. Sweet Co., 1965), 19. [76]MacArthur, 128 (emphasis added). [77]Thomas, 19 (emphasis added). [78]Adapted from Briscoe, 56. [79]Prentice Meador, Jr., untitled sermon preached at Prestoncrest church of Christ, Dallas, Texas, n.d., cassette. [80]The word "conscience" is not found in Romans 14 and 15, but the concept is at the heart of much of what Paul said there (see 14:14, 23).

[81]Many of the remarks in this section are taken from "Acts, 11," *Truth for Today* 17, no. 2 (July 1996): 29–43. [82]*The Interlinear Greek-English New Testament: The Nestle Greek Text with a New Literal English Translation by Alfred Marshall* (London: Samuel Bagster & Sons, 1958), 580 (emphasis added). [83]Moo, 126. [84]Stott, 86. [85]Batey, 38. [86]Chris Bullard, "A Universe in Reverse," sermon preached at Overland Park church of Christ, Overland Park, Kansas, 10 February 1991, cassette. [87]Thomas, 15. [88]"According to my gospel" could mean that we will be judged according to the truth found in the gospel (see Jn. 12:48), but here it probably means that the gospel story includes the fact that we will be judged. [89]"Voltaire" (1694–1778) was the pen name of Franćois-Marie Arouet, a celebrated French writer. [90]Adapted from Moo, 80. This statement has also been attributed to the German philosopher Heinrich Heine (1797–1856).

[91]Adapted from David F. Burgess, comp., *Encyclopedia of Sermon Illustrations* (St. Louis: Concordia Publishing House, 1988), 53. [92]Vine, 520. [93]Stott, 67. [94]John Fawcett, "The Precious Book Divine," *Songs of Faith and Praise*, comp. and ed. Alton H. Howard (West Monroe, La.: Howard Publishing Co., 1994). [95]Lard, 97. [96]Many passages show that today the church is "spiritual Israel." In 1 Corinthians 10:1, Paul wrote to a Gentile congregation about the Jews in the wilderness and called them "*our* fathers" (emphasis added). [97]Thomas, 14.